അങ്ങനെ ചെയ്താൽ തന്നെയും തൊഴിലാളികൾക്കു ഈ ഏപ്രിൽ ഒന്നാം തീയതി മുതൽ ചെത്താൻ പാടില്ല. കാരണം, അതിനു ലൈസൻസില്ല. അങ്ങനെ വിഷമം പിടിച്ച ഈ ഏർപ്പാടുകൾ ഒക്കെ ചെയ്താൽ തന്നെയും പുതിയതായി തെങ്ങുകൾ ഒരുക്കി ചെത്തു തുടങ്ങുന്നതിനു ഒരു മാസം പിടിക്കും. അത്രയും കാലം ഈ തൊഴിലാളികൾ തൊഴിൽ ഇല്ലാതെ വിഷമം അനുഭവിക്കേണ്ടി വരും. അങ്ങനെ വിഷമം പിടിച്ച ഒരു പരിതഃസ്ഥിതി അവിടെ വന്നുചേർന്നിട്ടുണ്ട്. ഇതിനെ സംബന്ധിച്ചുണ്ടായിട്ടുള്ള ആക്ഷേപങ്ങൾ ഗവൺമെന്റു പരിശോധിക്കേണ്ടതാണ്.

എനിക്കു ഈയവസരത്തിൽ ഏറ്റവും പ്രധാനമായി ചൂണ്ടിക്കാണിക്കുവാനുള്ളതു് ഈ ഏപ്രിൽ ഒന്നാം തീയതി മുതൽക്കു ജോലിയില്ലാതാകുന്ന ചെത്തു തൊഴിലാളികൾക്കു ജോലി കൊടുക്കാൻ സത്വരമായി ഗവൺമെന്റു നടപടിയെടുക്കണം എന്നുള്ളതാണ്. ലൈസൻസു ഇല്ലാതെ തന്നെ ചെത്താൻ അനുവദിക്കുകയോ, അല്ലാത്തപക്ഷം ലൈസൻസു കൊടുക്കാൻ എന്തെങ്കിലും വഴിയുണ്ടെങ്കിൽ അതു ചെയ്യുകയോ ചെയ്യണം. ഈ ഏപ്രിൽ ഒന്നാം തീയതി മുതൽക്കു അവർക്കു തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനുള്ള നടപടികൾ സത്വരമായി ഗവൺമെന്റു സ്വീകരിക്കണം എന്നു അഭ്യർത്ഥിക്കുന്നു.

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ): നാളെ മറുപടി പറയാം.

## PAPERS LAID ON THE TABLE

*Minister for Law and Revenue* (**Shri T. A. Thomman**):

Sir, I lay on the Table a Copy of Notification G. O. (P) No. 200/Rev. dated 23rd March 1964 (S. R. O. No. 71/64) issued by the Government under Section 7 of the Kerala Land Assignment Act, 1960 (Act 30 of 1960) containing the Kerala Land Assignment Rules, 1964.

I also lay on the Table a copy of Notification No. 10033/N/64. Revenue dated 25th March 1964 (S. R. O. No. 76/64) issued by the Government under Section 129 of the Kerala Land Reforms Act 1963 (Act I of 1964) containing the Kerala Land Reforms (Tenancy) Rules, 1964.

## PRESENTATION OF REPORTS.

### Second Report of the Public Accounts Committee

**Shri P. Balachandra Menon:** Sir, I, Chairman, Public Accounts Committee, present the Second Report of the Committee on the Appropriation Accounts 1961-62 and the Audit Report 1963.

## LEGISLATIVE BUSINESS

### The Kerala Appropriation (No. 2) Bill, 1964.

*Chief Minister* (**Shri R. Sankar**). Sir, I introduce the Kerala Appropriation (No. 2) Bill, 1964.

**Mr. Speaker:** The Bill stands introduced.

*Chief Minister* (**Shri R. Sankar**): Sir, I move that the Kerala Appropriation (No. 2) Bill, 1964 be taken in to consideration.

*Minister for Industries & Local Administration* (**Shri K. A. Damodara Menon**) : I second it.

LIBRARY ARCHIVES Kerala Legislative Assembly

**ശ്രീ. ആർ. സുഗതൻ:** മി. സ്പീക്കർ സർ, ഈ ഗവൺമെന്റ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള അപ്രോപ്രിയേഷൻ ബില്ലിനെ ഞാൻ എതിർക്കുകയാണ്, ധനവിനിയോഗബിൽ എന്നാണ് ഇതിന്റെ പേര്. എന്നാൽ ഈ ഗവൺമെന്റിന്റെ ധനവിനിയോഗത്തെ സംബന്ധിച്ചിടത്തോളം അതു ഫലപ്രദമായിട്ടില്ല. നേരെമറിച്ച് പരാജയമാണെന്നാണ് എന്റെ അഭിപ്രായം. കാരണം, മുഖ്യമായിട്ട് ഈ രാജ്യത്തെ അധിവസിക്കുന്ന വ്യവസായത്തൊഴിലാളികളുടെ രംഗത്തുണ്ടായിട്ടുള്ള ദയനീയ സ്ഥിതിയെപ്പററി ഗവൺമെന്റ് കാര്യമായി ആലോചിച്ചിട്ടില്ല. സാധനങ്ങളുടെ വിലക്കയററമാണ് ഞാൻ പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. കഴിഞ്ഞ ദിവസം ഇവിടെ ഭക്ഷ്യവകുപ്പുമന്ത്രി മറുപടിപ്രസംഗം നടത്തിയപ്പോൾ പറഞ്ഞത്, ഇവിടെ വലിയ വിലക്കയററം നേരിട്ടിട്ടില്ല എന്നുള്ള രീതിയിലാണ്. എന്നാൽ നമ്മുടെ ഇൻഡ്യൻ പ്രധാനമന്ത്രിതന്നെ പറയുന്നത്, ഇവിടെ സാധനങ്ങളുടെ വിലക്കയററം കൊണ്ടു ജനങ്ങൾ വളരെ ക്ലേശിക്കുന്നു എന്നാണ്. എന്നാൽ ഈ ഗവൺമെന്റിന്റെ നിലപാട് നോക്കിയാൽ ഇവിടെ ഒരു വിലക്കയററവും ഇല്ല എന്നുള്ള മട്ടാണ്. ഇതു കേൾക്കുമ്പോൾ തീർച്ചയായും വിലക്കയററം നടത്തുന്നതിന് അതു് ഒരു ഡയറക്റ്റീവ് ആണ്. ഇന്നും അരിയുടെ വില കൂടുതലാണ് എന്നു കോട്ടയത്തുനിന്നും വരുന്ന മനോരമ തുടങ്ങിയ പത്രങ്ങളിൽ നിന്നും കാണാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും സോപ്പ്, എണ്ണ, തീപ്പെട്ടി ഇവയ്ക്കെല്ലാംതന്നെ പതിനഞ്ചും ഇരുപതും ശതമാനം വീതം വില വർദ്ധിച്ചിട്ടുണ്ട്. അങ്ങനെ വിലവർദ്ധനവു തടയുന്നതിനു ഒന്നും ചെയ്യാൻ കഴിവില്ലാതെ വന്നിരിക്കുകയാണ്. സാധനങ്ങളുടെ വില കൂടുതൽ തടയുന്നതിനു സ്റ്റേററു ട്രേഡിംഗ് കാർപ്പറേഷൻ ഉണ്ടാക്കി അതു വഴിക്ക് സാധനങ്ങൾ വിതരണം നടത്തുന്നതിനുള്ള നടപടികൾ ഈ ഗവൺമെന്റു എടുക്കുന്നില്ല എന്നുള്ളതു വ്യക്തമാണ്. അതുപോലെതന്നെ തൊഴിലാളികൾക്ക് ബോണസ്, ഡി. എ. (പഞ്ഞപ്പടി) കൂലി, ഇവ കൂട്ടണം എന്നാവശ്യപ്പെട്ടപ്പോൾ അതിനെതിരായിട്ടുള്ള നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റു തുനിഞ്ഞിട്ടുള്ളതു്. ഇതു ഖേദകരമാണ്; പ്രതിഷേധാർഹവുമാണ്.

ഇവിടെത്തന്നെ ട്രാൻസ്പോർട്ടു തൊഴിലാളികൾ അവരുടെ ആവശ്യങ്ങൾ ഗവൺമെന്റു മുമ്പാകെ സമർപ്പിച്ചിട്ടു അതു ഗവൺമെന്റു പരിഗണിക്കാത്തതിന്റെ ഫലമായി അവർ ഇപ്പോൾ സത്യഗ്രഹം നടത്തുകയാണ്. ട്രാൻസ്പോർട്ടു സർവീസ് ഒരു പബ്ലിക്ക് യൂട്ടിലിററി സർവീസാണ് എന്നു പറയുന്നു. അങ്ങനെയുള്ള സർവീസിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ പട്ടിണിക്കിടുന്ന മനോഭാവമാണു ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നതു്. അങ്ങനെ പൊതുജനോപകാരപ്രദമായ സർവീസിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഒരു തൊഴിൽ തർക്കം ഉണ്ടാകുന്നപക്ഷം അതു് ഒരു അഡ്ജൂഡിക്കേഷനു വിടാം എന്നുള്ള ഒരു നിലപാട് ഇന്നും സർക്കാർ എടുത്തിട്ടില്ല. ഇന്നേക്കു 54 ദിവസമായിട്ടും അതേ സംബന്ധിച്ച് യാതൊരു തീരുമാനവും ഉണ്ടാകാതെയാണിരിക്കുന്നതു്.

ഇവിടെ ഏതു ഗവൺമെന്റു വന്നാലും പറയുന്നതായ യാതൊരു കാര്യവും നടത്താറില്ല. ഞങ്ങൾ ഭരിച്ച കാലത്തു് ഇവിടെ റോഡുകളെല്ലാം ശരിയാക്കി, എത്ര പാലങ്ങൾ പണിയിച്ചു, എത്ര പള്ളിക്കൂടങ്ങൾ പണിയിച്ചു, എത്ര ആശുപത്രികൾ പണിയിച്ചു എന്നെല്ലാം പറയും. ഇതൊക്കെ ഒരു അർത്ഥമില്ലാത്ത പറച്ചിലാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം. കാരണം, ഗവൺമെന്റ് അതിനുവേണ്ടിയുള്ള പണം അനുവദിച്ചു. അതുപയോഗപ്പെടുത്തി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകാർ ആ ജോലി ചെയ്യുന്നു എന്നുള്ളതല്ലാതെ അതിൽ വലിയ കാര്യമില്ല. അതു ചെയ്യാതിരുന്നാൽ അതു് അപകടമാണെന്നവർക്ക് അറിയാം. അതുകൊണ്ടാണ് അതൊക്കെ നടപ്പാക്കുന്നതു്. അങ്ങനെ ചെയ്യുന്നതു് ജനങ്ങൾക്കു രക്ഷ കിട്ടുന്ന രീതിയിലായിരിക്കണം. ഈ പള്ളിക്കൂടങ്ങളും പാലങ്ങളും റോഡുകളും ആശുപത്രികളും പണിയുന്നതുതന്നെ അതാതു സ്ഥലത്തുള്ള രാഷ്ട്രീയ കക്ഷികളുടെ പ്രത്യേകിച്ചുള്ള സ്വാധീനമനുസരിച്ചായിരിക്കുമെന്നുള്ളതും വളരെ വ്യക്തമാണ്. വളരെ വ്യക്തമായി പറഞ്ഞാൽ കാർത്തികപ്പള്ളി താലൂക്കിൽതന്നെ നാലു പാലങ്ങളുടെ കാര്യം ഞാൻ എത്രയോ പ്രാവശ്യം ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. ഇനിയും അവ പൂർത്തിയാക്കിട്ടില്ല. അതിന്റെ അപ്രോച്ച് റോഡ് തീർന്നു എന്നു പറയാറായിട്ടില്ല. ഡാണാപ്പടിക്കൽ പാലവും കരുനാഗപ്പള്ളിയിലെ കന്നേററിപ്പാലവും, ഇതുപോലെയുള്ളതാണ്. ഈ രണ്ടാം പദ്ധതിയിലും മൂന്നാംപദ്ധതിയിലും ഏതാനും പാലങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട് എന്നുസമ്മതിക്കാം. ഈ കാര്യങ്ങളെപ്പററിയെല്ലാം നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

മറെറാന്ന്, അഡ്മിനിസ്ട്രേഷൻ ആഫ് ജസ്റ്റീസ് ഇവിടെയില്ല. ഇതു ഞാൻ പറയുമ്പോൾ ഈ എം. എൽ. ഏ. മാരെല്ലാം പരിശുദ്ധന്മാരാണെന്ന് എനിക്കഭിപ്രായമില്ല. ഭരണകക്ഷിയിൽപ്പെട്ട എം. എൽ. ഏ. മാരുടെ നേരേപോലും കൈയേററങ്ങൾ ഉണ്ടായിട്ടുണ്ട്, അതേപ്പററിപോലും കേസ്സുകൾ ഒന്നും എടുത്തിട്ടില്ലാ. രാജ്യസഭാ തിരഞ്ഞെടുപ്പിൽ നിങ്ങളുടെ കക്ഷിസ്ഥാനാർത്ഥിയെ നിങ്ങൾ തോല്പിച്ചു. ഞങ്ങളുടെ സ്ഥാനാർത്ഥിക്കു ഒരു വോട്ടു കൂടുതൽ കിട്ടി. നിങ്ങളുടെ പാർട്ടി അച്ചടക്കവും വിശ്വസ്തതയും നിങ്ങൾ തന്നെ തകർത്തിരിക്കുന്നു. ഇങ്ങനെ നീതിനിർവ്വഹണ കാര്യത്തിൽ അലസത കാണിച്ചാൽ ഈ രാജ്യത്തു എന്താണു രക്ഷ. നീതിയെ ആശ്രയിച്ചു ജീവിക്കുന്നവർക്കെല്ലാവർക്കും ഒരുപോലെ നീതി ലഭിക്കണമെന്നുള്ളതാണ്. എന്നാൽ ഇവിടെ ഭാഗികമായി മാത്രമേ ജനങ്ങൾക്കു നീതി കിട്ടുന്നുള്ളു. ഇവിടെ കമ്മ്യൂണിസ്ററുകൾ ഭരണം നടത്തിക്കൊണ്ടിരുന്നപ്പോൾ നിങ്ങൾ പറഞ്ഞതു്, അരക്ഷിതാവസ്ഥയാണെന്നാണ്. എന്നാൽ അന്നത്തെ അപേക്ഷിച്ചു ഇന്നു പരിപൂർണ്ണമായ അരക്ഷിതാവസ്ഥ മാത്രമാണ്. എം. എൽ. ഏ. മാർക്കു മാത്രമല്ല, മന്ത്രിമാർക്കും ഈ രാജ്യത്തു അരക്ഷിതാവസ്ഥയാണ്. ഇവിടെ എം. എൽ. ഏ. ക്വാർട്ടേഴ്സിൽ നടന്ന സംഭവങ്ങൾ നാം അറിഞ്ഞിട്ടുള്ളതാണ്. ഇതു നീതിപരിപാലനമാണോ? ഭരണകക്ഷി എം. എൽ ഏ-ക്കു പോലും രക്ഷയില്ല. ഈ ഭരണകക്ഷി അധികാരത്തിൽ വന്നിട്ടു ആദ്യം മുതൽതന്നെ ഇവർ നീതിനിർവ്വഹണകാര്യത്തിൽ പരാജയപ്പെട്ടു. ആദ്യമെ അവർ മൂന്നു കക്ഷികളുമായി യോജിച്ചുകൊണ്ടു ഭരണത്തിൽവന്നു. പിന്നീട് അതു രണ്ടായി കുറഞ്ഞു. വീണ്ടും അതു ഒരു കക്ഷിയായി മാറി. ലീഗിനേയും പി. എസ്സ്. പി. യേയും പുറംതള്ളിയെന്നർത്ഥം. അതു യോജിപ്പിനുവേണ്ടിയാണെന്നു പറഞ്ഞു. എന്നിട്ടിപ്പോൾ എങ്ങനെയിരിക്കുന്നു? യുദ്ധകാലത്തു ദേശീയമായി യോജിച്ചു പ്രവർത്തിക്കേണ്ട സ്വന്തം കക്ഷികളിൽതന്നെ ഇന്നു ഐക്യമില്ലാ. യോജിപ്പിനുവേണ്ടി മൂന്നു കക്ഷികൾകൂടി ഭരണം ആരംഭിച്ചതിനുശേഷം അതു രണ്ടായി, പിന്നീട് ഒന്നായി ഭരണം നടത്തിവരവേ അവസാനം സ്വന്തം കക്ഷിയിൽതന്നെ ഇപ്പോൾ വഴക്കല്ലേ നടക്കുന്നതു്. ഇതാണോ ഏകകക്ഷി ഭരണത്തിന്റെ ഫലം? ഇന്നു മറെറാരു കക്ഷിയിലും നിങ്ങളുടെ കക്ഷിക്കുള്ളതുപോലെ വഴക്കു കാണുകയില്ല. ഇന്നു അതു വളരെ വ്യക്തമായിട്ടു നടക്കുകയാണ്. ഈ മാർച്ചുമാസം വരുമ്പോഴാണു കാൺഗ്രസ്സ് ഭരണകക്ഷിയിൽ അഭിപ്രായ വ്യത്യാസങ്ങളും വഴക്കുകളും സാധാരണയായി കണ്ടുവരാറുള്ളതു്, ഭരണത്തെ സ്വന്തം കക്ഷിക്കാർതന്നെ മറിച്ചിടാൻ നോക്കുന്നതു്. അങ്ങനെ സ്വന്തം കക്ഷിതാൽപര്യങ്ങൾ നിറവേററുന്നതിൽ കൂടുതലായി നിങ്ങൾക്കു രാജ്യനന്മയ്ക്കുവേണ്ടി എന്തുചെയ്യാൻ കഴിയും. അതാണ് ഇതുവരെയുള്ള അനുഭവങ്ങൾ തെളിയിക്കുന്നതു്.

അവസാനമായി ഒരു കാര്യം ഞാൻ പറയാം. ഒരു ആശുപത്രിയിൽ ഒരാൾ മരിച്ചു. അതായതു് തളിപ്പറമ്പു ആശുപത്രിയിൽവച്ചാണ്. അയാൾ മരിച്ചു നാലു ദിവസമായിട്ടും ആ പ്രേതം എടുത്തു മാററിയില്ല. അതു അവിടെ കിടന്നു ചീഞ്ഞളിഞ്ഞതിനുശേഷമാണ് അവിടെനിന്നും എടുത്തു മറവുചെയ്യാൻ കഴിഞ്ഞതു്. അതിനു കാരണം പറഞ്ഞതു്, അതു് അനാഥപ്രേതമായിരുന്നതുകൊണ്ടു് അതിനു ആവശ്യമായ എഴുത്തുകുത്തുകൾ നടത്തേണ്ടിവന്നു എന്നാണ്. ഇത്രയും താമസം നേരിട്ടതും അതു ചീഞ്ഞളിഞ്ഞുനാറാൻ ഇടയായതും അനാഥപ്രേതമായതുകൊണ്ടാണെന്നാണു പറയുന്നതു്. ഇതു ഒരു തക്ക സമാധാനമല്ലാ.

അതുപോലെതന്നെ പോലീസിന്റെ ഭരണത്തെ സംബന്ധിച്ചും യാതൊരു മാററവും വന്നിട്ടില്ലാ. ഒരുദാഹരണം ഞാൻ പറയാം. പുനലൂർ നടുത്തറ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. സുഗതൻ]

പ്പാവീട്ടിൽ രാഘവൻപിള്ള എന്നൊരാളെ സ്വന്തം പീടികയിൽനിന്നും പിടിച്ചിറക്കി പോലീസ് നടുറോഡിലിട്ടു മർദ്ദിച്ചു് അയാൾ ആശുപത്രി ചികിത്സയിലാണു്. പുനലൂർ സർക്കിൾ ഇൻസ്പെക്ടർ നേരിട്ടു ചെയ്ത ക്രമക്കേടാണിതു്. അതുപോലെ പരവൂർ സ്റ്റേഷനിൽ ഒരു ആയിരമില്ലിൽ ജോലി ചെയ്തുകൊണ്ടിരുന്ന ഒരു തൊഴിലാളിയെ മില്ലിൽനിന്നും പിടിച്ചുകൊണ്ടു പോയി മർദ്ദിച്ചു. ഇങ്ങനെയുള്ള പോലീസിന്റെ പരാക്രമം ആവശ്യമാണോ? ഇങ്ങനെയുള്ള മർദ്ദനഭരണം നടത്തുന്നതിനുവേണ്ടിയാണോ നാം ഈ അപ്രോപ്രിയേഷൻബില്ലിനെ അനുകൂലിക്കേണ്ടതു്. ഇങ്ങനെയാണോ രാജ്യത്തു നീതി പാലിക്കുന്നതു്. ഇപ്പോൾ ജനങ്ങൾക്കു് യാതൊരു സംരക്ഷണവുമില്ലാ. പോലീസിന്റെ സംരക്ഷണവും ഇല്ല. യാതൊരു സംരക്ഷണവും ജനങ്ങൾക്കു കിട്ടുന്നില്ലാ എന്നുള്ളതാണു് പരമാർത്ഥം. ഓരോ ഭരണകക്ഷിയും ഭരണം ഏൽക്കുന്നതിനുമുമ്പായി ഞങ്ങൾ ജനങ്ങൾക്കുവേണ്ടി ഇന്നതെല്ലാം ചെയ്യും നിസ്വാർത്ഥ സേവനം നടത്തുമെന്നെല്ലാം പറയും. എന്നാൽ ഭരണത്തിനു കേറിയിരുന്നു കഴിയുന്നതോടുകൂടി അതിനു എല്ലാംതന്നെ ഒരു മാററം വരും. ഈ ഭരണകക്ഷിക്കും അതാണു അനുഭവം. നിങ്ങൾ അധികാരത്തിൽ വരുന്നതിനുമുമ്പു ഇവിടെ പറഞ്ഞതെന്താണു്? ഞങ്ങൾ അധികാരത്തിൽ വന്നാൽ ഇവിടെ അരക്ഷിതാവസ്ഥയും പോലീസ് മർദ്ദനവും ഉണ്ടാകുന്നതല്ലാ എന്നെല്ലാം നിങ്ങൾ വോട്ടർമാരോടു പറഞ്ഞിട്ടുണ്ടു്.

എപ്പോൾ മറിഞ്ഞുവീഴും, കാലു വാരപ്പെടും എന്ന ആശങ്കയോടുകൂടി ഇരിക്കുന്ന നിങ്ങൾ ഉടനെ രാജിവച്ചു പിരിയേണ്ടതാണു്. നിങ്ങൾക്കു് ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണു്. എല്ലാ കക്ഷി ഭരണവും ജനങ്ങൾക്കു് ഒരുപോലെ കഷ്ടതയാണു് അനുഭവം. ഒരു കക്ഷിയുടെ ഭരണവും ഇന്നു് ജനങ്ങൾക്കു് വിശ്വാസയോഗ്യമല്ലെന്നായിരിക്കുന്നു. ജനങ്ങൾ ഏതു കക്ഷിക്കു് വോട്ടു ചെയ്യണമെന്ന കാര്യത്തിൽ ഇന്നു തികച്ചും അനിശ്ചിതരാണു്. ആരു ഭരിച്ചാലും തങ്ങൾക്കു് രക്ഷയില്ലെന്നുള്ള നിരാശാബോധം ഇന്നു് ജനങ്ങളിൽ ദൃഢമൂലമായിരിക്കുന്നു. ഇതിനുത്തരവാദികൾ നിങ്ങളാണു്. നിങ്ങൾക്കു ഭരിക്കാൻ അവകാശമില്ലാ. ഞാൻ ഈ ധനവിനിയോഗബില്ലിനെ എതിർക്കുന്നു.

ശ്രീ. ഈ. പി. ഈപ്പൻ: സർ, ഈ അപ്രോപ്രിയേഷൻ ബില്ലിനെ ഞാൻ എതിർക്കുന്നു. ഇതിനെ എതിർക്കുന്നതിനു് ഒന്നുരണ്ടു പ്രധാന കാരണങ്ങൾ ഉണ്ടു്. സർ, ഈ സെക്രട്ടറിയേററു് കേരളത്തിലെ ജനങ്ങൾ ഒരു ആശാകേന്ദ്രമായിട്ടാണു് കരുതപ്പെട്ടിരുന്നതു്. പക്ഷേ, കുറേക്കാലമായിട്ടു് ഇതൊരു നിരാശാകേന്ദ്രമായിട്ടു മാറിയിരിക്കുകയാണു്. അതിനു ചില പ്രത്യേക കാരണമുണ്ടു സാർ, സെക്രട്ടറിയേററിനു മുൻപിൽ നാം ദിവസവും കാണാറുണ്ടു്, പലരും സത്യാഗ്രഹം നടത്തുന്നതായിട്ടു്. ഇതുതന്നെ ഞാൻ പറഞ്ഞതിനു് ഒരു ഉദാഹരണമാണു്. ട്രാൻസ്പോർട്ടു തൊഴിലാളികൾ, അദ്ധ്യാപകർ, തൊഴിലാളികൾ, എന്നിങ്ങനെ പല സംഘടനയിൽപെട്ടവരും ഇവിടെ ഓരോ ആവശ്യത്തിന്റെ പേരിൽ സത്യാഗ്രഹം നടത്തിവരികയാണു്. ഇതിനു കാരണമെന്താണെന്നു ചോദിച്ചാൽ, സെക്രട്ടേറിയേററിൽ ഓരോ പ്രശ്നത്തെ സംബന്ധിച്ചും തീരുമാനം എടുക്കാൻ വരുന്ന കാലതാമസമായിരിക്കും, അല്ലെങ്കിൽ ഉദ്യോഗസ്ഥന്മാരുടെ ചുമതലാരാഹിത്യമായിരിക്കും. ഏതെങ്കിലും ഒരു കടലാസ്സ് ഗവണ്മെന്റിനു് കൊടുത്താൽ, അതിൽ തീരുമാനം എടുക്കേണ്ടതു് ഇന്ന ഉദ്യോഗസ്ഥനാണെന്നു വ്യക്തമായ നടപടിക്രമം സെക്രട്ടേറിയേററിൽ ഇല്ലെന്നു തോന്നിപ്പോകുന്നു. ഇതിനു വ്യക്തമായ ഒരു ഉദാഹരണം പറയാം. മുമ്പു് വനംവകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഈ. പി. പൗലോസിന്റെ പക്കൽ എന്റെ ഒരു സ്നേഹിതൻ ഒരു കടലാസ്സു് കൊടുത്തു. മന്ത്രി അതിൽ ഉത്തരവിട്ടു; റവന്യൂബോർഡു ഒന്നാംമെമ്പറും, ഫോറസ്ററു കൺസർവേറററും സ്ഥലം സന്ദർശിച്ചു റിപ്പോർട്ടു ചെയ്യാൻ. ഒന്നരക്കൊല്ലം കഴിഞ്ഞിട്ടും റവന്യൂബോർഡു മെമ്പറാകട്ടെ, ഫോറസ്ററു കൺസർവേറററാകട്ടെ സ്ഥലത്തു പോകുകയോ, റിപ്പോർട്ടു സമർപ്പിക്കുകയോ ചെയ്തിട്ടില്ല. രണ്ടുകൊല്ലം ആകാറായപ്പോൾ ഫോറസ്ററു കൺസർവേറേറർ, സ്ഥലം പരിശോധിച്ചതിൽ, അതിനു പററിയതല്ല എന്നു ഒരു റിപ്പോർട്ടു് Government Secretary ക്കു് അയച്ചുകൊടുത്തു. ഇങ്ങനെ ഉദാഹരണങ്ങൾ പറയാൻ പലതും ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ സിററി ഇംപ്രൂവ്മെൻറു ട്രസ്റ്റിനെപ്പററി ഒരു കാര്യം പറയുവാനുണ്ട്. സിററി നന്നാക്കാനാണുദ്ദേശിക്കുന്നതെങ്കിൽ, സിററി ഇംപ്രൂവ്മെൻറു ട്രസ്ററിൻെറ ചെയർമാനായി, തിരുവനന്തപുരത്തിൻെറ അഭിവൃദ്ധിയിൽ ആത്മാർത്ഥമായി താൽപര്യമുള്ള ഒരാളെ നിയമിക്കേണ്ടതായിരുന്നു. ഇപ്പോൾ നിയമിതനായിട്ടുള്ള ചെയർമാൻെറ പേരിൽ എനിക്കു വ്യക്തിപരമായി യാതൊരു വിരോധവുമില്ല. തിരുവനന്തപുരം സിററിയുടെ അഭിവൃദ്ധിയിൽ പ്രത്യേക താൽപര്യമുള്ള ഒരാളാണോ അദ്ദേഹം എന്ന കാര്യത്തിൽ സംശയമുണ്ട്. തിരുവനന്തപുരത്തിൻെറ നാനാപ്രകാരേണയുള്ള അഭിവൃദ്ധിയിൽ താൽപര്യമുള്ള ഉദ്യോഗസ്ഥന്മാർ ധാരാളം ഉണ്ടായിരുന്നിട്ടും ഇങ്ങനെ ഒരു ചെയർമാനെ നിയമിച്ചതിൻെറ കാരണം മനസ്സിലാകുന്നില്ല. ഏതെങ്കിലും ഉദ്യോഗസ്ഥനെ ഏതെങ്കിലും പണിക്കു നിയമിക്കണമെന്നുള്ള നയം ആശാസ്യമല്ല. പ്രത്യേക താൽപര്യമുള്ളവരെ ഒരിടത്തുനിന്നു മറെറാരിടത്തേക്കു മാററി സ്ഥാപിക്കുക എന്നതിൽകവിഞ്ഞ് ഇന്നു വലിയ ഉദ്ദേശം ഗവണ്മെൻറിനില്ലെന്നു തോന്നിപ്പോകുന്നു. സർ, രാഷ്ട്രീയ പാർട്ടികളിൽ ഉള്ളതുപോലെതന്നെ ഉദ്യോഗസ്ഥന്മാരുടെ ഇടയിലും ചില ക്ലിക്കുകൾ നടക്കുന്നുണ്ട്. ഇന്നയിന്ന ഉദ്യോഗസ്ഥന്മാർ സെക്രട്ടേറിയററിൽതന്നെ ഇരിക്കണം, ഇന്ന ഉദ്യോഗസ്ഥന്മാരെ പുറത്തുതന്നെ അയയ്ക്കണം എന്ന ഒരു നടപടിക്രമം മുഖ്യമന്ത്രി അറിഞ്ഞോ അറിയാതെയോ ഇവിടെ നടക്കുന്നുണ്ട്. കഴിഞ്ഞ ഒന്നുരണ്ടു കൊല്ലത്തിനിടയ്ക്ക് ഒരു സീനിയർ ജായിൻറു സെക്രട്ടറി സെക്രട്ടറിയേററിൽ വരാൻ പുറത്തുനിന്നു ശ്രമിച്ചു ആ ഉദ്യോഗസ്ഥനെ ഇതുവരെ സെക്രട്ടറിയേററിൽ നിയമിച്ചില്ല. എന്നാൽ, അദ്ദേഹത്തേക്കാൾ ജൂനിയർമാരായ ജായിൻറു സെക്രട്ടറിമാർക്ക് സെക്രട്ടേറിയേററിൽ നിയമനം കിട്ടിയിട്ടുള്ളതായി അറിയാം. അവരെ സഹായിക്കാൻ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ കാണും. ഇങ്ങനെ ചിലരെ സെക്രട്ടേറിയേററിൽനിന്ന് അകററി നിറുത്താനും, ചിലർക്കു ഇവിടെ നിയമനം നൽകാനും ഇടയാകുന്ന ചില പ്രത്യേക് താൽപര്യങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ കാര്യം പ്രത്യേകം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ഇവിടെ ഒരു റവന്യൂബോർഡുണ്ട്. ഇപ്പോൾ നാലു മെമ്പറന്മാരാണുള്ളത്. നാലുപേർക്കും പിടിപ്പതു ജോലിയുള്ളതായിട്ടാണ് മനസ്സിലാകുന്നത്. കഴിഞ്ഞ കുറേക്കാലമായിട്ട് മൂന്നു മെമ്പറന്മാരെ ഉണ്ടായിരുന്നുള്ളു. സെയിൽസ്ടാക്സും, അഗ്രികൾച്ചർ ഇങ്കംടാക്സും കൈകാര്യം ചെയ്യുന്ന മെമ്പർ ഒരു ലാ ഗ്രാഡ്യുവേററായിരുന്നാൽ കൊള്ളാമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഒരു ലാ ഗ്രാഡ്യുവേററായിരുന്നാൽമാത്രമേ പല കേസുകളിലും ന്യായമായും, നീതിപൂർവ്വകമായും ഒരു തീരുമാനം എടുക്കാൻ സാധിക്കു. ഈയിടെ അങ്ങനെയൊരു ഐ. ഏ. എസ്സുകാരനെ കിട്ടിയിട്ടുണ്ട്. അതുകൊണ്ട് ആ കാര്യത്തിൽ വലിയ പരാതിയില്ല. എന്നാൽ, ഇന്ന് ഏതെങ്കിലും പബ്ലിക്ക് എൻക്വയറി വരുമ്പോൾ, ആ ഉദ്യോഗസ്ഥനെ രണ്ടാഴ്ചക്കാലത്തേക്ക് സ്പെഷ്യൽ ഡ്യൂട്ടിയിലേക്കു നിയോഗിക്കുന്നു. തിരുവല്ലാ സ്കൂൾ കുട്ടികളെ ലാത്തിച്ചാർജ്ജു ചെയ്തതു സംബന്ധിച്ചും, കീരിത്തോട്ടിലെ കുടിയിറക്കുകാരുടെ പുനരധിവാസം സംബന്ധിച്ചും ആ ഉദ്യോഗസ്ഥനെ സ്പെഷ്യലാഫീസറായി നിയമിച്ചിരിക്കുകയാണ്. അങ്ങനെ ഏതാനും കാലം മററു ജോലിയിൽ പോകേണ്ടതായി വരുന്നതുകൊണ്ട് വളരെ കുടിശ്ശികയായി കിടക്കുന്ന പല കേസുകളും തീരുമാനിക്കാൻ റവന്യൂബോർഡിൽ കാലതാമസം നേരിടുന്നുണ്ട്. 1952 മുതൽക്കുള്ള പല കേസ്സുകളും ഇന്നും തീരുമാനിക്കപ്പെടാതെ ശേഷിക്കുന്നുണ്ട്. നാലു ബോർഡു മെമ്പറന്മാർ ഉണ്ടെങ്കിലും, പല കേസ്സുകളും കുടിശ്ശികയായിട്ടുള്ളത് കഴിയുന്നതുംവേഗം തീർക്കാൻ ഇത്തരം നടപടികൾ മൂലം സാധിക്കാതെവരുന്നു. ഉദ്യോഗസ്ഥന്മാരെ ഇങ്ങനെ അങ്ങോട്ടുമിങ്ങോട്ടും മാററുന്ന സമ്പ്രദായം അവസാനിപ്പിക്കണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്.

സർ, അവസാനമായി എനിക്കു ഒരു കാര്യം പറയാനുണ്ട്. അത് ഞാൻ ആദ്യം സൂചിപ്പിച്ച സെക്രട്ടേറിയേററിലെ കാലതാമസത്തെപ്പററിയാണ്. സെക്രട്ടേറിയേററിലെ കാലതാമസം ഗവണ്മെൻറ് കാര്യമായി ശ്രദ്ധിച്ചു പരിഹരിക്കേണ്ടതാണ്. ഇവിടെ കാലതാമസം ഉണ്ടെന്നു മാത്രമല്ല, ഏതെങ്കിലും

2/2097/V



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഈപ്പൻ]

ഒരു കടലാസ്സ് കൊടുത്താൽ, മുകളിലുള്ള ആളുകൾ വിചാരിക്കുന്നതുപോലെ കാര്യം നീതിപൂർവ്വം നടത്താൻ സാധിക്കാത്ത അവസരങ്ങളും ഉണ്ടാകാറുണ്ട്. വെറും 45—75 ക. ക്കാരനായ ഒരു ക്ലാക്കിന്റെ നോട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും മുകളിലുള്ളവർ ഒരു ഫയലിൽ തീരുമാനം എടുക്കുന്നത്. ഒരു അനുഭവം ഉണ്ടായതു് ഇവിടെ ചൂണ്ടിക്കാണിക്കാം. ശ്രീ. വി. വി. ജോസഫ്, ഹെൽത്തു സെക്രട്ടറി ആയിരുന്ന കാലത്തു് ഒരു നിവേദകസംഘം അദ്ദേഹത്തെ സമീപിച്ചു; കൂട്ടത്തിൽ ഞാനും ഉണ്ടായിരുന്നു. ഒരു ഉദ്യോഗസ്ഥന്റെ കാര്യമായിരുന്നു. അതു് അത്യാവശ്യം വേണ്ടതാണെന്നും, റിപ്പോർട്ട വരുത്തി വേണ്ടതു ചെയ്യാമെന്നും അദ്ദേഹം സമ്മതിച്ചു. കടലാസ്സുവാങ്ങി വേണ്ട കുറിപ്പോടുകൂടി താഴോട്ട അയച്ചു. ആ കടലാസ്സ് മുറപോലെ താഴോട്ടുപോയി, 40–75 ക. ക്കാരൻ ക്ലാക്കു നോട്ടെഴുതിയതിന്റെ അടിസ്ഥാനത്തിൽ വീണ്ടും മുകളിലോട്ട പോയി, എല്ലാവരും അതു എഗ്രി ചെയ്തു, അവസാനം സെക്രട്ടറിയും ശരിവച്ചു. രണ്ടുമാസം കഴിഞ്ഞു് ബന്ധപ്പെട്ട ആളുകൾ എന്നെ കണ്ടപ്പോൾ, ആ കാര്യത്തെക്കുറിച്ച് ഞാൻ അന്വേഷിച്ചപ്പോഴാണ് അറിയുക, എല്ലാം അവതാളത്തിലായെന്നു്. അങ്ങനെയൊരു പോസ്റ്റു് ആവശ്യമില്ലെന്നു ക്ലാക്കു നോട്ടെഴുതിയതു ശരിവച്ചു മുകളിലോട്ട പോയതു സെക്രട്ടറിയും അംഗീകരിച്ചതിന്റെ ഫലമായിട്ടു് ആ കാര്യം നടക്കാതെപോയി. സെക്രട്ടറി തന്നെ പിന്നെ പറഞ്ഞു, 'കഷ്ടമായിപ്പോയല്ലോ, ഞാൻ അതു ശ്രദ്ധിച്ചില്ല' എന്നു്. ആദ്യം സെക്രട്ടറിക്കു ആവശ്യമെന്നു തോന്നിയതും, അദ്ദേഹം അങ്ങനെതന്നെ നിർദ്ദേശം നൽകിയിരുന്നതുമായ ഒരു കാര്യം ഒരു ക്ലാക്കിന്റെ നോട്ടനുസരിച്ചു സാധിക്കാതെ പോയതിനു് ഉദാഹരണം പറയുകയായിരുന്നു. ഇതുപോലെ ഉയർന്ന ആഫീസറന്മാർക്കു ന്യായമെന്നു തോന്നുന്നതും, ചെയ്യാൻ താൽപര്യമുള്ളതും ക്ലാക്കന്മാർ നോട്ടെഴുതി കൊല ചെയ്യപ്പെടുന്ന കേസ്സുകൾ പലതും ഉണ്ടു്. അതു തെററായ ഒരു നടപടിയാണു്, ഗവണ്മെന്റു് കാര്യമായി പരിശോധിക്കേണ്ടതുമാണു്. ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. അനുകൂലിച്ചുകൊണ്ടു് വളരെ പ്രധാനമായ ഒരു കാര്യം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യം അനേകം പ്രശ്നങ്ങൾ ഉള്ള ഒരു രാജ്യമാണു്. ഈ പ്രശ്നങ്ങളുടെയെല്ലാം അടിയിൽ കിടക്കുന്ന പ്രധാന പ്രശ്നം ഈ സംസ്ഥാനത്തെ ജനപ്പെരുപ്പമാണു്. ജനപ്പെരുപ്പം ഫലപ്രദമായി തടയുന്നതിനു ചില തുകകൾ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടെന്നുള്ളതു് ചാരിതാർത്ഥ്യജനകമാണു്. പക്ഷേ നമ്മുടെ സ്റ്റേററിന്റെ പ്രശ്നങ്ങളിലും പ്രശ്നമായ ഈ പ്രശ്നത്തെ അതു് അർഹിക്കുന്ന ഗൗരവത്തോടുകൂടി ഇനിയും കൈകാര്യം ചെയ്തിട്ടില്ല എന്നുള്ളതു് ഒരു വസ്തുതയാണു്. മററു സ്റ്റേററുകളെ അപേക്ഷിച്ച് നമ്മുടെ എല്ലാ രംഗങ്ങളിലും നമുക്കു് പുരോഗതി നേടണമെന്നുണ്ടെങ്കിൽ അതിനൊരു ഫലപ്രദമായ മാർഗ്ഗം കണ്ടുപിടിച്ചേ മതിയാകൂ. താരതമ്യേന ഇൻഡ്യയിലെ ശരാശരി ജനസാന്ദ്രതയുടെ മൂന്നിരട്ടി ജനസാന്ദ്രത നമ്മുടെ സ്റ്റേററിൽ ഉണ്ടു്. ആ നിലയിൽ ഇതിനൊരു പരിഹാരമാർഗ്ഗം കാണാതെ മററു് എല്ലാ രംഗങ്ങളിലും നമ്മൾ എത്രകണ്ടു പരിശ്രമിച്ചാലും ആ രംഗങ്ങളിലുള്ള പുരോഗതി ഈ രാജ്യത്തെ ജനങ്ങൾക്കു് അനുഭവപ്പെടുകയില്ല. അതുകൊണ്ടാണു് ഈ രാജ്യത്തു ചില രംഗങ്ങളിലെങ്കിലും ഇവിടെ പുരോഗതിയില്ല എന്നു പലരും വിശ്വസിക്കുന്നതു്. അതുകൊണ്ടു് ഗവണ്മെന്റു് ഈ കാര്യത്തിൽ കുറെക്കൂടി ഊർജ്ജസ്വലതയോടുകൂടി പ്രവർത്തിക്കേണ്ടതു് ആവശ്യമാണെന്നു ഞാൻ ഗവണ്മെന്റിനെ ഓർമ്മിപ്പിക്കുന്നു.

മറെറാരു സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. എറണാകുളത്തു ഒരു റീജിയണൽ പ്ലാൻ നടപ്പിൽ വരുത്തുവാൻ രണ്ടു കൊല്ലമായി വ്യവസ്ഥ ചെയ്യുകയും അതിലേക്കു് ചില പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടു്. പക്ഷേ ഇതുവരേയും അതിന്റെ പ്രവർത്തനം കാര്യമായി പുരോഗമിച്ചിട്ടില്ല. എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പ്രവർത്തനം പുരോഗമിപ്പിക്കണമെന്നുണ്ടെങ്കിൽ ആ റീജിയണൽ പ്ലാനിനു് ആവശ്യമായ ഒരു ഡെവലപ്പ്മെന്റു് കമ്മിററിയോ പ്ലാനിംഗ് കമ്മിററിയോ സംഘടിപ്പിക്കേണ്ടതാവശ്യമാണു് എന്നാണു്. അതു് ഇതേവരെയും സംഘടിപ്പിച്ചിട്ടില്ല. അതിൽ പ്രവർത്തിക്കുന്ന ചില ഉദ്യോഗസ്ഥന്മാരുമായി സംസാരിച്ചപ്പോൾ ഏതാണ്ടു രണ്ടു കൊല്ലത്തോളമായി ഈ കമ്മിററി സംഘടിപ്പിക്കാതിരിക്കുന്നതുകൊണ്ടു് അതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുവാൻ സാദ്ധ്യമല്ലാത്ത പരിതഃസ്ഥിതിയിൽ എത്തിയിരിക്കുന്നു എന്നാണു് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതു്. ആ കമ്മിററി ഉടനെതന്നെ സംഘടിപ്പിച്ചു റീജിയണൽ പ്ലാനിന്റെ പ്രവർത്തനം നടത്തുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ഇവിടെ ഭക്ഷ്യക്കമ്മി നികത്താൻവേണ്ടി ധാരാളം ശ്രമങ്ങൾ നടത്തുന്നുണ്ടു്. പ്രധാനമായും അരിയുടെ വില കുറയുന്നതിനുള്ള ശ്രമമാണു് നടത്തുന്നതു്. നമ്മുടെ സ്റ്റേററിലെ അരിയുടെ വിതരണകാര്യത്തിൽ ഗവണ്മെന്റു് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുണ്ടു്. അരിക്കു് മാത്രമല്ല നാം എപ്പോഴും ഇവിടെ കേൾക്കാറുള്ളതുപോലെ പല സാധനങ്ങൾക്കും വില കയറുന്നുണ്ടു്. അങ്ങനെ നിത്യോപയോഗസാധനങ്ങളുടെ കുതിച്ചുകയറുന്ന വിലക്കയററത്തെ തടയുന്നതിനു ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള ഒരു പരിപാടി എല്ലാ കച്ചവടസ്ഥലങ്ങളിലും സാധനങ്ങളുടെ അന്നന്നുള്ള വിലവിവരപ്പട്ടിക എഴുതിവച്ചിരിക്കണമെന്നുള്ളതാണു്. വിലവിവരപ്പട്ടിക എഴുതിവച്ചിരിക്കുന്ന കച്ചവടസ്ഥാപനങ്ങൾ വളരെയുണ്ടെന്നു് എനിക്കു തോന്നുന്നില്ല. വളരെ കർശനമായ നിലയിൽ ഈ ഏർപ്പാടു ചെയ്യുകയാണെങ്കിൽ കുറേക്കൂടി ഫലപ്രദമായി വിലക്കയററം തടയാമെന്നു് എനിക്കു വിശ്വാസമുണ്ടു്. എല്ലാ കച്ചവടസ്ഥലങ്ങളിലും ഈ വിലവിവരം കാണിക്കുന്ന പട്ടിക നിർബ്ബന്ധപൂർവ്വം എഴുതിവയ്പ്പിക്കുകയും അതിൽ ഏതെങ്കിലും ലംഘനം വരുത്തിയിട്ടുണ്ടോ എന്നും മററും പരിശോധിപ്പിക്കുന്നതിനു് എക്സൈസ് ഡിപ്പാർട്ടുമെന്റിലും മററും ഉള്ള മാതിരി ഫ്ളൈയിംഗ് സ്ക്വാഡിനെ ഏർപ്പെടുത്തുകയും അങ്ങനെ കുറച്ചുകൂടി നിയന്ത്രിതമായ വിലയ്ക്കു സാധനങ്ങൾ വിൽക്കുന്നതിനു കച്ചവടക്കാരെ നിർബന്ധിക്കുകയും ചെയ്യുകയാണെങ്കിൽ സാധനങ്ങളുടെ വിലക്കയററം കുറച്ചൊന്നു തടയുവാൻ സാധിക്കും. ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളിൽ വരുന്ന കാലതാമസത്തെപ്പററി കുററം പറയുന്നുണ്ടു്. കാലതാമസം ഒഴിവാക്കുന്നതിനു് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നു് ഈ ഗവണ്മെന്റു് ആലോചിച്ചു വരുന്നു എന്നും അറിയാം. എന്നിരുന്നാലും മററു സ്റ്റേററുകളിലെപ്പോലെ വളരെ കാലപ്പഴക്കമുള്ള ഒരു ഭരണ ചട്ടക്കൂടാണു് നമ്മുടെ സ്റ്റേററിലും നിലനിൽക്കുന്നതെന്നുള്ള കാര്യം നാം വിസ്മരിച്ചിട്ടു കാര്യമില്ല. ആ ചട്ടക്കൂടു് പരിഷ്ക്കരിക്കേണ്ടതാവശ്യമല്ലേ എന്നുള്ള കാര്യം ആലോചിക്കേണ്ടതാണു്. ഈ സ്റ്റേററിലും അതുപോലെ മററു സ്റ്റേററുകളിലും നിലനിൽക്കുന്ന ഈ സമ്പ്രദായം പുരോഗതി പ്രാപിച്ച രാജ്യങ്ങളുമായി തട്ടിച്ചുനോക്കിയിട്ടു് എന്തെല്ലാം പരിഷ്ക്കാരങ്ങൾ ഭരണക്രമത്തിൽ വരുത്താമെന്നും അതിലേയ്ക്കുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്നും ആലോചിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നതു ഫലപ്രദമായിരിക്കുമെന്നു് എനിക്കഭിപ്രായമുണ്ടു്. ഈ രാജ്യത്തെ വലിയൊരു പരാതി അതാണു്. ഇങ്ങനെ കാലതാമസം ഒഴിവാക്കുവാൻ ഗവണ്മെന്റു് സത്വരമായനടപടിനടത്തുമെന്നു ഞാൻ വിശ്വസിക്കുകയാണു്. എന്റെ സ്നേഹിതൻ ശ്രീ സുഗതൻ പ്രസംഗിച്ച അവസരത്തിൽ ഈ ഭാഗത്തിരിക്കുന്നവരുടെ അഭിപ്രായഭിന്നതയെപ്പററി സംസാരിക്കുകയുണ്ടായി. അഭിപ്രായഭിന്നത എന്തെല്ലാം ഉണ്ടായിരുന്നാലും ഈ ഗവണ്മെന്റു് ഇങ്ങനെ ഭരണം തുടർന്നുകൊണ്ടു പോകും. ഞാൻ ഗവർണ്ണറുടെ പ്രസംഗത്തെപ്പററി ചർച്ചചെയ്ത അവസരത്തിൽ ബൈബിളിലെ ഒരു വാക്യം പറഞ്ഞതു് ഇവിടെ തർക്കവിഷയമായി പലരും എടുത്തു പറയുകയുണ്ടായി. അന്നു ഞാൻ പറയുകയുണ്ടായി ഈ ഗവണ്മെന്റു പാറമേൽ പണിത വീടുപോലെ ഉറച്ചതാണു് എന്നു്. അതിനു് പാറപോലെ ഉറച്ച ഗവണ്മെന്റാണെന്നും പാറ വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോകുമെന്നും അതുപോലെ ഈ ഗവണ്മെന്റും തകർന്നുപോകുമെന്നുമെല്ലാം പറഞ്ഞു

[ശ്രീ. കെ. കെ. വിശ്വനാഥൻ]

പ്രതിപക്ഷങ്ങളും ആക്ഷേപിക്കുകയുണ്ടായി. ഞാൻ ആ ബൈബിൾ വാക്യം പറഞ്ഞതു് ഈ ഗവൺമെൻറിൻെറ ഉറപ്പിനെ കാണിക്കുന്നതിലേയ്ക്കാണു്. ആ ഉറപ്പു് ഉണ്ടെന്നുതന്നെയാണു് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നതു്. അപ്രകാരം ഇനിയുള്ള ബാക്കി സമയം ഈ ഗവൺമെൻറു തുടർന്നു ഭരിക്കുമെന്നുതന്നെയാണു് ഞാൻ വിശ്വസിക്കുന്നതു്. ഇടയ്ക്കു് ചില ചലനങ്ങൾ ഉണ്ടായതുകൊണ്ടു് തരക്കേടൊന്നുമില്ല. വീടുകൾ ചിലപ്പോൾ റിപ്പയർ ചെയ്യുന്നു എന്നുള്ളതുകൊണ്ടു് വീടിൻെറ ഭദ്രതയ്ക്കോ കെട്ടുറപ്പിനോ ഹാനി തട്ടുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ചലനം ഉണ്ടാകുമ്പോൾ അതു ഭരണത്തെ സ്തംഭിപ്പിക്കുമെന്നും ഭരണകക്ഷിയിൽതന്നെ വലിയ പിളർപ്പുകൾ ഉണ്ടാകുമെന്നും പ്രതിപക്ഷങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ അതു തെററാണു്. രാജ്യസഭാ ഇലക്ഷനെപ്പററി ഇവിടെ പരാമർശിക്കുകയുണ്ടായി. ഏതാനും കാൺഗ്രസ്സംഗങ്ങൾ തിരഞ്ഞെടുപ്പിൽ മറിച്ചു് വോട്ടുചെയ്തു എന്നുള്ളതു് ലജ്ജാകരംതന്നെയാണു്. പക്ഷേ അതു പോലുള്ള സംഭവങ്ങൾ ഭരണകക്ഷിയിലെ അംഗങ്ങൾ മാത്രമല്ല നടത്തുന്നതു്. പ്രതിപക്ഷകക്ഷിയിലും ഈ മാതിരി പിളർപ്പുകൾ വമ്പിച്ച തോതിൽ നടക്കുന്നുണ്ടു്. അവരുടെ ഇടയിൽ ഉഗ്രമായ പിളർപ്പു് അഖിലേൻഡ്യാ അടിസ്ഥാനത്തിൽ ഉണ്ടു്. ഏതായാലും അഖിലേൻഡ്യാ അടിസ്ഥാനത്തിൽ കാൺഗ്രസ്സിനകത്തു് പിളർപ്പു് ഇല്ല. ഇവിടെ നടന്നുകൊണ്ടിരിക്കുന്നതു് ഇവിടെ മാത്രം ബാധിക്കുന്ന ചില കാര്യങ്ങളാണു്. എല്ലാ കക്ഷികളിലും ഇതു പോലുള്ള കറുത്ത ആളുകൾ കാണുമെന്നുള്ളതിൽ യതൊരു തർക്കത്തിനും അവകാശമില്ല. ഈ സംഭവത്തെ കാൺഗ്രസ്സ് ശുദ്ധീകരിക്കുന്നതിനുള്ള ഒരു വെല്ലുവിളിയായി കാൺഗ്രസ്സ് സംഘടന സ്വീകരിക്കുമെന്നതിൽ എനിക്കു് അശേഷം സംശയമില്ല. ഈ ഭരണത്തെ അതു കാര്യമായി ബാധിക്കുകയില്ല എന്നുള്ളതിലും എനിക്കു സംശയമില്ല. അതുകൊണ്ടു് അതെല്ലാമിവിടെ പറഞ്ഞു ഭരണക്കൂടത്തിൽ തകർച്ച വന്നിരിക്കുന്നുവെന്നും ഭരണത്തിൽ കുഴപ്പമുണ്ടെന്നുമെല്ലാം പറയുന്നതു് അങ്ങേയററം തെററാണു്. അങ്ങനെയൊരു ചിന്താഗതി വളരുന്നതുതന്നെ ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനത്തിനു ഹാനികരമായിരിക്കും. അതായിരിക്കാം പ്രതിപക്ഷത്തിൻെറ ഉദ്ദേശവും. ഇവിടെ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് കാര്യക്ഷമമായി പ്രവർത്തിപ്പിക്കണമെന്നുണ്ടെങ്കിൽ ഒരു ഉറച്ച ഭരണമാണു് ഇവിടെ ഉണ്ടായിരിക്കുന്നതെന്നുള്ള ബോധം അവർക്കും ഉണ്ടാകണം. ഇവിടെ ഏതു ഭരണം വന്നാലും ഉദ്യോഗസ്ഥന്മാർ അവരുടെ ചുമതല കൃത്യമായി, സത്യമായി ചെയ്യുക എന്നൊരു നിലപാടു് അവർക്കു സ്വീകരിക്കാതെ നിവൃത്തിയില്ല. ഡെമോക്രസിയിൽ ഇതു പോലുള്ള സംഭവങ്ങൾ ഉണ്ടാകും. ഡെമോക്രസിയുടെ സ്വഭാവമാണതു്. അല്ലാതെ ഒരു ഭരണത്തിൻെറ തകർച്ചകൊണ്ടല്ല. ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ ആകാശം ഇടിഞ്ഞു വീഴാൻ പോകുന്നു എന്നു വിചാരിക്കുന്നവർ ഉണ്ടെങ്കിൽ അവർ വിഡ്ഢികളുടെ സ്വർഗ്ഗത്തിൽ കഴിയുകയാണു്. മന്ത്രിസഭയെ തകർക്കാൻ ചില ശ്രമങ്ങൾ നടന്നു. അതെല്ലാം തകർന്നു തരിപ്പണമായിത്തീർന്നിരിക്കുകയാണു്. മന്ത്രിസഭ ഇപ്പോൾ വീഴും എന്നു തോന്നാവുന്ന തരത്തിൽ പല പ്രചരണങ്ങളും നടന്നു. അതു ചിലരുടെ ആഗ്രഹചിന്തയിൽ നിന്നുടലെടുത്തതാണു്. ആ ആഗ്രഹങ്ങളും തകർന്നിരിക്കുകയാണെന്നു പറയാതെ നിവൃത്തിയില്ല. ഈ മന്ത്രിസഭ കാലാവധി തീരുന്നതുവരെയും ഭരിക്കും. ഈ ബഡ്ജററിൻെറ അടിസ്ഥാനത്തിൽ കുറെക്കൂടി കാര്യക്ഷമമായ രീതിയിൽ കാര്യങ്ങൾ നടത്തുന്നതിനു മന്ത്രിസഭയും ഗവൺമെൻറും ആത്മാർത്ഥമായി പരിശ്രമിക്കണമെന്നും ബഡ്ജററിൽ പറഞ്ഞിട്ടുള്ള നല്ല കാര്യങ്ങൾ ഏററവും വേഗം നടപ്പിൽ വരുത്തുവാൻ കഴിയുകയാണെങ്കിൽ അതു ഗവൺമെൻറിനു ശോഭയുള്ള ഒരു ഭൂഷണമായിത്തീരുമെന്നും പറഞ്ഞുകൊണ്ടു് ഈ ധനവിനിയോഗബില്ലിനെ ആത്മാർത്ഥമായി ഞാൻ പിന്താങ്ങുന്നു.

**Mr. Speaker** : I call upon Shri K. Bhargavan to speak.

**Shri P. Ravindran** : Sir, Mr. P. Balachandra Menon may be allowed to speak now.

**Shri P. Balachandra menon** : Sir, Ever since a change in the administration took place after the *Vimochana Samaram* we have seen hat there has been a sort of attack on the ordinary people's rights and

LIBRARY ARCHIVES Kerala Legislative Assembly

I shall explain how it took place. The various political parties united together on the basis of anti-communism and tried to work out a certain policy, which today, has proved to be a complete failure, because it was a negative policy, it was a wrong policy and a policy that was not intended to help the uni y among the various people. At first, the Muslim League who supported you got out, then the P. S. P. and then those who were with you got out. One of the Ministers, under different circumstances, had to go out, because of certain fundamental differences You had to send him out. Why did that take place? Because your concep- was based on a policy of anti-communism, which you maintain and some of you still claim that you are united. I want to point out that no Government ever existed for a long time based on such a negative policy. Sir, during the last one year we have wi nessed the most terr ble attack on the workers, on the peasants, on the middle class people and on the toiling workers. Those offensive policies were resisted by the various sections unitedly. How that offensive took place ? What was the basis of this offensive policy ? The emergency was utilised by the employers, by the plan ation owners and by the vested interests in our country against those who wanted to improve the conditions of the country, against the tillers, against the peasantry and against the workers. Your policy, unfortunately, has been a policy which is intended to strenghthen the hands of such people—the plantation owners and those who are against the ordinary people. That is why that has to be resisted, and we will continue to resist it.

Sir, I want to speak on two instances. One is the miserable plight of the workers during this period. No law is binding on the employers. I tried to raise it last time. I am again raising it, because the biggest employers—the plantation owners—came out and definitely stated that they were not prepared to accept any of the suggestions made at the Indian Labour Conference. They said that it was their prerogative to inerease the hours and to increase the workload. It is going tho oughly against the very sec ion of the Industrial Disputes Act which prohibits them from increasing the work load or changing the conditions of work. They have done it. You are silent about it. Innumerable times we have tried to impress upon you the situation. You never cared for that. No law is binding on those employers, and the awards and agreements have been violated by them. They have no respect for awards. They have no respect for agreements. Same is the situation regarding the Government employees also. That is why they are so much agitated. Not because we want to make use of this situation, but it is because we are anxious to see that the rights, which we have got through countless struggles, rights which we secured through the various legislations which were passed and rights that we have got because of the conventions that are established are not taken away one by one. If the plantation owners are taking an offensive attitude towards their employees you can see the same thing with the Government also. The Government is one of the biggest employers here. Last time when I raised the question of State Transport, the hon. Minister stated we will have to wait till the Corporation is formed to get their rights. What is the position? He takes these things just as a Government Department. The Transport worker is also a worker under the Industrial Disputes Act. Transport worker is one who has got to see that the dispute is taken up and decided under

LIBRARY ARCHIVES Kerala Legislative Assembly

[Shri P. Balachandra Menon]

the law. Prevailing legislation definitely gives you a right to take up the dispute as an industrial dispute. After the emergency, the Transport has been declared as a public utility concern. When it is a public utility concern, we are anxious to settle the disputes as early as possible. What do you say? You do not treat this as a dispute. That is your reply. When that is your policy, if you have any doubt which union has got a majority, accept the majority union which has got as much representative character as any other organisation. We have put these demands about two years back. Innumerable conciliations were conducted, but not through the conciliation machinery established under the Industrial Disputes Act. The fact is you are not prepared to settle those issues. Even now at this stage, are you prepared to accept it as an Industrial Dispute and go to arbitration as was agreed to by you at the Industrial Relations Board meeting? You still treat it as something different. That is why so much agitation is there. The plantation workers are agitated, the Motor Transport Workers are agitated, the Beedi workers are agitated, every section of employees are agitated and every section of the middle class employees are agitated. Why are you not serious about it? I do not want to make this a political issue as Mr. Stephen would like me to do. I do not want to say and I will not say that. These are issues which are of very great importance to the entire working class and to the entire State. That is why we have been repeatedly requesting you that you must come forward with a clear price policy. You have not cared to do it. That is why we demanded seriously for the revision of wages. It is because there is a change in condition due to the abnormal rise in the cost of living. You are not prepared to take it up. We have been again and again telling you that the cost of living index is not correct. I am repeating the contention that you should form a Committee to go into it and find out the mistake and correct it immediately. I definitely feel there is at least a mistake of 60 to 70 per cent. in the calculation of the rise in the cost of living index. You should set up a Committee. You have not so far appointed a Committee in spite of our repeated requests. In the other parts of India also a big agitation is going on by the A. I. T. U. C., I. N. T. U. C., H. M. S. and U. T. U. C. They have taken up all these issues unitedly. Is this correct? This is the sort of answer which you give when all these issues are placed before you. This is something which is surprising and you are taking it very lightly and retorting it as a mere election propaganda. No Sir, it is not an election propaganda. These are serious issues—elections or no elections—the worker must have his wage increased, his dearness allowance increased, so that the rise in the cost of living is adequately compensated. Innumerable Minimum wages Committees are there. Why do you not give directions to revise the wages. What is your policy regarding these things? To the question of rise in the price of essential commodities, to the question of opening of Fair Price Shops in all industries, you have no answer. The hon. Minister for Agriculture always confuses this issue with the Fair Price Shops, which we have been demanding. The Indian Labour Conference stated that in every industry and in every establishment where we have got above 300 workers, you must have Fair Price shops. It must be subsidised. You must be able to give commodities to all workers at controlled rates. You have not taken any step towards that. What is the answer for it? Why are you not serious about



LIBRARY ARCHIVES Kerala Legislative Assembly

the difficulties of the entire workers a'l over the country? You are not serious about it. The Labour Minister has no answer for it. Now take the case of other industries apart from the main industry of plantations, which have got 2 lakhs employees. There, the workers are agitated because of the refusal of the employers to open the Fair Price Shops, because of the abnormal increase in the workload which has been recently introduced and because of the change in the conditions of the workers that has been already enforced. Take for example the Tea Estates. There they have switched over to fine plucking and this has ultimately affected the wages of the workers. You are not serious about it. We raised the ssue at the Industrial Relations Board meeting, at the Industrial Relations Committee and at all the Plantation Labour Committees. But you were not able to solve the problem. Now in the Tea industry they have switched over to fine plucking and in the Rubber Industry they have gone over to ladder tapping. What is this ladder tapping ? They have introduced a new condition of work. Production has increased much more, but the wages are just as they were before. We are not able to get fair return for the amount of labour that we are spending on this. The Government of India has accepted that if there is a rise in production, if there is any rise in productivity, the worker should be adequately compensated. The Government of India have stated that in such cases a fair return should be given to the workers. But you have not done anything regarding this.

Now take the question of Tile industry, coir industry, beedi industry, and plantation industry. In all these industries, the workers' pos tion has not been improved. In the Beedi ndustry, we have been able to bring about an Act, but it has not yet been enforced and it cannot be enforced. What is the position ? Even the recommendations of the Industrial Relations Board are not being enforced, with the result 25000 Beedi workers in Cannanore had to go on st ike. The same is the case with all the other Districts. Take the case of Municipal Employees. They have been placing their demands before you for the last two years. But what was the reply ? The reply was like this:—'Item No. (1) the matter is under consideration and (2) the Government are still considering the issue.' Even today Government are not prepared to take up those issues. The workers asked a simple thing that they must get a wage increase on the basis of the years of service that they have got. Even that is refused. I do not know whether the Minister has ever gone into it, whether the Labour Department and the Department which is in charge of Panchayat and Municipalities, are prepared to sit together to solve the problem.

Regarding industries, I have already pointed out to you that you have not tried to divide it. But what you are trying is to form corporations. Some industries which can have a future and which can always atleast give some return, like the Soap industries,are tied up with non-remunerative one like the Hydrogenation of Oil. The result is both will be ruined. The same is the position regarding the Rubber Factory and such other similar Factories here. Each unit must stand by itself and must prove that it could exist. Even good ones are thus discredited. That is bad. There are some managements, and at least

LIBRARY ARCHIVES Kerala Legislative Assembly

[Shri P. Balachandra Menon]

some of our managers are really anxious to see that the industries are coming up. I have respect for them. I do not say that they are all enough. Let them improve their best.

**Mr. Speaker** : Do you want more time?

**Shri P. Balachandra Menon** : I want only two minutes more.

My submission is regarding labour or industry, agriculture or irrigation, you have never consulted the M. L. As. here. The Planning Advisory Board never meets. You do not want to have any consultation with them. The bureaucratic Planning Committees under the officers, who prepare the Government plan, do hit the people. The people have decided to resist it. That is what is happening. Whether they are school teachers, Bank employees, Insurance employees, Government of India employees, Transport employees, plantation workers, beedi workers, every section of workers are united and even at this stage, if you do not change your policy you will have to pay. There will be terrible discontentment among the workers. Innumerable jathas and hunger strikes are taking place. I may tell you if you cannot see the writings on the wall and cannot look after yourselves, you have to face the music.

Even at this stage, regarding the Transport workers, I would request the Minister to find out whether this is not an industrial dispute and whether he has not justified it here. If he comes forward and tells us that it cannot be an Industrial dispute just because the Department is run by the Government, I can tell him that his understanding on labour legislations is as immature as the understanding of an infant.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്</u>: സർ, എനിക്കു കിട്ടിയിരിക്കുന്ന അഞ്ചു മിനിററു സമയംകൊണ്ടു് ഒന്നുരണ്ടു സംഗതികൾ പറയാൻ ആഗ്രഹിക്കുന്നു. ഒന്നു് കോൺഗ്രസ് പാർട്ടിക്കു് ഒരു മംഗളപത്രം കൊടുക്കണം. അതുപോലെ തന്നെ അവർക്കു ഒരു കുററപത്രവും കൊടുക്കണം. ഞാൻ കോൺഗ്രസ് പാർട്ടിക്കു് മംഗളപത്രം കൊടുക്കാൻ ഉദ്ദേശിക്കുന്നതു് ഈ രാജ്യത്തിലെ കെ. പി. സി. സി. അംഗങ്ങളിൽനിന്നും രണ്ടു മെമ്പാന്മാരെ രാജ്യസഭയിലേയ്ക്കു് തിരഞ്ഞെടുത്തയയ്ക്കണമെന്നു് എ. ഐ. സി.സി.യുടെ അഭിപ്രായം എഴുതി അറിയിച്ചു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മെമ്പർ അപ്രോപ്രിയേഷൻ ബില്ലിനെക്കുറിച്ചു് സംസാരിച്ചാൽ മതി.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്</u>: സർ, ഞാൻ അപ്രോപ്രിയേഷൻ ബില്ലിനെക്കുറിച്ചുതന്നെയാണു് സംസാരിക്കുന്നതു്. അക്കൂട്ടത്തിൽ ഈ രാജ്യം ഇപ്പോൾ ഭരിക്കുന്ന കോൺസ്സുഗ്രകാരെപ്പററി ചില കാര്യങ്ങൾ പറയണം. ഇവിടെ ശ്രീ. വിശ്വനാഥൻ അവർ അങ്ങനെ വോട്ടുചെയ്തു, ഇവർ ഇങ്ങനെ വോട്ടുചെയ്തു എന്നെല്ലാം വളരെ ധീരമായ അഭിപ്രായങ്ങൾ പറഞ്ഞതിനു് മറുപടി പറയേണ്ടേ? അതിനുള്ള മറുപടിയാണു് ഞാൻ പറയുന്നതു്. എ. ഐ. സി.സി.പറഞ്ഞ അഭിപ്രായത്തെ, സെൻട്രൽ ഗവണ്മെൻറിൻെറ അഭിപ്രായത്തെ ഏററവും ധീരമായി എതിർത്തുകൊണ്ടു് വോട്ടുചെയ്ത ധീരന്മാരായ കോൺഗ്രസ്സുകാരാണു് ഇവിടെയുള്ളതു്. അവരുടെ ആ ധീരതയെ ഞാൻ അഭിനന്ദിക്കുന്നു.

<u>മി. സ്പീക്കർ</u>: അപ്രോപ്രിയേഷൻ ബില്ലിൻെറ ചർച്ചാവേളയിൽ ഇക്കാര്യങ്ങളൊന്നും പറയേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കിയെടുത്ത് അത് ചെലവഴിക്കേണ്ടത് ഈ ധീരന്മാരായ ആളുകളാണ്. അതുകൊണ്ട് ഇക്കാര്യങ്ങളെല്ലാം ഇപ്പോൾ പറയേണ്ടതാവശ്യമാണ്.

അടുത്തതായി എനിക്ക് പറയാനുള്ളത് ഈ അടുത്തകാലത്തായി ഈ ഗവണ്മെന്റ് സാധാരണക്കാരും കൃഷീവലന്മാരുമായ ആളുകളെ വനങ്ങളിൽനിന്നും ഇറക്കി വിടുന്നതിനുള്ള ഒരു നടപടി സ്വീകരിച്ചിട്ടുണ്ട്; അങ്ങനെ ഇറക്കി വിടുന്നത് ശരിയല്ല. കിടപ്പാടം ഇല്ലാതെ ജീവിക്കാൻ വേറെ മാർഗ്ഗമില്ലാതെ കഷ്ടപ്പെടുന്ന ആളുകൾ വനങ്ങളിൽ കയറി കുടികെട്ടി താമസിച്ച് കൃഷിചെയ്ത് ഉപജീവനം കഴിച്ചുവരുന്നവരെ ഇത്തരത്തിൽ ഇറക്കിവിടുന്നത് ഒട്ടും ശരിയല്ല. ഇനി ഈ മന്ത്രിസഭയുടെ കാലാവധി ആകപ്പാടെ എട്ടോ പത്തോ മാസമേയുള്ളു. ആ കാലംവരെയെങ്കിലും ആരെയും വനത്തിൽനിന്നു ഇറക്കിവിടരുതെന്നും, അവർക്കെതിരായി യാതൊരു നടപടികളും എടുക്കരുതെന്നുമാണ് എനിക്ക് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്.

മൂന്നാമതായി എനിക്കു പറയുവാനുള്ളത്, ഇൻഡ്യയിൽ പ്ലാൻ പ്രവർത്തനങ്ങൾ തുടങ്ങിയിട്ട് പതിനഞ്ചു കൊല്ലത്തോളമായി. മദ്രാസിൽ ഈ കാലത്തിനിടയിൽ പ്ലാനിംഗിൽ ഒരു സെക്രട്ടറിതന്നെയാണ് തുടർന്നു വരുന്നത്. എന്നാൽ കേരളത്തിലെ സ്ഥിതിയാണെങ്കിൽ ഇതിനിടയിൽ പ്ലാനിംഗിൽ ഏഴോ എട്ടോ സെക്രട്ടറിമാരും, കമ്മീഷണറന്മാരും മാറിമാറി വന്നിട്ടുണ്ട്. അതുകൊണ്ട് സംഭവിക്കുന്നതെന്താണെന്നുവച്ചാൽ ഇവിടെ പ്ലാൻ പ്രവർത്തനങ്ങളിൽ ശരിയായ ഒരു രീതി തുടരാൻ സാധിക്കുന്നില്ല. ഒരു സെക്രട്ടറി ഇതിന്റെ ചാർജ്ജ് എടുത്ത് കുറെനാൾ കഴിയുമ്പോൾ, വേറൊരു സെക്രട്ടറി ആ സ്ഥാനത്തുവരും. അതിന്റെ ഫലമായി മുമ്പിരുന്ന സെക്രട്ടറി എന്തൊക്കെ ചെയ്തുവെന്നും, ഇനി എന്തു ചെയ്യണമെന്നും ആലോചിച്ച് ചെയ്യുന്നതിനുള്ള സൗകര്യം കേരളത്തിൽ ഇല്ലാത്തതുകൊണ്ടാണ് പ്ലാനിംഗിൽ തുടർച്ചയായി കേരളത്തിന് പരാജയം സംഭവിക്കുന്നതെന്ന് പ്രത്യേകമായി ഗവണ്മെന്റു ശ്രദ്ധിക്കേണ്ടതാണ്.

സർ, ഒരു കാര്യംകൂടി എനിക്ക് പറയാനുണ്ട്. അതായത് സെക്രട്ടറിയേറ്റിന്റെ പടിക്കൽ അനേകം ആളുകളുടെ സമരം ദിവസവും നടക്കുന്നുണ്ട്. ഇവിടെ നടക്കുന്ന സമരങ്ങളെ കുറിച്ച് പല കാര്യങ്ങൾ ചോദിക്കുമ്പോൾ ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ എന്താണ് മറുപടി പറയുന്നത്? ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ പറയുന്നതിനെ സപ്പോർട്ടുചെയ്ത് ഒരു വാക്ക് പറയാൻ ഇവിടെയാരെങ്കിലും ഭരണകക്ഷികയിൽപ്പെട്ടവരുണ്ടോ? ഒരു മനുഷ്യരെങ്കിലും ചീഫ്മിനിസ്റ്റർ പറയുന്നതിനെ സപ്പോർട്ട് ചെയ്ത് പറയുന്നതായി ഞാൻ കേട്ടിട്ടില്ല.

ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ശുക്രൻ എന്ന ഒരാളിന്റെ കാലത്ത് എഴുതിയിട്ടുള്ള ശുക്രനീതിയിൽ സർക്കാരിനെ സേവിക്കുന്ന ഒരാളിന് ശമ്പളത്തോടുകൂടി പതിനഞ്ചു ദിവസത്തെ ഒഴിവുകൊടുക്കണമെന്ന് പറയുന്നുണ്ട്. കൂടാതെ അതിൽ പറയുന്നുണ്ട്, രാജ്യത്തേയും രാജാവിനേയും സേവിക്കുന്ന ഒരാൾ ഇരുപതാമത്തെ വയസ്സിൽ ജോലിയിൽ പ്രവേശിക്കണമെന്നും. അറുപതാമത്തെ വയസ്സിൽ ജോലിയിൽനിന്നും പിരിഞ്ഞുപോകണം. പിരിഞ്ഞു പോകുമ്പോൾ പകുതി ശമ്പളം കൊടുക്കണമെന്നും ഉണ്ട്. ഈയിടെ നമ്മുടെ സ്റ്റേറ്റിലും ഗവണ്മെന്റു ഉദ്യോഗസ്ഥന്മാർക്ക് പെൻഷൻ വയസ്സ് അൻപത്തിയഞ്ചിൽനിന്നും അൻപത്തിയെട്ടാക്കണമെന്നുള്ള ഒരു അഭിപ്രായം ഉണ്ടായിട്ടുണ്ട്. ശുക്രനീതിയിൽ പറഞ്ഞിരിക്കുന്നതുപോലെ പെൻഷൻ വയസ്സ് അൻപത്തിയെട്ട് ആക്കി ഉയർത്തുന്നതുകൊണ്ട് അനേകം ലക്ഷം രൂപയുടെ ലാഭം ഗവണ്മെന്റിനു കിട്ടും. അതിനെ സംബന്ധിച്ച് വിസ്തരിച്ച് പറയുവാനുള്ള സമയം ഇല്ലാത്തതുകൊണ്ട് കൂടുതലായിട്ടു പറയാൻ ആഗ്രഹിക്കുന്നില്ല. ഏതായാലും ഈ ഗവണ്മെന്റ് ഒന്ന് ചിന്തിക്കണം. അതായത് യൂണിവേഴ്സിറ്റിയിലേയും മറ്റും അദ്ധ്യാപകന്മാരുടെ പെൻഷൻ വയസ്സ് ഇപ്പോൾതന്നെ ഉയർത്തിയിരിക്കുകയാണ്. ആ നിലക്ക് ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരുടെ പെൻഷൻ വയസ്സ് അൻപത്തിയഞ്ച് എന്നുള്ളത് അൻപത്തിയെട്ട് ആക്കാൻ ശ്രമിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഇരിക്കുന്നു.

2/2097/V

LIBRARY ARCHIVES Kerala Legislative Assembly

**ശ്രീ. സി. ജി. ജനാർദ്ദനൻ:** സർ, പഴയ കൊച്ചി രാജ്യത്തു് വളരെ വ്യവസായങ്ങൾ അവശേഷിച്ചിരുന്നതു് ഇന്നു തീരെയില്ലാതായിരിക്കുകയാണു്. 1928-ൽ പഴയ കൊച്ചിപ്രദേശത്തു് ചാലക്കുടിയിൽ

10 A.M.

കൊച്ചിൻ പോട്ടറീസ് എന്നൊരു സ്ഥാപനമുണ്ടായിരുന്നു. അന്നു അതിന്റെ പ്രവർത്തനം നടത്തിയിരുന്ന ടെക്നിക്കൽ എക്സ്പർട്ട്സ് അന്നത്തെ ദിവാനുമായി അൽപ്പം തകരാറിലായി. അതേതുടർന്നു് അവർ സ്ഥലം വിടുകയും ആ ഫാക്ടറി പിന്നീടു് പ്രവർത്തിക്കാൻ സാധിക്കാതിരിക്കുകയും ചെയ്യുകയായിരുന്നു. പഴയ കൊച്ചി ഗവണ്മെന്റു് പത്തുവർഷം ആ സ്ഥാപനം നടത്തി. ഭീമമായ ഒരു തുക നഷ്ടം വന്നതിനുശേഷം മദ്രാസിലെ മക്കൻറയിൽ കാർപ്പറേഷനു് ഈ സ്ഥാപനം ആണ്ടിൽ 30,000 രൂപാ വാടകയ്ക്കു് കൊടുത്തു. ഒരു ടെൻഡറുണ്ടാക്കി കൊച്ചി ഗവണ്മെന്റു് അന്നത്തെ കൺസഷൻ നിരക്കിനു് വിറകുകൊടുത്തിരുന്നതു ഉപയോഗിച്ചു് 20 വർഷം ഈ സ്ഥാപനം നടത്തിക്കൊണ്ടുപോയി. അഞ്ചു ലക്ഷം രൂപ മൂലധനമിറക്കിയ ഈ സ്ഥാപനത്തെ ആ കമ്പനി നശിപ്പിച്ചു. അന്നുമുതൽ നിവേദനം നടത്തി, വളരെ പഴക്കമുള്ള മെഷീനറി മാററിയിട്ടു് ആധുനിക രീതിയിലുള്ള മെഷീനറികൾ സംഘടിപ്പിച്ചില്ലെങ്കിൽ ആ ഫാക്ടറിയുടെ പ്രവർത്തനം നടത്തുകയില്ലെന്നു് ഗവണ്മെന്റു് ഇതുവരെയായി അതിനു് ശ്രദ്ധിച്ചിട്ടില്ല. അതുകാരണം ആ ഫാക്ടറി പൂട്ടിയിടാൻ ഇടയായി. ആ കാലഘട്ടത്തിലാണു് 1960-ൽ ചാലക്കുടി നിയോജകമണ്ഡലത്തിൽനിന്നു ഞാൻ തിരഞ്ഞെടുക്കപ്പെടാൻ ഇടയായതു്. അനവധി വർഷക്കാലമായി പൂട്ടിക്കിടക്കുന്ന ആഫാക്ടറിയിലെ തൊഴിലാളികൾക്കു ആ ഫാക്ടറി തുറന്നു തൊഴിൽ കൊടുക്കണമെന്നു് ഗവണ്മെന്റിന്റെ മുൻപാകെ നിവേദനം നടത്തി. അതിന്റെ അടിസ്ഥാനത്തിൽ വ്യവസായ മന്ത്രി ശ്രീ. കെ. എ. ദാമോദര മേനോന്റെ അടുത്തു ആ നിയോജക മണ്ഡലത്തിലെ എം. എൽ. എ. എന്നുള്ള നിലയിൽ ആ വ്യവസായശാല ഗവണ്മെന്റു് ഏറെറടുത്തു നടത്തണമെന്നു് ഞാൻ നിവേദനം നടത്തി. ശ്രീ. ദാമോദര മേനോൻ, ഒരു പ്രൈവററു ലിമിററഡ് കമ്പനി എന്ന പേരിൽ അതു നടത്തുകയല്ലാതെ ഗവണ്മെന്റു യാതൊരു കാരണവശാലും അതിൽ മൂലധനം തൽക്കാലം ഇറക്കുകയില്ലെന്നും ഒരു പ്രൈവററു് ലിമിററഡു് കമ്പനി എന്നുള്ള പേരിൽ നടത്തുകയാണെങ്കിൽ എല്ലാ സഹായകരണങ്ങളും ചെയ്തുതരാമെന്നും ഉറപ്പുപറഞ്ഞു. ഒരു പ്രൈവററു ലിമിററഡ് കമ്പനിയുടെ പേരിൽ ആ സ്ഥാപനം എന്നോടു് തുടങ്ങാൻ ആവശ്യപ്പെട്ടു അതിന്റെ അടിസ്ഥാനത്തിൽ അന്നുവരെ ഒന്നരരൂപ മുതൽ മൂന്നരരൂപവരെ കൂലിയുണ്ടായിരുന്ന ആ വ്യവസായശാലയിലെ തൊഴിലാളികൾക്കു് ഏററവും ചുരുങ്ങിയതു് രണ്ടര രൂപാ മുതൽ അഞ്ചര രൂപവരെ കൂലികൊടുത്തുകൊണ്ടു് ഒരു പുതിയ രീതിയിലുള്ള പ്രവർത്തനം അവിടെ ആരംഭിച്ചു. വീണ്ടും വ്യവസായമന്ത്രിയുടെ അടുക്കൽ നിവേദനം നടത്തി, ആ ഫാക്ടറിയിലെ മെഷീനറികൾ മാററിയില്ലെങ്കിൽ ആ ഫാക്ടറിയിലെ പ്രവർത്തനം നടത്താൻ പ്രയാസമാണെന്നു്. മെഷീനറികൾ മാററുന്നതുവരെ, അതുവരെ ഗവണ്മെന്റുകൾ കൊടുത്തിരുന്ന രീതിയിൽ സീനിയറേജ് റേററിനു് ഫയർവുഡ് തരണമെന്നും ആവശ്യപ്പെട്ടു. പക്ഷേ ഗവണ്മെന്റു് അതു കൂട്ടാക്കിയില്ല. ആറു മെമ്മോറാണ്ടങ്ങൾ ആ അവസരത്തിൽ ഗവണ്മെന്റിനു കൊടുത്തു. ആറു മെമ്മോറാണ്ടങ്ങളെപ്പററിയും ഗവണ്മെന്റു് പരിഗണിച്ചിട്ടില്ല. നിർഭാഗ്യവശാൽ ഭീമമായ തുക നഷ്ടം വരികയും തുടർന്നു ഗവണ്മെന്റിന്റെ സഹായമുണ്ടാകുമെന്നു ധരിച്ചു് വീണ്ടും അൻപതിനായിരം രൂപകൂടി നിക്ഷേപിക്കുകയുംചെയ്തു. അതും അവസാനിച്ചതിനുശേഷം നിരന്തരമായി ഗവണ്മെന്റിൽ നിവേദനം ചെയ്തുവന്നു. ഒന്നുകിൽ മെഷിനറികൾ മാററുക, അല്ലെങ്കിൽ മെഷിനറികൾ മാററാൻ കമ്പനിയെ അനുവദിക്കുക ഗവണ്മെന്റു് ഈ രണ്ടു അഭിപ്രായങ്ങൾക്കും വില കല്പിച്ചില്ലെന്നു മാത്രമല്ല ഒന്നും ചെയ്യാൻ അനുവദിക്കാത്ത രീതിയിലുള്ള ഒരു പ്രവർത്തനമാണു് നടത്തിക്കൊണ്ടിരിക്കുന്നതു്. ഈ സന്ദർഭത്തിൽ ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഒരു പ്രൈവററു ലിമിററഡു് കമ്പനി 1961-ൽ രൂപീകരിച്ചു് ഒരു എഗ്രിമെന്റു് എഴുതി അതു കമ്പനി ഗവണ്മെന്റിനു അയച്ചുകൊടുത്തു. ഗവണ്മെന്റു്, കമ്പനി എഴുതിയതിനേക്കാൾ വിപുലമായ രീതിയിലുള്ള പല വകുപ്പുകളും എഴുതിച്ചേർത്തു് ആ എഗ്രിമെന്റിന്റെ ഒരു ഡ്രാഫ്ററു് അംഗീകരിച്ചു. അതിലെ ആ വകുപ്പുകൾ മാററണമെന്നു് ശ്രീ. ദാമോദരമേനോനോടും, ഇൻഡസ്ട്രീസ് ഡയറക്ടരോടും ഇൻഡസ്ട്രീസ്



LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറിയോടും പലതവണ നിവേദനങ്ങൾ നടത്തി. അതിലൊരു ന്യായം കിട്ടിയില്ലെന്നു മാത്രമല്ല, അവസാനമായി ശ്രീ. ദാമോദരമേനോൻ വ്യക്തിപരമായി അദ്ദേഹത്തിന്റെ സ്വാധീനം ഉപയോഗിച്ചുകൊണ്ട് ഗവണ്മെന്റ് എഴുതിപ്പിടിപ്പിച്ച ആ വകുപ്പുകളിൽ നിങ്ങൾ ഒപ്പുവക്കണം, ഇല്ലെങ്കിൽ ഗവണ്മെന്റിനു ബുദ്ധിമുട്ടാണ് എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വകുപ്പുകളിൽ എന്താണ് എഴുതിവച്ചിരിക്കുന്നതെന്നു നോക്കാതെ ആ സ്ഥാപനം എങ്ങനെയെങ്കിലും നടത്തിക്കൊണ്ടുപോകണമെന്നുള്ള ഉദ്ദേശത്തിൽ ആ കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ എന്നുള്ള നിലയിൽ അദ്ദേഹം നിർദ്ദേശിച്ചതനുസരിച്ച് ഞാൻ ഒപ്പുവച്ച് അദ്ദേഹം ആവശ്യപ്പെട്ട എഗ്രിമെന്റ് ഉണ്ടാക്കി. നിർഭാഗ്യവശാൽ പ്രതിപക്ഷം ഇവിടെനിന്നു എഗ്രിമെന്റ് ഉണ്ടാക്കാത്ത ഒരു കമ്പനിക്കു് ഇതിനെ ഏൽപ്പിച്ചു കൊടുത്തു എന്നോണം കുററാരോപണം ചെയ്യുകയും അതിനു് ശ്രീ. ദാമോദരമേനോൻ മൗനസമ്മതം കൊടുക്കുകയും ചെയ്തതു് നിർഭാഗ്യകരമായിപ്പോയി എന്നു ഈ അവസരത്തിൽ പറയാതിരിക്കുവാൻ നിവൃത്തിയില്ല. എഗ്രിമെന്റിന്റെ പകർപ്പ് എന്റെ കൈവശമുണ്ട് സർ. ഇങ്ങനെ സംഭവങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ഭീമമായ തുക ഈ വ്യവസായശാലക്കു നഷ്ടംവരുന്നതുകൊണ്ട് ഇതു പൂട്ടിയിടേണ്ടിവരുമെന്നു എന്നോട് നിർദ്ദേശിച്ചതനുസരിച്ച് ഞാൻ വ്യവസായ സെക്രട്ടറിയെ കാണുകയും അദ്ദേഹവുമായുണ്ടായ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഗവണ്മെന്റിനു് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. 25 ലക്ഷം രൂപ മൂലധനമിറക്കിയ ഈ വ്യവസായശാലയെ അഭിവൃദ്ധിപ്പെടുത്താൻവേണ്ടി സെക്രട്ടറിയുമായി അതിനുവേണ്ട കാര്യങ്ങൾ ചർച്ചചെയ്തു. ആ ചർച്ചയിൽനിന്നുണ്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ കൊടുത്ത നിവേദനവും തള്ളിക്കളഞ്ഞിരിക്കുകയാണ് ചെയ്തിരിക്കുന്നതു്. ഈ ഘട്ടത്തിലാണ് എനിക്കു് മനസിലാക്കാൻ സാധിച്ചതു്, ചാലക്കുടിയിലെ ഒരു രാമൻകുട്ടിമേനോൻ ശ്രീ. സി. അച്ച്യുതമേനോനുമൊന്നിച്ചു ശ്രീ. ദാമോദരമേനോന്റെ അടുക്കൽപോയി ഈ ഫാക്ടറി അവർക്കു കൊടുക്കണമെന്നു നിവേദനം ചെയ്തുവെന്നു്. അതിന്റെ അടിസ്ഥാനത്തിൽ എന്റെ കയ്യിൽനിന്നു എഗ്രിമെന്റ് വാങ്ങിയതിനെപ്പററിയോ കമ്പനിക്കു് രജിസ്റ്റർ നോട്ടീസ് അയച്ചതിനെപ്പററിയോ എനിക്കു് യാതൊരു ആക്ഷേപവുമില്ല. അതൊരു പ്രൈവററ് ലിമിററഡ് കമ്പനി എന്നുള്ള പേരിൽ നടത്തുന്നതിനെ സംബന്ധിച്ചും എനിക്കാക്ഷേപമില്ല. പക്ഷെ വ്യക്തിപരമായി പ്രതിപക്ഷം കുററാരോപണം ചെയ്യുന്നതും ശ്രീ. അച്ച്യുതമേനോൻ പ്രാദേശികപരമായി കുററം പറയുന്നതും ശരിയല്ലെന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളു. നിരന്തരമായി നിവേദനം നടത്തിക്കൊണ്ടിരുന്നപ്പോൾ ആ നിവേദനങ്ങളുടെ യാഥാർത്ഥ്യം മനസ്സിലാക്കിയിട്ട് അതിനെതിരായി ആ സ്ഥാപനം മററാർക്കു് കൊടുക്കാൻ ആവശ്യപ്പെടുന്നതും ഇവിടെ രാഷ്ട്രീയമായി പ്രതിപക്ഷം കുററാരോപണം നടത്തുകയും ചെയ്യുന്നതു് അത്ര ഭംഗിയല്ല എന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളു. ഇത്തരം കാര്യങ്ങൾ പറയുന്നതിന്റെ പിന്നിലുള്ള രാഷ്ട്രീയ കാര്യങ്ങൾ എന്താണെന്നു എനിക്കറിയാം. ശ്രീ. അച്ച്യുതമേനോന്റെ വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ചൊന്നും കുററാരോപണം ചെയ്യാൻ ഞാൻ തയ്യാറല്ല. രാഷ്ട്രീയമായി ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ വളരെ സത്യസന്ധതയോടും നീതിയോടും കൂടി കാര്യങ്ങൾ പറയണമെന്നും, പഴയ കൊച്ചിരാജ്യത്തിൽ ഇന്നു അവശേഷിക്കുന്ന ഈ സ്ഥാപനം നശിച്ചുപോകാതെ അതു അഭിവൃത്തിപ്പെടുത്താൻ കഴിയുന്ന രീതിയിൽ കൂടുതൽ തൊഴിലാളികൾക്കു് ജോലി കൊടുക്കാൻ സാധിക്കത്തക്ക ഒരു സ്ഥാപനമാക്കി നടത്താനുമുള്ള ഏർപ്പാടുകൾ ഗവണ്മെന്റ് സ്വീകരിക്കണമെന്നുമാണ് എനിക്കു് ഈ സന്ദർഭത്തിൽ പറയുവാനുള്ളതു്. പ്രതിപക്ഷത്തിന്റെ നിരന്തരമായ ഒരു ചെയ്തി ഭരണകക്ഷിയംഗങ്ങളെ കുററാരോപണംചെയ്തു തങ്ങളുടെ കൃത്യം നിർവ്വഹിക്കുക എന്നുള്ളതാണ്. ആ രീതി മാററിയില്ലെങ്കിൽ ഈ പോക്കു് നല്ലതിനല്ല എന്നു സ്നേഹബുദ്ധ്യാ ഉപദേശിക്കുക മാത്രമേ ഞാൻ ഈ അവസരത്തിൽ ചെയ്യുന്നുള്ളു.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സർ, ഒരു പായിന്റ് ആഫ് ആർഡർ. ബഹുമാനപ്പെട്ട മെമ്പർ ഏതാ ഒരു എഗ്രിമെന്റിന്റെ കാര്യം പറയുകയും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രാമുണ്ണിക്കുറുപ്പ്]

അതിന്റെ പകർപ്പ് തന്റെ കൈവശമുണ്ടെന്നു വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പക്ഷെ അതെന്താണെന്നുള്ളതു് ഈ സഭക്കു അറിയാൻ നിവൃത്തിയില്ല. ഒന്നുകിൽ ആ എഗ്രിമെന്റു് എന്താണെന്നുള്ളതു് ഈ സഭക്കറിയണം. അതല്ലെങ്കിൽ ആ എഗ്രിമെന്റു് മേശപ്പുറത്തുവെയ്ക്കണം.

ശ്രീ. സി. ജി. ജനാർദ്ദനൻ: സഭ സമയം തരുകയാണെങ്കിൽ ഞാൻ അതു വായിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ്: അങ്ങനെയൊന്നും വെയ്ക്കേണ്ടതില്ല. അതിലെ രേഖ എന്തെങ്കിലും വായിച്ചാൽ മാത്രമേ വെയ്ക്കേണ്ടതുള്ളു. അങ്ങനെയൊരു രേഖ തന്റെ കൈവശമുണ്ടെന്നുള്ള വസ്തുതയല്ലാതെ അദ്ദേഹം അതിന്റെ കണ്ടൻസൊന്നും പറഞ്ഞില്ല, അതുകൊണ്ടു് അങ്ങനെ വെയ്ക്കേണ്ട ആവശ്യമില്ല.

**Mr. Speaker** : It need not be placed on the table.

ശ്രീ. സി. ജി. ജനാർദ്ദനൻ: അതു ഇപ്പോൾതന്നെ പരിശോധിക്കാനായി ഞാൻ കൊടുക്കാം.

ശ്രീ. ഈ. പി. ഗോപാലൻ: കൊച്ചിൻ പോട്ടറീസിന്റെ പ്രവർത്തനം ഇന്നു നടക്കുന്നുണ്ടോ? ഇല്ലെങ്കിൽ അതു തുടർന്നു പ്രവർത്തിക്കാതിരിക്കാൻ കാരണമെന്താണു്?

ശ്രീ. സി. ജി. ജനാർദ്ദനൻ; അതിനുകൂടിയാണു് ഞാൻ എന്റെ അവസാനത്തെ അഭ്യർത്ഥന അവതരിപ്പിച്ചതു്. കൊച്ചിൻ പോട്ടറീസ് നടക്കണമെങ്കിൽ ഒന്നുകിൽ അതിന്റെ മെഷീനറികൾ മാററണം, അല്ലെങ്കിൽ മെഷീനറികൾ മാററാൻ കമ്പനിയെ അനുവദിക്കണം. ഇതു രണ്ടും ചെയ്തില്ലെങ്കിൽ നിർഭാഗ്യമെന്നേ പറയേണ്ടതുള്ളു. കൊച്ചിയിൽ അവശേഷിക്കുന്ന ചാലക്കുടിയിലെ കൊച്ചിൻ പോട്ടറീസിൽ ഇന്നോളം പ്രവർത്തിച്ചിരുന്ന തൊഴിലാളികൾക്കു് തൊഴിൽ ലഭിക്കുന്നതിനുള്ള എന്തെങ്കിലും സാഹചര്യം ഉണ്ടാക്കിക്കൊടുക്കണമെന്നുമാത്രമാണു് എനിക്കു് അതേക്കുറിച്ച് പറയുവാനുള്ളതു്. അതിന്റെ പിന്നിലുള്ള പശ്ചാത്തലത്തിലേക്കൊന്നും ഞാൻ പോകുന്നില്ല. പ്രതിപക്ഷാംഗങ്ങളോടു് എനിക്കു പറയുവാനുള്ളതു് യാഥാർത്ഥ്യങ്ങൾ നേരിട്ടു് മനസ്സിലാക്കിയിട്ടു് ശ്രീ. അച്യുതമേനോനെ പോലുള്ള വ്യക്തികൾ ഭരണകക്ഷിയംഗങ്ങളെ ചെളിവാരിയെറിയാൻ പരിശ്രമിക്കണമെന്നു മാത്രമാണു്. 25 ലക്ഷം രൂപാ മൂലധനമിറക്കിയ ഈ വ്യവസായശാലയെ തൊഴിലാളികൾക്കു നിരന്തരമായി ജോലി കിട്ടുന്ന രീതിയിലുള്ള ഒരു സ്ഥാപനമാക്കി മാററാൻ ഗവണ്മെന്റു് പരിശ്രമിക്കണമെന്നു മാത്രമാണു് എനിക്കു് ഈ അവസരത്തിൽ അഭ്യർത്ഥിക്കുവാനുള്ളതു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സർ, ഈ സഭയിൽ അവതരിപ്പിച്ച പാസ്സാക്കിയിട്ടുള്ള കണക്കില്ലാത്ത സംഖ്യ ചെലവഴിക്കാനുള്ള ഒരു അഭ്യർത്ഥനയാണു് ഈ സഭയുടെ മുമ്പാകെ കൊണ്ടുവന്നിരിക്കുന്നതു്. ഞാൻ ഈ അഭ്യർത്ഥനയെ എതിർക്കുകയാണു്. ഇങ്ങനെ ഈ നിയമസഭയിൽ അവതരിപ്പിച്ചു് ചെലവഴിക്കാൻപോകുന്ന സംഖ്യയെക്കുറിച്ചു് ഗവണ്മെന്റു് ആത്മാർത്ഥമായും സത്യസന്ധമായും ജനാധിപത്യസ്വഭാവത്തിനു് അനുയോജ്യമായും ചെലവാക്കുന്നുണ്ടോ എന്നു പരിശോധിക്കേണ്ട ഉത്തരവാദിത്വം അക്ഷരത്തിൽപോലും ഈ ഗവണ്മെന്റു് നിർവ്വഹിച്ചിട്ടില്ലെന്നു വ്യക്തമായും കുററാരോപണം ചെയ്യാൻ ഞാനാഗ്രഹിക്കുകയാണു്. ഈ സംഖ്യ ചെലവാക്കാനുള്ള ബാദ്ധ്യത ഉദ്യോഗസ്ഥന്മാരുടെ കൈയിലാണു് നിക്ഷിപ്തമായിരിക്കുന്നതു്. ഒരു ശരീരത്തിലെ ഹൃദയത്തെയും നാഡിയേയും നിലനിറുത്തുന്ന സിരാനാഡികളെന്നപോലെ ഭരണത്തിന്റെ സൽപ്പേരിനു ഹാനിതട്ടാതെ സുരക്ഷിതമാക്കാനുള്ള ബാദ്ധ്യത ഉദ്യോഗസ്ഥന്മാരിലാണു്. നിർഭാഗ്യമെന്നോണം കേരളത്തിലെ ഉദ്യോഗസ്ഥന്മാരിൽ പലരും രാഷ്ട്രത്തിന്റെ അഭിവൃദ്ധിയോ, ജനങ്ങളുടെ ക്ഷേമമോ പരിഗണിക്കുന്നില്ല. നേരെമറിച്ചു് ഭരണകക്ഷിയിലെ ഏതാനും ചില അംഗങ്ങളുടെ ചൊൽപ്പടിക്കു കൂട്ടുനിന്നുകൊണ്ടു് നീതിരഹിതമായും മര്യാദാ

LIBRARY ARCHIVES Kerala Legislative Assembly

രഹിതമായും ഉള്ള മാർഗ്ഗങ്ങളിൽ ഉദ്യോഗസ്ഥന്മാർ ചരിക്കുന്നു. ഒരു വകുപ്പിൽ മാത്രമല്ല എല്ലാ വകുപ്പിലും ഇതേ പ്രവർത്തനം കാണാൻ സാധിക്കും. സർ ചില വകുപ്പുകളുടെ കാര്യം പറയാൻ ഞാനിഗ്രഹിക്കുകയാണ്. ഉദ്യോഗസ്ഥന്മാരുടെ കൈയിൽ തെററുണ്ടെന്നു കണ്ടാൽ, എന്തെങ്കിലും അപാകടം വന്നു എന്നു കണ്ടാൽ അതിനെപ്പററി ആവലാതി പറഞ്ഞാൽ അന്വേഷണം നടത്തുന്നില്ല. ശ്രീ. പി. വി. കുഞ്ഞിരാമൻ എന്നൊരാളെപ്പററി ആരോപണം ഉണ്ടായി. അതുപോലെ തന്നെ ശ്രീ. ഒ. കോരൻ ഒരു സംഭവത്തെപ്പററി പറഞ്ഞു. ഇതിനെപ്പററിയൊന്നും അന്വേഷണം നടത്തിയിട്ടില്ല. പരാതിപ്പെട്ട ആളിനു് നോട്ടീസുപോലും കൊടുത്തിട്ടില്ല. ആരെങ്കിലും ആവലാതി പറഞ്ഞാൽ ഗവണ്മെൻറു കക്ഷിയിലെ അംഗങ്ങളുടെ താൽപ്പര്യത്തിനനുസരിച്ചാണ് അന്വേഷണം നടത്തുന്നതെന്നു് കാണാൻ സാധിക്കുന്നതാണ്. ഒരു കുററംചെയ്ത ഉദ്യോഗസ്ഥനെപ്പററി ആവലാതി പറഞ്ഞാൽ അയാളെ ശിക്ഷിക്കുന്നതിനു വേണ്ടി തെളിവുണ്ടാകാതിരിക്കാൻ ഭരണകക്ഷിയിലെ അംഗങ്ങൾ ശ്രമിക്കുന്നുണ്ടു്. ഏതെങ്കിലും ഒരു ആവലാതി കൊടുത്താൽ അതേപ്പററി പോലീസ് ഡിപ്പാർട്ടുമെൻറു് അന്വേഷിച്ചതു ശരിയല്ലെന്നും അതുകൊണ്ടു് വീണ്ടും അന്വേഷിക്കണമെന്നും ആവലാതിപ്പെട്ടാൽ ഉയന്ന ഉദ്യോഗസ്ഥനായാലുംശരി, മന്ത്രിയായാലുംശരി ആവലാതിപ്പെടുന്ന ആളെ വിളിച്ചു് അയാളോടു് ചോദിക്കുകപോലും ചെയ്യുന്നില്ല. ആവലാതി സമർപ്പിച്ചാൽ പോലീസു് ഡിപ്പാർട്ടുമെൻറിൽ നിന്നു് വേണ്ടവിധത്തിലല്ല കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതു്. ഏതെങ്കിലും ഒരു ഹർജി കൊടുത്താൽ അതിനെക്കുറിച്ചു് രഹസ്യമായി റിപ്പോർട്ടുകൾ ഉണ്ടാക്കുന്ന രീതി രാജ്യത്തുടനീളം കാണുന്നു എന്നുള്ള കുററാരോപണം ഞാൻ വയ്ക്കാൻ ആഗ്രഹിക്കുകയാണ്. ഒന്നുരണ്ടുദാഹരണങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈയിടെ മാതൃഭൂമി പത്രത്തിൽ ഒരു വാത്ത കാണുകയുണ്ടായി. പാകിസ്ഥാനിൽ നിന്നു വന്ന ഒരാൾ പാസ്പോർട്ടിൻെറ കാലാവധി തീന്നിട്ടും ഇവിടെ താമസിച്ചു എന്ന കുററാരോപണം മാതൃഭൂമി പത്രത്തിൽ വന്നു. ഇങ്ങനെ പാകിസ്ഥാനിൽനിന്നു കടന്നുവന്ന വ്യക്തിയെ രക്ഷിക്കാൻവേണ്ടി ഈ സ്റ്റേററിലെ ഒരു ഉയർന്ന പോലീസുദ്യോഗസ്ഥൻ 1952 മുതൽ 58 വരെ ഉണ്ടായിരുന്ന രജിസ്റ്ററുകൾ കരുതിക്കൂട്ടി നശിപ്പിച്ചു എന്ന ആരോപണം ഞാൻ വയ്ക്കുകയാണ്. ആ പത്രത്തിൽ വന്നതിൻെറ ഒരു പകർപ്പു് എൻെറ കൈയിലുണ്ടു്. വ്യക്തമായും പോലീസ് ഉദ്യോഗസ്ഥൻ റിക്കാർഡ് നശിപ്പിച്ചു എന്നു് ആരോപണം ഉണ്ടായിരിക്കുകയാണ്. അതേപ്പററി യാതൊന്നും അന്വേഷിച്ചിട്ടില്ല. ആവലാതിപ്പെട്ടവരോടു് ഇതേവരെ തെളിവുകൊടുക്കാൻ ആവശ്യപ്പെടുകയോ, നോട്ടീസു കൊടുക്കുകയോ ചെയ്തിട്ടില്ല. ഇൻഡ്യയുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിൻെറ ഭദ്രതയെ ബാധിക്കുന്ന ഇക്കാര്യത്തിൽ പോലീസുദ്യോഗസ്ഥനെ നിരുപാധികം പ്രോത്സാഹിപ്പിക്കുന്നതാണ് ഇത്തരം പ്രവണതകൾ എന്നു സൂചിപ്പിച്ചു എന്നേയുള്ളു. ഉയർന്ന ഉദ്യോഗസ്ഥനായാലും താഴ്ന്ന ഉദ്യോഗസ്ഥനായാലും ഈ രാജ്യത്തെ ഒട്ടാകെ ബാധിക്കുന്ന, ഇത്തരം റിക്കാർഡുകൾ നശിപ്പിച്ച ഉദ്യോഗസ്ഥൻെറ പേരിൽ കർശനമായ നടപടികൾ സ്വീകരിച്ചു് അയാളെ ശിക്ഷിക്കേണ്ടതാവശ്യമാണ്. ഇക്കാര്യം ബഹുമാനപ്പെട്ട ഗവണ്മെൻറു് പ്രത്യേകം പരിഗണിക്കേണ്ടതാണ്. ഇതിനെപ്പററി എന്തെങ്കിലും പറഞ്ഞാൽ മുഖ്യമന്ത്രി പറയും എഴുതിത്തന്നാൽ ആലോചിക്കാമെന്നു്. എഴുതി കൊടുത്താൽ അന്വേഷിക്കുകയില്ല. സർ, ഞാൻ ഇവിടെ നാലു കേസ്സുകളുടെ നമ്പരുകൾ ഉദ്ധരിക്കാൻ ആഗ്രഹിക്കുകയാണ്. ഈ നാലു കേസുകളെപ്പററിയും 1962–ൽ സെഷൻസ് കോർട്ടിൽ നിന്നു റിമാർക്കു് പുറപ്പെടുവിച്ചിട്ടുണ്ടു്. സക്കിൾ ഇൻസ്പെക്ടറർ ജ്ഞാനമണിക്കെതിരായാണ് ഈ നാലു കേസുകളും. എസ്സി–12/62, എസ്സി–48/62, എസ്സി–22162, സിഎ–84/63. ഈ നാലു കേസ്സുകളിലും തലശ്ശേരി സർക്കിൾ ഇൻസ്പെക്ടററുടെ പേരിൽ സെഷൻസു് കോർട്ടു് റിമാർക്കു് പുറപ്പെടുവിച്ചിട്ടുണ്ടു്. നിഷ്പക്ഷമായ ജനാധിപത്യപരമായ ഭരണമാണ് നടത്തേണ്ടതെന്നു് ഗവണ്മെൻറിനു് ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ ഈ സംഭവത്തെപ്പററി ഗവണ്മെൻറു് അന്വേഷിച്ചു് ഈ ഉദ്യോഗസ്ഥൻെറ മേൽ നടപടി നടത്തി ശിക്ഷിക്കുമായിരുന്നു. ഒരു പോലീസു ഉദ്യോഗസ്ഥൻ രജിസ്റ്റർ പിച്ചിച്ചീന്തി പുതിയ രജിസ്റ്റർ ഉണ്ടാക്കിയ ഉദ്യോഗസ്ഥൻെറ മേൽ നടപടി എടുത്തിട്ടില്ല. ഈ സക്കിൾ ഇൻസ്പെക്ടററെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രാമുണ്ണിക്കുറുപ്പ്]

ഇങ്ങനെ തെററു ചെയ്യാൻ അനുവദിക്കുന്നതു് ഒരിക്കലും ശരിയല്ല. അയാളെ രക്ഷിക്കാൻ ഭരണകക്ഷിയിൽപ്പെട്ട ചില അംഗങ്ങൾ ശ്രമിച്ചിട്ടുണ്ടു്. അതുപോലെ തന്നെ ലാക്കപ്പ് മർദ്ദനം ഇവിടെ അനുദിനം നടക്കുകയാണു്. ഒരു വീട്ടിൽ കയറി എന്റെ ഒരു സ്നേഹിതനെ മർദ്ദിച്ചു. മജിസ്ട്രേട്ടിന്റെ മുമ്പിൽ ഹാജരാക്കിയപ്പോൾ ഡാക്ടരുടെ അടുത്തു് പരിശോധനയ്ക്കു് അയച്ചു. ഡാക്ടർ പരിശോധിച്ചപ്പോൾ എട്ടൊൻപതു് മുറിവുകൾ അദ്ദേഹത്തിന്റെ ശരീരത്തിൽ ഉണ്ടായിരുന്നു. ഇങ്ങനെ മർദ്ദിച്ച ഉദ്യോഗസ്ഥനെ എന്തുചെയ്തു. ഉദ്യോഗസ്ഥന്മാരുടെ മേൽ ആരോപണം വന്നാൽ അതേപ്പററി അന്വേഷിക്കാൻ സിൽബന്തികൾ സമ്മതിക്കുന്നില്ല. ഇങ്ങനെയായാൽ ഒരിക്കലും ഉദ്യോഗസ്ഥന്മാർ നിഷ്പക്ഷമതികളാവുകയില്ല. നീതിപൂർവ്വകമായ ഭരണം ഈ രാജ്യത്തു് നടക്കുകയില്ല. ഈ രാജ്യത്തിലെ ജനങ്ങൾ എന്തെങ്കിലും ആവലാതി അയച്ചാൽ അതിന്റെ വസ്തുതകളൊക്കെ അന്വേഷിച്ചു് വസ്തുനിഷ്ഠമായി പരിശോധിക്കാൻ ഗവണ്മെൻറിനു് സാധിക്കുന്നില്ല. സർ, ഞാൻ തെളിവു തരാൻ തയാറാണു്. ഇന്നും ഈ ഉദ്യോഗസ്ഥനെ വച്ചുകൊണ്ടിരിക്കുകയാണു്. ഇതു് ഈ രാജ്യത്തോടും ജനങ്ങളോടും ചെയ്യുന്ന കടുത്ത ദ്രോഹമാണു്. ഇന്നു് പോലീസ് ഡിപ്പാർട്ടുമെൻറു് അഴിമതിയുടെ കൂത്തരംഗമായിത്തീർന്നിരിക്കുകയാണു്. പരസ്യമായി ആളുകളോടു എന്തു ചെയ്താലും ചോദിക്കുകയില്ലെന്നു ഗവണ്മെൻറു് വല്ല നിർദ്ദേശവും വച്ചിട്ടുണ്ടോ? അല്ലാതെ പോലീസുകാർ ഇങ്ങനെ തെററു ചെയ്താൽ അതിനെപ്പററി ചോദിക്കാത്തതിന്റെ അർത്ഥം മനസിലാകുന്നില്ല. ഇതൊക്കെ പരിശോധിക്കാൻ ഗവണ്മെൻറു് തയാറുണ്ടോ? അതിനു് തയ്യാറില്ലാത്ത പരിതഃസ്ഥിതിയിൽ തെററു ചെയ്യുവർക്കു് കൂടുതൽ അനുഭാവം നൽകുകയാണു് ചെയ്യുന്നതു്.

ഇനി പൊതുമരാമത്തു വകുപ്പിനെപ്പററി ഒരു കാര്യം പറയാനുണ്ടു്. ബഹുമാനപ്പെട്ട ശ്രീമാൻ ഉമ്മർകോയയാണു് ആ വകുപ്പു് കൈകാര്യം ചെയ്യുന്നതു്. ഒരു അപ്രോച്ച് റോഡിനു് മണ്ണിടുന്ന കാര്യത്തിൽ കാൺട്രാക്റ്റുപ്രകാരമുള്ള മണ്ണിടാതെ കാശുവാങ്ങി എന്ന ആരോപണം ഉന്നയിച്ചു. എക്സിക്യൂട്ടീവ് ഇഞ്ചിനീയർ ആക്ഷൻ എടുത്തു് ബ്ലാക്കു് ലിസ്റ്റിൽപ്പെടുത്തി. എന്നിട്ടു് എന്താണുണ്ടായതു്? ഭരണകക്ഷിയിൽപ്പെട്ട സിൽബന്തികളുടെ ഇടപെടൽ മൂലം എക്സിക്യൂട്ടീവ് ഇഞ്ചിനീയറെ അടിയന്തിരമായി സ്ഥലംമാററി. ഇങ്ങനെ ഉദ്യോഗസ്ഥന്മാർ ഭരണകക്ഷിയുടെ സിൽബന്ധികളായി മാറിയിരിക്കുകയാണു്. ഉദ്യോഗസ്ഥന്മാരുടെ മേൽ എന്തെങ്കിലും ആരോപണം ഉന്നയിച്ചാൽ അതേപ്പററി അന്വേഷിക്കാതിരിക്കുകയാണു്. ജനാധിപത്യത്തിന്റെ മാതൃകയായി വർത്തിക്കേണ്ട ഉദ്യോഗസ്ഥന്മാർ ഇന്നു് ഭരണകക്ഷിയിൽപ്പെട്ട ആളുകളുടെ സിൽബന്തികളായി മാറിയിരിക്കുകയാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. സർ, ഞാൻ തെളിവുകൾ ഹാജരാക്കാൻ തയ്യാറാണു്. ഗവണ്മെൻറു് അവയെപ്പററി പരിശോധിക്കാൻ തയാറുണ്ടോ? എങ്കിൽ ഒരുയർന്ന നീതിന്യായ ഉദ്യോഗസ്ഥനെക്കൊണ്ടു പരിശോധിപ്പിക്കണം. പരിശോധിക്കാൻ നടപടി എടുക്കാൻ മുഖ്യമന്ത്രി തയാറുണ്ടോ? പരസ്യമായി തെററുചെയ്തു എന്നു തെളിഞ്ഞിരിക്കുന്നു. ലോക്കപ്പു മർദ്ദനം ഇവിടെ സാധാരണയായി നടക്കുകയാണു്. ഇതിനെപ്പററി അനേകം കേസുകൾ ഉണ്ടായിട്ടുണ്ടു്. ഒരു വീട്ടിൽ അർദ്ധരാത്രിയിൽ വാതിൽ തല്ലിപ്പൊളിച്ചു് അകത്തു കയറിയിട്ടു് ഘോഷാ സ്ത്രീകൾ മാത്രം താമസിക്കുന്ന ഒരു വീട്ടിൽ ഇങ്ങനെ അകത്തുകയറി മർദ്ദിച്ച പോലീസ് ഇൻസ്പെക്ടർ എത്ര ഉയന്ന ഉദ്യോഗസ്ഥനായാലുംശരി അദ്ദേഹത്തെ വച്ചുകൊണ്ടിരിക്കാൻ പാടില്ല. അദ്ദേഹത്തിന്റെ മേൽ അന്വേഷണം നടത്തി ശിക്ഷിക്കാൻ തയാറുണ്ടോ? ഇങ്ങനെ നീതിരഹിതമായി പ്രവർത്തിക്കുന്നവരുടെ മേൽ അന്വേഷണം നടത്തി അവരെ മാതൃകാപരമായി ശിക്ഷിക്കാൻ തയ്യാറുണ്ടെങ്കിൽ മാത്രമേ നന്നായി ജനങ്ങൾക്കു് അനുയോജ്യമായി ഭരണം നടത്താൻ സാധിക്കുകയുള്ളു. ഇങ്ങനെ അഴിമതികൾ ഇല്ലാതാക്കുന്നതിനു് ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രി ഈ വൈകിയ വേളയിലെങ്കിലും ഈ വകുപ്പിന്റെ ഭരണം ശരിയായി നിർവ്വഹിക്കാൻ ഒരുമ്പെടുന്നില്ലെങ്കിൽ ഈ രാജ്യത്തെ ജനാധിപത്യം സംരക്ഷിക്കുന്നതിനു വേണ്ടി ഈ ഗവണ്മെൻറിനെ മാററാൻ ഇവിടത്തെ ജനങ്ങൾ പ്രേരിതരാവുമെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Deputy Speaker in the Chair]

ശ്രീ. എം. പി. എം. അഹമ്മദ്കുരിക്കൾ: മാഡം, കഴിഞ്ഞ മാസം വളരെവളരെ അത്യാകാംക്ഷയോടുകൂടി കേരളത്തിലെ ജനങ്ങൾ പലതും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. പല സംഭവങ്ങളും ഈ നിയമസഭയിൽ വച്ച് നടക്കുകയും ചെയ്തു. ഈ അവസരത്തിൽ ഗവൺമെൻറിൻെറ ശ്രദ്ധയിൽ ചില സംഗതികൾ പെടുത്തുക എന്നുള്ളതു മാത്രമാണ് ഞങ്ങളുടെ കർത്തവ്യം. പ്രതിപക്ഷപാർട്ടിയിൽ നിന്ന് പ്രത്യേകിച്ച് ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിൽ ചൂണ്ടിക്കാണിച്ച് ഗവൺമെൻറിനെ വിമർശിച്ചതു് ഈ ഗവൺമെൻറിനെ കരിതേയ്ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല. അസംതൃപ്തരായിക്കഴിഞ്ഞിരിക്കുന്ന ഈ നാട്ടിലെ ജനങ്ങളുടെ പ്രതിനിധികളെന്നുള്ള നിലയിൽ നിങ്ങളുടെ വീഴ്ചകൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതെല്ലാം അതിൻെറ മുഖവിലയ്ക്കെടുത്ത് ഒന്നു പരിശോധിച്ചുനോക്കി ഈ നാട്ടിലെ ജനങ്ങൾക്ക് വല്ലതും ചെയ്യാൻ സാധിക്കുമോ എന്ന് ഈ ഗവൺമെൻറ് പരിശോധിക്കേണ്ടതാണ്. ഇവിടെ നടക്കുന്ന കക്ഷിവ്യത്യാസങ്ങളിൽ അല്ലെങ്കിൽ നിങ്ങളുടെ പാർട്ടിയിൽ നടക്കുന്ന തമ്മിൽത്തല്ലുകളിൽ ഞങ്ങൾക്കു താൽപ്പര്യമില്ല എന്നാൽ ഒന്നുണ്ട്. കേരളത്തിലെ ജനങ്ങളാണെന്ന ബോധം ഞങ്ങൾക്കുണ്ട്. ഞങ്ങൾ അപമാനം സഹിച്ചുകൊണ്ട് ഈ കേരളത്തിൽ ഇന്നു കഴിയുകയാണ്. ഇതു് ഒരു രാജ്യത്തിനും ഒരു രാജ്യസ്നേഹിക്കും ഒരിക്കലും തന്നെ കണ്ടുസഹിക്കാൻ സാധിക്കാത്ത രീതിയിൽ നിങ്ങളുടെ കക്ഷിയിൽപ്പെട്ട ചിലർ പ്രവർത്തിക്കുന്നു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. സർ, ഈ കേരളത്തിൽ ജീവിക്കുന്നവർക്ക് തലതാഴ്ത്തിക്കൊണ്ട് എങ്ങനെയെങ്കിലും ജീവിക്കാം. കേരളീയരായ ജനങ്ങൾ വളരെയധികം ഇൻഡ്യയുടെ നാനാഭാഗങ്ങളിലും ജീവിക്കുന്നുണ്ട്. അവർ ഞാനൊരു കേരളീയനാണെന്നുപോലും പറയാൻ ലജ്ജിക്കുന്ന സ്ഥിതി ഈ കേരളത്തിൽ ഉണ്ടായിരിക്കുകയാണ്. നേരം വെളുത്തു് പുറത്തിറങ്ങി ഒരു തമിഴ്നാട്ടുകാരൻെറയോ, ആന്ധ്റാക്കാരൻെറയോ മുമ്പിൽ നിൽക്കാൻ ഇന്ന് ഒരു കേരളീയൻ കൂസുകയാണ്. ഞാൻ ഗവൺമെൻറു കക്ഷിയോടു പറയുകയാണ്, ഒന്നാമതായി ഞങ്ങളെ അഭിമാനപൂർവ്വം നടക്കാൻ സമ്മതിക്കുക. കേരളീയരാണെന്നു പറഞ്ഞു് തല ഉയർത്തിക്കൊണ്ടു നടക്കാൻ സമ്മതിക്കുക. ഇങ്ങനെ ചെയ്യുകയാണെങ്കിൽ അതായിരിക്കും കേരളീയരോടു ചെയ്യുന്ന ഏററവും വലിയ ഉപകാരമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. സർ, ഈ അപ്രോപ്രിയേഷൻ ബില്ലവതരിപ്പിക്കുന്ന സന്ദർഭത്തിൽ അധികം സംഗതികൾ പറയാൻ ഉദ്ദേശിക്കുന്നില്ല. ഇന്ന് ഈ നാട്ടിലെ എൻ. ജി. ഓ. മാരും, ടീച്ചേഴ്സും, ട്രാൻസ്പോർട്ടു തൊഴിലാളികളും സത്യാഗ്രഹം അനുഷ്ഠിച്ചുകൊണ്ട് ജാഥയായി നടക്കുകയാണ്. ജീവിക്കാൻ നിർവ്വാഹമില്ലാത്ത രീതിയിൽ അവരുടെ ജീവിതച്ചെലവിൻെറ സൂചിക വർദ്ധിച്ചിരിക്കുകയാണ്. അവർ പ്രതീക്ഷിച്ചത്ര അനുഭാവവും ആനുകൂല്യവും ഈ ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് അവർക്ക് കിട്ടിയിട്ടില്ല. ടീച്ചേഴ്സിൻെറ കാര്യത്തിൽ ഒരു കൂടിയാലോചനയ്ക്കുപോലും ഗവൺമെൻറ് സന്നദ്ധമാകാത്ത രീതിയിൽ പെരുമാറുകയാണ്. നമ്മുടെ കുട്ടികളെ പഠിപ്പിക്കുന്ന ഗുരുനാഥന്മാർ വെയിലുംകൊണ്ട് സെക്രട്ടറിയേററിൻെറ മുമ്പിലിരിക്കുന്നതു കാണാൻ കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നില്ല.

അതുപോലെ തന്നെ നിങ്ങളുടെ ധൂർത്തുകളെപ്പററി അധികം പ്രതിപാദിക്കുന്നില്ല. ട്രാൻസ്പോർട്ടു അന്വേഷണക്കമ്മിററി തന്നെ പറഞ്ഞിട്ടുണ്ടു വളരെയധികം പാഴ്ച്ചെലവുകൾ ആ വകുപ്പിൽ ഉണ്ടാകുന്നുണ്ടെന്ന്. 45 ലക്ഷം രൂപയുടെ സ്പെയർ പാർട്ട്സ് അവിടെ കെട്ടിക്കിടക്കുകയാണെന്നു പറയുന്നു. ഈ നിലയിൽ പല ഭാഗത്തും കാണുന്ന ധൂർത്തുകൾ അവസാനിപ്പിക്കണമെന്നാണ് എനിക്കു ഗവൺമെൻറിനോടു ആവശ്യപ്പെടാനുള്ളതു്.

നിയമനിർമ്മാണ കാര്യങ്ങളിലും വളരെ അലസതയാണു കാണുന്നതു്. നിങ്ങൾ തമ്മിലുള്ള സ്പർദ്ധകൊണ്ട് ജനങ്ങൾക്ക് അത്യാവശ്യമായ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാൻ നിങ്ങൾക്ക് സമയം കിട്ടുന്നില്ല. ലാൻറു ടാക്സ്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. എം. അഹമ്മദ്കുരിക്കൾ]

ബില്ലിന്റെ കാര്യത്തിൽ ഇതുവരെ ഒന്നും ആയിട്ടില്ല. ഒരുപക്ഷെ അതു് കേന്ദ്രത്തിലാണു് കിടക്കുന്നതെന്നു പറഞ്ഞേക്കാം. എന്നാൽ അതുകൊണ്ടു് വിഷമം അനുഭവിക്കേണ്ടിവരുന്നതു് ഈ നാട്ടിലെ ജനങ്ങളാണു്. ഇപ്പോൾ കുറേശ്ശ കുറേശ്ശ അടയ്ക്കുവാൻ സൗകര്യം കൊടുക്കാതെ അവസാനം അഞ്ചാറു കൊല്ലത്തെ ഗഡുവുകൾ ഒരുമിച്ചു അടയ്ക്കേണ്ടിവന്നാൽ അതിന്റെ യാതന അനുഭവിക്കേണ്ടതു് ഈ രാജ്യത്തുള്ളവരാണു്. അതുപോലെ തന്നെ കോവാപ്പറേറ്റീവ് ബില്ലിനെ സംബന്ധിച്ചുള്ള നടപടിയും മുമ്പോട്ടു പോയിട്ടില്ല. ഇങ്ങനെ നോക്കിയാൽ നിയമനിർമ്മാണ കാര്യത്തിൽ നാം വളരെയധികം പരാജയപ്പെട്ടിരിക്കുകയാണെന്നു പ റ യാ തെ നിവൃത്തിയില്ല. ആഗ്രിക്കൾച്ചറൽ ഇൻകംടാക്സ് സംബന്ധിച്ച സ്ലാബ് സിസ്റ്റം ഏർപ്പെടുത്തുമെന്നു മുഖ്യമന്ത്രി തന്നെ പറഞ്ഞിട്ടുള്ളതാണു്.

<u>ശ്രീ. ആർ. ശങ്കർ</u> : ആ ബിൽ പാസ്സാക്കിയ വിവരം ബഹുമാനപ്പെട്ട മെമ്പർക്കു അറിഞ്ഞുകൂടേ?

<u>ശ്രീ. എം. പി. എം. അഹമ്മദ്കുരിക്കൾ</u> : ബില്ല് പാസായിട്ടുണ്ടെങ്കിലും ഇതുവരെ അതു് നടപ്പിൽ വരുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുകയാണു ചെയ്യുന്നതു്. പഞ്ചായത്തു് ആക്ററു് ഈ നാട്ടിലുണ്ടെങ്കിലും ചോദ്യോത്തര വേളയിൽ പറയുകയുണ്ടായി ഇപ്പോഴും മലബാറിൽ മദ്രാസിലുള്ള റൂളുകളാണു നിലവിലുള്ളതെന്നു്. അതു് റിപ്പീൽ ചെയ്തിട്ടില്ലെന്നാണു പറയുന്നതു്. എക്സിക്യൂട്ടീവ് ആഫീസർമാർ 250 രൂപ ഇവിടെ സെക്യൂരിററി വയ്ക്കണമെന്നുള്ളപ്പോൾ മലബാർ ഭാഗത്തു് റൂൾസ് റിപ്പീൽ ചെയ്യാത്തതുകൊണ്ടു് 500 രൂപ സെക്യൂരിററി വയ്ക്കേണ്ടിയിരിക്കുന്നു. നിയമനിർമ്മാണങ്ങളെ സംബന്ധിച്ചിടത്തോളം റൂളുകൾ തയ്യാറാക്കുന്ന കാര്യത്തിൽ എത്രത്തോളം പതുക്കെയാണു് ഗവണ്മെന്റു പോകുന്നതെന്നുള്ളതു് ഇതിൽ നിന്നും മനസിലാക്കാൻ കഴിയും.

സർവ്വീസിൽ ഉള്ളവർക്കു് ന്യായമായ കാര്യങ്ങൾ വേണമെങ്കിൽ ഹൈക്കോടതിയെ സമീപിക്കണമെന്നു വന്നിട്ടുണ്ടു്. എത്രയോ റിട്ടു പെററീഷൻ ഹൈക്കോടതിയിൽ പോകുന്നുണ്ടു്. ഹൈക്കോടതിയിൽ പോയാലേ നീതി കിട്ടുകയുള്ളു എന്ന ബോധം ഉദ്യോഗസ്ഥന്മാർക്കു് ഉണ്ടായിരിക്കുകയാണു്. സർവ്വീസിൽ നിയമനത്തിൽ വന്നിട്ടുള്ള തകരാറുകൾ എത്രയോ ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഇനിയെങ്കിലും, ന്യായമായും നീതിയായും ആ കാര്യങ്ങൾ ചെയ്യണമെന്നുള്ള ബോധം ഗവണ്മെന്റിനുണ്ടാകേണ്ടതാണു്.

അടുത്തതായി എനിക്കു് പോലീസുഭരണത്തെ സംബന്ധിച്ചാണു പറയാനുള്ളതു്. വ്യക്തിതാൽപ്പര്യം മാത്രം വച്ചുകൊണ്ടു് ഏതെങ്കിലും സബ് ഇൻസ്പെക്ടറെയോ, സർക്കിൾ ഇൻസ്പെക്ടറെയോ തരം താഴ്ത്തണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. എന്തെല്ലാം സംഭവങ്ങൾ ഈ രാജ്യത്തു നടക്കുന്നുണ്ടു്, കാര്യങ്ങൾ നടത്താൻ എന്തെല്ലാം പ്രതിബന്ധമുണ്ടു്, ഏതെല്ലാം തരത്തിലുള്ള ഭീകരമായ പ്രസംഗങ്ങളാണു് നടക്കുന്നതു് എന്നെല്ലാം ഗവണ്മെന്റു അറിയേണ്ടതുണ്ടു്. ഞങ്ങളുടെ പ്രദേശങ്ങളിലുള്ള പല പോലീസ് സ്റ്റേഷനുകളിലും ഇന്നു യഥാർത്ഥമായി കേസ് രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനും, ആ കേസ് അന്വേഷിപ്പിക്കുന്നതിനും കാൺഗ്രസ് പ്രവർത്തകന്മാർ താവളമടിച്ചു താമസിക്കുകയാണു് ഇതു് ഈ ഗവണ്മെന്റിനു അപമാനകരമാണു്. വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ നമ്മുടെ നാട്ടിലുള്ള പലരുടെയും ചിന്തയ്ക്കു് വിഷയീഭവിച്ചിട്ടുണ്ടു്. ഇതിനിടയിൽ മുസ്ലീം ലീഗു പാർട്ടിയെ സംബന്ധിച്ചു വളരെ നീചവും നികൃഷ്ടവുമായ രീതിയിൽ ഈ രാജ്യത്തെ ജനങ്ങളെ തെററിദ്ധരിപ്പിക്കാൻ പലരും കല്പിച്ചുകൂട്ടി പ്രവർത്തിക്കുന്നുണ്ടു്. ഈ അവസരത്തിൽ അതിനെപ്പററി കൂടുതലായി ഒന്നും പറയുന്നില്ല. ഞങ്ങൾ കേരളാ നിയമസഭയിൽ വന്നിട്ടു് 6 കൊല്ലമായി. മുസ്ലീംലീഗ് പാർട്ടി വർഗ്ഗീയമായ നിലപാടിൽക്കൂടി എന്തെങ്കിലും കൈകാര്യം ചെയ്തിട്ടുണ്ടോ? ഈ നാട്ടിലെ സമുദായസൗഹാർദ്ദത്തിനെതിരായി എന്തെങ്കിലും ഒരു വാക്കു് മുസ്ലീംലീഗ് പാർട്ടിയിൽ നിന്നോ



LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തകരിൽ നിന്നോ, വന്നിട്ടുണ്ടെങ്കിൽ അതു കാണിച്ചുതരാൻ ഈ ഗവണ്മെൻറിനെ വെല്ലുവിളിക്കുകയാണ്. ഞങ്ങൾ ഈ രാജ്യത്തു് സമുദായ സൗഹാർദ്ദത്തിനാണ് നിലകൊണ്ടിട്ടുള്ളതു്. ഈ നാട്ടിലെ ക്രിസ്തീയ സഹോദരന്മാർ വളരെ അധികം പ്രക്ഷോഭണം നടത്തിയപ്പോൾ വിദ്യാഭ്യാസ വിഷയത്തിൽ അവരോടനുകൂലിച്ച് ഞങ്ങൾ കുറെ ത്യാഗം സഹിക്കുകയാണ് ചെയ്തിട്ടുള്ളതു്. അതിനു കർബാലായാണ് നൽകിയതെങ്കിലും ഞങ്ങൾ സമുദായ സൗഹാർദ്ദം വേണമെന്നാണാഗ്രഹിച്ചതു്. ഇപ്പോൾ മുസ്ലീംലീഗ് പാർട്ടിയെ ഒരു എല്ലിൻകഷണംപോലെ കാൺഗ്രസ് പാർട്ടിയും കമ്മ്യൂണിസ്റ്റു പാർട്ടിയും തെരുവുകളിൽ വലിച്ചിഴക്കുകയാണ്. ഇതെങ്ങിനെ വന്നു എന്ന് എനിക്കറിയാം. വിമോചനസമരകാലത്തു് നാം ഒത്തൊരുമിച്ച് പ്രവർത്തിച്ചിരുന്നപ്പോൾ, കാൺഗ്രസ്സിലെ ഒരു ഉന്നതനായ വ്യക്തി പറയുകയുണ്ടായി, അങ്ങേത്തോട്ട് സീററ് തനിക്കു നൽകിയില്ലെങ്കിൽ മുസ്ലീംലീഗിനെ തുരങ്കം വയ്ക്കാൻ താൻ ശ്രമിക്കുമെന്ന്. ആ സീററു നൽകിയാൽ, താൻ മന്ത്രിയാകും എന്നു പറഞ്ഞയാൾ ഇന്ന് മുസ്ലീംലീഗിനെ കരിതേച്ച് ചിത്രീകരിക്കാൻ ശ്രമിക്കുകയാണ്. ഈ നാട്ടിൽ ഹിന്ദു മുസ്ലീം സൗഹാർദ്ദത്തിന് ഞങ്ങൾ ബദ്ധപ്പെട്ട് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഏതെങ്കിലും വിധത്തിൽ സമുദായ സൗഹാർദ്ദത്തിന് നിരക്കാത്തതൊന്നും പ്രവർത്തിക്കണമെന്നു ഞങ്ങൾക്ക് ആഗ്രഹമില്ല. മുസ്ലീംലീഗു പാർട്ടിയെ സഹായിക്കണമെന്നു പറഞ്ഞു ഞങ്ങൾ അങ്ങോട്ടു വരികയില്ല. ഞങ്ങൾക്ക് സഹായകമായി ഞങ്ങൾ എന്തു നിലപാടു സ്വീകരിക്കണമെന്നു ഞങ്ങൾ തന്നെ തീരുമാനിക്കും. ഇവിടത്തെ കാൺഗ്രസ് പാർട്ടിയോ, കമ്മ്യൂണിസ്റ്റു പാർട്ടിയോ ഞങ്ങളെച്ചൊല്ലി അതിൽ ലഹളകൂട്ടേണ്ടയാവശ്യമില്ല. കേരളത്തിലെ ജനങ്ങൾ അഭിലഷിക്കുന്നതനുസരിച്ച് മുമ്പോട്ടുപോയി സമുദായസൗഹാർദ്ദം സ്ഥാപിക്കുന്നതിന് ഞങ്ങൾ നിലകൊള്ളും. അക്കാര്യത്തിൽ ഉന്നതസ്ഥാനങ്ങളെപ്പററിയൊന്നും ഞങ്ങൾ പരിഗണിക്കുകയില്ലെന്നു പറഞ്ഞുകൊള്ളുന്നു.

<u>ശ്രീ. കെ. സി. എബ്രഹാം :</u> ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിക്കുന്നു. നമ്മുടെ പദ്ധതിപ്രവർത്തനങ്ങളുടെ ഫലമായി വളരെ ഗണ്യമായ നേട്ടങ്ങൾ രാജ്യത്തുണ്ടായിട്ടുണ്ട്. നമ്മുടെ ദേശീയ വരുമാനം വർദ്ധിച്ചിട്ടുണ്ട്. പക്ഷേ, അതിന്റെ വിനിയോഗത്തെപ്പററി അഭിപ്രായവ്യത്യാസങ്ങൾ ഉണ്ട്. കേരളത്തിൽ 83 ശതമാനത്തോളം ഗ്രാമീണരാണ്. വികസനപ്രവർത്തനങ്ങൾ സോഷ്യലിസം എന്നെല്ലാം ഗ്രാമങ്ങളിലെ ജനങ്ങൾ കേട്ടിട്ടുണ്ടെങ്കിലും അനുഭവത്തിൽ അവരെ അതു സ്പർശിച്ചിട്ടുണ്ടോയെന്നു സംശയമാണ്. ശ്രീ. നാരായണക്കുറുപ്പിന്റെ ഭാഷയിൽ പറഞ്ഞാൽ, ഗ്രാമങ്ങൾ നഗരങ്ങളാൽ ചൂഷണം ചെയ്യപ്പെടുന്ന കോളനികളാണ്. വികസനപ്രവർത്തനങ്ങൾ ഏതാനും ചില പ്രദേശങ്ങളിൽ ചുററിപ്പററിക്കിടക്കുകയാണ്. ആ നിലയ്ക്കു ഒരു മാററം വരുത്തി എല്ലാ പ്രദേശങ്ങളിലും ഒന്നുപോലെ വികസനപ്രവർത്തനങ്ങൾക്കുള്ള നടപടികൾ എടുക്കേണ്ടതാണ്. ഗ്രാമങ്ങൾക്കു പററിയ ഗ്രാമീണ വ്യവസായങ്ങൾ ഉണ്ടാക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ചികിൽസാ കേന്ദ്രങ്ങൾ മുതലായവ എല്ലാ ഗ്രാമങ്ങളിലും ഉണ്ടായിരിക്കണം. വിദ്യുച്ഛക്തി ഇന്നും എത്താത്ത ഗ്രാമങ്ങൾ ഉണ്ട്. ആ നിലയിൽ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ തന്നെ ചില മാററങ്ങൾ വരുത്തേണ്ടതുണ്ട്. കിടക്കാൻ വീടില്ലാത്തതും, കുടിക്കാൻ ശുദ്ധജലം ലഭിക്കാത്തതുമായ പ്രദേശങ്ങളും കേരളത്തിൽ ധാരാളം ഉണ്ട്. ഹൗസിംഗിന്റെ കാര്യത്തിൽ ഗവണ്മെൻറ് കാര്യമായ ശ്രദ്ധ പതിപ്പിച്ചുകാണുന്നില്ല. ഹൗസിംഗിന് പല സ്കീമുകളും ഉണ്ടെങ്കിലും കേരളത്തിലെ വീടുകൾ പഴയ നിലയിൽ തന്നെ നിൽക്കുകയാണ്. അതിലേക്ക് കേന്ദ്രം നീക്കിവച്ചിരുന്ന തുകയിൽ കുറെ കുറവു വരുത്തിയതായി കാണുന്നുണ്ട്. നമ്മുടെ വൈദ്യുത പദ്ധതികൾക്കും വ്യവസായങ്ങൾക്കും കൂടുതൽ പണം വേണം. അതിനു ഹൗസിംഗിൽ നിന്നാണു പണം കണ്ടെത്താൻ പോകുന്നതെങ്കിൽ അതു ന്യായീകരിക്കത്തക്കതല്ല. ജനസാന്ദ്രതയുള്ള തീരപ്രദേശങ്ങളിൽ ഒരേക്കറിൽ പതിനഞ്ചും ഇരുപതും വീടുകൾ കാണും. ഓരോ വീടും ഒന്നോ രണ്ടോ ചെറിയ മുറികളുള്ളതായിരിക്കും. അതിൽ താമസിക്കുന്നതു് ഒരു കുടുംബവുമായിരിക്കുകയില്ല. അച്ഛനും, അമ്മയും, പ്രായംചെന്ന മക്കളും, അവരുടെ കുടുംബവുമായി

2/2097/V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. സി. എബ്രഹാം]

രണ്ടും മൂന്നും കുടുംബങ്ങൾ ഒരു വീട്ടിൽ കാണും. പരിസരങ്ങളാണെങ്കിൽ തീരെ അനാരോഗ്യകരമായിരിക്കും. ഇങ്ങനെയാണു് ജനങ്ങൾ തിങ്ങിക്കഴിഞ്ഞുകൂടുന്നതു്. പുതിയ വീടുവച്ചു് മാറുന്നതിനുള്ള സൗകര്യവും കാണുകയില്ല. ഭക്ഷണം, വസ്ത്രം എന്നിവപോലെതന്നെ അടിസ്ഥാനപരമായ ഒരാവശ്യമാണു് വീടു്. ആ നിലയിൽ വീടുവച്ചു് താമസിക്കുന്നതിനു് സൗകര്യമില്ലാത്തവർക്കു് സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതു് ഗവണ്മെന്റിന്റെ ചുമതലയല്ലെന്നു വിചാരിച്ചാൽ അതൊരു ശരിയായ നയമായിരിക്കുകയില്ല ഈ പ്രശ്നത്തിന്റെ മുമ്പിൽ ഗവണ്മെന്റു് കണ്ണടച്ചു നില്ക്കുകയാണെങ്കിൽ അതു ഏതാനും കൊല്ലങ്ങൾക്കുള്ളിൽ ഒരു വിപ്ലവം ക്ഷണിച്ചുവരുത്തുകയായിരിക്കും ചെയ്യുന്നതു്. അതുകൊണ്ടു് ഓരോ പഞ്ചായത്തിൽനിന്നും സ്ഥലം അക്വയർചെയ്തു രണ്ടോ മൂന്നോ സെന്റുവീതമെങ്കിലും ഇങ്ങനെ വീടുവയ്ക്കുന്നതിനു് സൗകര്യമില്ലാത്തവർക്കു് പണം തിരിച്ചടയ്ക്കത്തക്ക വ്യവസ്ഥയിൽ കൊടുക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണു്. ഹൗസിംഗിനു് ഒരു പ്രത്യേക മന്ത്രിയും ഡിപ്പാർട്ടുമെന്റും ഉണ്ടായിരിക്കണം. ഇന്നു് ഹൗസിംഗ് പല വകുപ്പുകളുടേയും ചാർജ്ജുള്ള ഒരു മന്ത്രിയുടെ കീഴിലാണു്. ഈ നില മാററി ഇതിനു് തക്ക പ്രാധാന്യം നൽകി പ്രവർത്തിക്കേണ്ടതാണു്.

ശുദ്ധജലവിതരണത്തെപ്പററിയും രണ്ടു വാക്കു് പറയുവാനുണ്ടു്. ഗവണ്മെന്റു് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുന്നുണ്ടു്. പക്ഷേ, എന്റെ പ്രദേശത്തെ സംബന്ധിച്ചിടത്തോളം കുറേ കാലങ്ങൾക്കു മുമ്പു് ചെയ്തിട്ടുള്ള ഒരു വാഗ്ദാനം പാലിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. അവിടെ ശുദ്ധജലം കൊടുക്കുന്നതിനുള്ള ഒരു പദ്ധതി കൊച്ചി മഹാരാജാവിന്റെ കാലത്തു് തുടങ്ങിയതാണു്. എൽ. സി. എം.-ൽ വെള്ളം കൊണ്ടുചെന്നു് ചെറിയ ടാങ്കുകളിൽ സംഭരിച്ചു് പൈപ്പുവഴി വിതരണം ചെയ്കയാണു് ചെയ്തിരുന്നതു്. സംയോജനം നടന്നതോടുകൂടി അതിനു കുറേ മാന്ദ്യം വന്നുവെങ്കിലും കാലതാമസം കൂടാതെ ആ പദ്ധതി പൂർത്തിയാക്കുമെന്നുതന്നെ ജനങ്ങൾ വിശ്വസിച്ചിരുന്നു. പക്ഷേ അതു പൂർത്തിയാക്കിയിട്ടില്ല ഒരു ഓവർ ഹെഡ്ഡ് ടാങ്കു് കെട്ടി കൂടുതൽ ജലവിതരണത്തിനുള്ള എസ്റ്റിമേററു് തയാറാക്കിയതാണു്. അതും നടപ്പിൽ വന്നില്ല. ആലുവായിലും പറവൂരിലും സമീപപ്രദേശങ്ങളിലും ശുദ്ധജലം കൊടുക്കാനുള്ള ഒരു കോംപ്രിഹെൻസീവ് സ്കീമും ഉണ്ടായിരുന്നു. അതും ഇതുവരെ നടപ്പിൽവരുത്തിയിട്ടില്ല.

1960-ൽ ശ്രീമാൻ പട്ടം താണുപിള്ള മുഖ്യമന്ത്രിയായിരുന്ന കാലത്തു് പതിനായിരക്കണക്കിനു ജനങ്ങൾ കൂടിയിരുന്ന ഒരു സദസ്സിൽവച്ചു് വൈപ്പിൻകരയിൽ താമസിയാതെ ശുദ്ധജലം കൊടുക്കുന്നതാണെന്നു പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. തുടർച്ചയായിട്ടുള്ള ഗവണ്മെന്റുകൾ വൈപ്പിൻകരയിലെ ജനങ്ങൾക്കു് കുടിക്കാൻ വെള്ളം കൊടുക്കുമെന്നു് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അവരുടെ പ്രതീക്ഷകൾ സാഫല്യത്തിൽ എത്തിയിട്ടില്ല. നമുക്കെല്ലാം അറിയാം കരയുന്ന കുട്ടിക്കു മാത്രമേ പാലുള്ളു എന്നു്. എന്നാൽ ഇപ്പോൾ ഇതു കണ്ടിട്ടു് തോന്നിപ്പോകുന്നതു് കരയുന്നവർ പോരാ കാലുകൊണ്ടു് തൊഴിച്ചാലേ കാര്യം നടക്കുകയുള്ളു എന്നാണു്. ഗവണ്മെന്റു് വാഗ്ദാനം നിറവേററും എന്നു അവിടത്തെ ജനങ്ങൾ വിശ്വസിച്ചിരുന്നു. ഞാൻ ഗവണ്മെന്റിനെ ഓർമ്മിപ്പിക്കുകയാണു്, ഇനിയും അവരുടെ ക്ഷമ പരീക്ഷിക്കരുതു് എന്നു്.

സർ, ഇവിടെ രാജ്യസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനെപ്പററി പരിഹസിച്ചു സംസാരിക്കുന്നതു കേട്ടു. പക്ഷേ ഞങ്ങളെ ആക്ഷേപിക്കത്തക്കവണ്ണം പ്രതിപക്ഷത്തു ഇരിക്കുന്നവരുടെ കൈകൾ അത്ര ശുദ്ധമാണോ എന്നു അവർ ഒന്നു സ്വയം ചിന്തിക്കണം. പ്രത്യേകിച്ചും എന്റെ പി. എസ്. പി. സുഹൃത്തുക്കൾ. കേരള രാഷ്ട്രീയത്തിൽ കുറെ അഴുക്കുകളുണ്ടു്. അതു ഞാനും സമ്മതിക്കുന്നു. ഞങ്ങൾ അതു തുടച്ചുനീക്കുന്നു. ഞങ്ങൾ മാത്രം അതിനുത്തരവാദികളാണെന്നു നിങ്ങൾ വിചാരിക്കരുതു്. ഞങ്ങളെപ്പോലെതന്നെ നിങ്ങൾക്കും അതിൽ ഉത്തരവാദിത്വമുണ്ടു്. നിങ്ങളും അതിൽ തെററുചെയ്തിട്ടുണ്ടെന്നാണു് ഈ നാട്ടിലെ ജനങ്ങൾ വിശ്വസിക്കുന്നതു്. ഈ നാട്ടിലെ പത്രങ്ങളും അതാണു

LIBRARY ARCHIVES Kerala Legislative Assembly

വിശ്വസിച്ചിരിക്കുന്നതു്. ഒരു കേരളീയൻ എന്നുള്ള നിലയിൽ Muslim League നേതാ പിനു കേരളത്തിനു പുറത്തു പോകുന്നതി ൽ ലജ്ജ തോന്നുന്നു എന്നു പറഞ്ഞു. എന്നാൽ ഒരു കേരളീയനും ഒരു ഭാരതീയനും എന്നുള്ള നിലയിൽ ഞാൻ അഭിമാനം കൊള്ളുകയാണു് ചെയ്യുന്നതു്. അതാണു് ഇവിടത്തെ സഹി ഷ്ണുതാബോധവും പാരമ്പര്യവും സംസ്കാരവും. പക്ഷേ അദ്ദേഹത്തിനു ലജ്ജ തോന്നുന്നു. ഭാരതത്തിൽനിന്നും പാകിസ്ഥാനിലേക്കു പോയിട്ടുള്ളവർ എന്തു കൊണ്ടു് വീണ്ടും ഭാരതത്തിലേക്കു മടങ്ങിവരാൻ അഭിലഷിക്കുന്നു. എന്തു കൊണ്ടു അവർ ഇൻഡ്യയിലേക്കു തിരിച്ചുവരുന്നു എന്നു നാം ആലോചിക്കണം. ഇസ്രയിൽ രാജ്യത്തേക്കു ഇൻഡ്യയിൽനിന്നു പോയവർ എന്തുകൊണ്ടു് ഇൻഡ്യ യിലേക്കു തിരിച്ചുവരണമെന്നു കാംക്ഷിക്കുന്നു. ഇൻഡ്യയ്ക്കു് സഹിഷ്ണുതയില്ലാ ത്തതുകൊണ്ടാണോ അവർ ഇൻഡ്യയിലേയ്ക്കു തിരിച്ചുവരാൻ ആഗ്രഹിക്കുന്നതു്. അതുകൊണ്ടു് നമ്മുടെ രാജ്യത്തിനു ചീത്തപ്പേരു വരുത്തുന്ന ഈ തരം പ്രസ്താവന കൾ ആരും ചെയ്യാതിരിക്കുന്നതാണു് നല്ലതു്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ധനവിനിയോഗബില്ലിനെ അനുകൂ ലിച്ചുകൊണ്ടു ഒന്നുരണ്ടുകാര്യങ്ങൾമാത്രമേ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്ത ണമെന്നു ഞാൻ ആഗ്രഹിക്കുന്നുള്ളു. നാം ഇന്നു മൂന്നാമത്തെ പഞ്ചവത്സരപദ്ധ തിയുടെ അവസാനഭാഗത്തു എത്താണ്ടു എത്തിയിരിക്കുകയാണു്. വരുന്ന രണ്ടു വർഷത്തിനകം ഈ രാജ്യത്തെ കഴിഞ്ഞ 13 വർഷക്കാലത്തെ വികസനപ്രവ ർത്തനങ്ങളെസംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ജനങ്ങളും മററു വിവരമുള്ള ആളുകളും വിധി എഴുതാൻപോകുകയാണു്. ആ ഘട്ടത്തിൽ ഈ ഗവണ്മെ ൻറിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു വിലയിരുത്തണം എന്നു ആഗ്രഹിക്കുന്നി ല്ലെങ്കിലും ഒന്നുരണ്ടു സംഗതികൾ ഞാൻ അനുസ്മരിക്കുകയാണു്.

സർ, ആദ്യമായി ഈ സെൻട്രൽ സെക്ടറിൽ ഇൻവെസ്ററു ചെയ്യുന്ന തിനെ സംബന്ധിച്ചാണു്. രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു ഏതാണ്ടു മൊത്തം 657·9 കോടി രൂപ കേന്ദ്രം വ്യവസായവികസനത്തിനുവേണ്ടി അഖിലേൻഡ്യാ അടിസ്ഥാനത്തിൽ വ്യവസായങ്ങൾക്കുവേണ്ടി ചെലവാക്കിട്ടു ണ്ടെങ്കിൽ ഈ സംസ്ഥാനത്തിനു മൊത്തത്തിൽ കിട്ടിയതു ഒരു ഡി. ഡി. ടി. ഫാക്ടറി മാത്രമാണു്. അതിനുവേണ്ടി 70 ലക്ഷം രൂപയാണു് നമുക്കു കിട്ടിയതു്. അതായതു് കേന്ദ്രഗവണ്മെൻറു നമ്മുടെ സംസ്ഥാനത്തു വ്യവസായ വികസനത്തിനുവേണ്ടി ചെലവാക്കിയതു 0 1 ശതമാനം മാത്രമാണു്. ഈ പദ്ധതിക്കു ഏതാണ്ടു 3,600 കോടി രൂപ കേന്ദ്രം നീക്കിവച്ചിട്ടുണ്ടു്. നാം മൂന്നാം പദ്ധതിയുടെ മൂന്നാമത്തെ വർഷം പിന്നിട്ടുകൊണ്ടിരിക്കുകയാണു്. നമ്മുടെ ഇന്നത്തെ ജനസംഖ്യക്കണക്കനുസരിച്ചു 140 കോടി രൂപയോളം ഈ 3,600 കോടി രൂപയിൽനിന്നും ഈ രാജ്യത്തിനുവേണ്ടി ചെലവാക്കേണ്ടതാ ണെന്നു ന്യായമായിട്ടു പറയാൻ നമുക്കു അവകാശമുണ്ടു്. സർ, ഇവിടെ പത്തോ ഇരുപതോ കോടി രൂപ കൊച്ചിയിൽ ഷിപ്പു് ബിൽഡിംഗ് യാർഡു് ഉണ്ടാക്കുന്നതിനുവേണ്ടിയും എട്ടു കോടി രൂപ ഫാക്ടിന്റെ വികസനത്തിനു വേണ്ടിയും അതുപോലെ ഏതാനുംകോടിരൂപ ഫാംസ് പ്രസ്സിനും ഹൈഡ്രോ കെമിക്കൽ പ്ലാൻറു സ്ഥാപിക്കുന്നതിനും ചെലവാക്കാൻ ഉദ്ദേശിക്കുന്നകാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഹൈഡ്രോ കെമിക്കൽസിന്റെ കാര്യം ഞാൻ ആവർത്തിച്ചു പറയുകയാണു്. അതു ഇവിടെ സ്ഥാപിക്കുന്നുണ്ടെന്നും ഇല്ലെന്നും കേൾക്കുന്നു. മൊത്തം നാല്പതു കോടി രൂപയുടെ പ്രവർത്തനങ്ങൾ ഇവിടെ ആരംഭിക്കാനുള്ള ഏർപ്പാടു പൂർത്തിയായിരിക്കുകയാണു്. എന്നാൽ നമുക്കു കിട്ടേണ്ടതു 40 കോടി രൂപ മാത്രമല്ല. കുറഞ്ഞതു 140 കോടി രൂപയെങ്കിലും ഈ വരുന്ന രണ്ടുവർഷത്തിനകം ചെലവാക്കി ഈ സംസ്ഥാനത്തോടു കേന്ദ്ര ഗവണ്മെൻറു നീതി കാണിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

മറെറാരുകാര്യം എനിക്കു പറയാനുള്ളതു്, ഇവിടത്തെ നെല്ലിന്റെ ഉൽപ്പാ ദനത്തെസംബന്ധിച്ചിടത്തോളമാണു്. സർ, ഈ രാജ്യത്തു ഏതു ഗവണ്മെൻറു വന്നാലും പൊതുജനങ്ങൾ ഏററവും കൂടുതൽ വിമർശിക്കുന്നതും അതേസമയം പൊതുജനങ്ങൾ ഏററവും വൈഷമ്യം അനുഭവിക്കുന്നതും ഇവിടത്തെ ഭക്ഷ്യ നിലവച്ചുകൊണ്ടാണു്. അതു എത്രയും വേഗം പരിഹരിച്ചേ മതിയാകൂ. ഇന്നത്തെ കണക്കനുസരിച്ചു പത്തോ പതിനൊന്നോ ലക്ഷം ടൺ അരി മാത്ര

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാലേത്തു ഗോപിനാഥപിള്ള]

മാണ്' ഈ സംസ്ഥാനത്തു ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുന്നതു്. പ്രതിവർഷം ഒരുകോടി രൂപയോളം ഈ അരിയുടെ കാര്യത്തിനുവേണ്ടി മാത്രം ഗവണ്മെൻറു സബ്സിഡിയായി ചെലവാക്കിക്കൊണ്ടിരിക്കുകയാണ്. ഈ വർഷം മൂന്നു ലക്ഷത്തിലധികം ടൺ അരി ഉൽപ്പാദിപ്പിക്കണമെന്നു ആഗ്രഹിച്ചു എങ്കിലും നമ്മുടെ ആകെച്ചാൽ ഒരു ലക്ഷത്തിലധികം ടൺമാത്രമാണ്. ഏതായാലും ഈ പഞ്ചവത്സരപദ്ധതിയിൽ നെല്ലു് ഉൽപ്പാദനത്തിനു ഗവണ്മെൻറു കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം എന്നാണെനിക്കു പറയുവാനുള്ളതു്. ഇവിടത്തെ ആഹാരത്തിൻെറ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഗവണ്മെൻറിനു ചെയ്യാൻ കഴിവുള്ളതെല്ലാം ചെയ്യാതെ എത്ര നല്ല കാര്യങ്ങൾ ഗവണ്മെൻറു ചെയ്താലും പൊതുജനങ്ങൾ അതു അതൃപ്തിയോടും അസംതൃപ്തിയോടും കൂടി മാത്രമേ വീക്ഷിക്കുകയുള്ളു. അതുകൊണ്ടു അരിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നകാര്യത്തിൽ ഗവണ്മെൻറു ഏററവും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം. മററു സംസ്ഥാനങ്ങളിൽ ഏക്കറിനു ശരാശരി 750 റാത്തൽ നെല്ലു ഉൽപ്പാദിപ്പിക്കാം എന്നിരിക്കെ ഏക്കറിനു ഇപ്പോൾ നമ്മുടെ രാജ്യത്തു 1025 റാത്തലോളംവരെ നമ്മുടെ ഉൽപ്പാദനം ഉയർന്നുകഴിഞ്ഞിട്ടുണ്ടു് എന്നുള്ളതു ഞാൻ വിസ്മരിക്കുന്നില്ല. ഇന്നു ഇവിടെ ഉൽപ്പാദിപ്പിക്കുന്ന നെല്ലിൻെറ കാര്യത്തിൽ ഗവണ്മെൻറു ഏററവും കൂടുതൽ ശ്രദ്ധിക്കുന്നുണ്ടു് എന്നുള്ളകാര്യം ഓർത്തുകൊണ്ടുതന്നെ ഞാൻ ആവർത്തിച്ചു പറയുകയാണ്. മറെറല്ലാ പരിപാടികളും നടപ്പാക്കുന്നതിനോടൊപ്പംതന്നെ ഈ രാജ്യത്തെ ഭക്ഷ്യക്കമ്മി മാററുന്നതിനു 1964--65--ലേക്കു ഒരു 26 ലക്ഷംടൺ അരിയോളം വേണ്ടിവരും എന്നുള്ളതുകൊണ്ടു അത്രയും അരി ഉൽപ്പാദിക്കുന്നതിനു നമുക്കു കഴിവുണ്ടായിരിക്കണം. ഏകദേശം പത്തോ ഇരുപതോ ലക്ഷം ടൺ അരി കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിനു കഴിയണം. അതിലേക്കു കൃത്യനിർവ്വഹണബുദ്ധിയോടുകൂടി ഗവണ്മെൻറു മുന്നോട്ടു പോകുന്നെങ്കിൽ അതു ഈ രാജ്യത്തെസംബന്ധിച്ചിടത്തോളം ഒരു വലിയ നേട്ടമാണെന്നു ഞാൻ പറയുകയാണ്.

ഞാൻ എൻെറ പ്രസംഗം സമയക്കുറവിനാൽ ഉപസംഹരിക്കുകയാണ്. ഇവിടെ ഗവണ്മെൻറിൻെറ പ്രവർത്തനങ്ങളെ സംബന്ധിച്ചു ചില വിമർശനങ്ങളൊക്കെ നടന്നു. സർ, ഈ ഗവണ്മെൻറിനെ സംബന്ധിച്ചു എനിക്കു ഒരാക്ഷേപവും തോന്നുന്നില്ല. ഈ ഗവണ്മെൻറു എന്നു പറയുന്നതു് ചേറിൽ പുതഞ്ഞുനിൽക്കുന്ന ചെന്താമരയാണ്. ചേറിൽ പുതഞ്ഞു നിൽക്കുന്നതായാലും ആ ചെന്താമരപുഷ്പം ഐശ്വര്യസമൃദ്ധമാണ്, പരിശുദ്ധമാണ്. എന്തായിരുന്നാലുംശരി അതു അങ്ങനെ പരിപുഷ്ടമായി പരിലസിക്കുകതന്നെചെയ്യും. ഓരോവർഷവും അതു പരിപുഷ്ടമായി പുഷ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രതിപക്ഷത്തിൻെറ വിമർശനങ്ങൾ തെററാണെന്നു ഞാൻ പറയുന്നില്ല. പ്രതിപക്ഷങ്ങളുടെ വിമർശനങ്ങളാകുന്ന ചൂളയിൽകൂടി പൊന്നു കാച്ചി മുക്കിക്കൊണ്ടിരിക്കുകയാണ്. അതിൻെറ കറകൾ തീർത്തും പൊയ്ക്കൊണ്ടിരിക്കുകയാണ്. കറകൾ മുഴുവൻ അങ്ങനെ പോയി കാച്ചി തനിസ്വർണ്ണമാക്കി എടുക്കുന്നതിനു പ്രതിപക്ഷവും കൂടി സഹായിക്കണമെന്നപേക്ഷിച്ചുകൊണ്ടു ഞാനെൻെറ പ്രസംഗം അവസാനിപ്പിക്കുകയാണ്.

**Shri R. Raghava Menon :** Madam, Deputy Speaker, I want to speak.

**Deputy Speaker :** Yes, you can take five minutes.

**Shri R. Raghava Menon :** I want to say one or two words which I cons der very important on the Appro riation Bill, which is b fo e us. This is a very imp rtan Bill because through the Bill we are entrusti g the m ney with the Gov e nment t spe d. The Government shou ld spend he money in a way wh ch will give compiete satisfac ion to the pe ple who a e the tax payer. For that pu pose a good admin str t ve set up is necessary and fo tunat ly we have got one here.

LIBRARY ARCHIVES Kerala Legislative Assembly

What we want here is the welfare of the people. In a democratic set up, we should not neglect he advice given by the Opposition parties. There must be a programme aimed for the welfare of the State and that is there. When a majority party comes into power in a dem cratic set up, that pa ty Government will try to work for the welfare of the people, according to par y lines. An honest and efficient party will give utmost importance to things which are just and fair.

I think, some people are under the impression that the ruling party members are being given preferences in the matter of appointments. If that is so, whether it is the Congress Party or the Swa hanthra Party or any other party, the country is doomed. Party Government is very dangerous, unless the meaning of it is well understood and unless it is honestly and truthfully utilised. There are certain points which we have to take note of. Ours is a very small State with a big population; the resources are not very much, but the people are very intelligent. We have got some extra advantages which other States do not have. But one thing I want to stress is that this Government do not possess much contact with the people. They are not taking any trouble to understand the needs of the people. They do not try to understand the country's problems. I have no interest in criticising this Government, and I do not want anything from this Government. It is not for that, I have no desire to have anything from this Government. But the administration can be very much improved and the Government must take particular care for that. I am speaking to the Chief Minister who is here and his colleagues to go around the country and try to understand the needs of the people and then try to better the conditions of the people economically, physically, morally and mentally. That is their duty. Their tours are now merely for tours. They are not the tools of the administration. You are for purposes of bettering the administration. They must find out and solve the problems that are facing the people. I honestly believe that our Ministers will be able to solve these problems and hence I say. How is it ? We have a thickly populated State. We have got the problem of drinking water, the problem of housing, the problem of schools, etc. We have got agricultural problems because ours is an agricultural State. But the area is very small. All these problems can be bettered if only the State is properly administered.

**Deputy Speaker:** Please conclude.

**Shri R. Raghava Menon :** I have nothing to conclude because I have said what I have to say. Administration must run on administrative lines and on democratic principles. If you want to satisfy the people, the administration must be conducted with a little more earnestness. There is no use in criticising the people. There is no use in criticisig anybody or the Government.

**Deputy Speaker:** Please resume your seat .

**Shri R. Raghava Menon :** I have nothing more to say. I think, there will be no occasion for me a second time to speak about the next year's Appropiation Bill. I think I may not be here. Now I resume my seat.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ സി. എം. സ്റ്റീഫൻ: മാഡം, ഡെപ്യൂട്ടി സ്പീക്കർ, ഞാൻ അപ്രോപ്രിയേഷൻ ബില്ലിനെ പിൻതാങ്ങുന്നു. അപ്രോപ്രിയേഷൻ ബില്ലിനെപ്പററി സംസാരിക്കുമ്പോൾ പ്രധാനമായി പരിഗണിക്കേണ്ടതായി കാണുന്നതു് പല ഇനങ്ങളിലായി അനുവദിക്കാൻപോകുന്ന തുകകൾ ന്യായയുക്തമായും, നിയമാനുസൃതമായും ഭദ്രമായും ചെലവു ചെയ്യേണ്ടതാണെന്നുള്ളതാണു്. അതിനുള്ള ചുററുപാടുകളും, അതു കൈകാര്യം ചെയ്യാനുള്ള വകുപ്പുകളുമാണു് ഇന്നുള്ളതു്. അല്ലെന്നാണു് ചില സ്നേഹിതന്മാർ ഇവിടെ ചൂണ്ടിക്കാണിച്ചതു്. അവർ അതിനു പറഞ്ഞ വാദങ്ങൾക്കെല്ലാം മറുപടി പറയാൻ ഞാൻ ഒരുങ്ങുന്നില്ല. ബഡ്ജററു് ചർച്ച തുടങ്ങിയ കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ, ചില ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച വിമർശനങ്ങളും ചില പരാതികളും ഒഴിച്ചാൽ, ഗവണ്മെൻറിൻെറ മററു ചെലവുകളെ സംബന്ധിച്ചിടത്തോളം ഗുരുതരങ്ങളായ വിമർശനങ്ങൾ ഒന്നുംതന്നെ ഈ കഴിഞ്ഞ ഏതാനും ദിവസങ്ങളായി ഈ നിയമസഭാതലത്തിൽ കേട്ടിരുന്നില്ല എന്നുള്ളതു് ഒരു വസ്തുതയാണു്. ഓരോ വകുപ്പിനുവേണ്ടിയും ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുക അനുവദിച്ചുകൊടുത്തിട്ടുള്ളപ്പോഴും ഞാൻ തറപ്പിച്ചു പറയുകയാണു്, ഭരണത്തിൻെറ ന്യൂനതയെ അടിസ്ഥാനമാക്കി, രാജ്യതാൽപര്യത്തിൻെറ തകർച്ചയെ പരാമർശിക്കുന്ന ഗുരുതരമായ വിമർശനങ്ങൾ പ്രതിപക്ഷ പാർട്ടിയിൽ ആരുംതന്നെ, കഴിഞ്ഞ നിരവധി ദിവസങ്ങൾക്കകം നടത്താൻ കഴിഞ്ഞിട്ടില്ല. ചർച്ചകളുടെ ആകെ തുക, ഈ ഗവണ്മെൻറിൻെറ ഭരണംമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങളുടെ മുക്തകണ്ഠമായ ഒരു സർട്ടിഫിക്കററു പ്രത്യക്ഷമായും, പരോക്ഷമായും നൽകി എന്നുള്ളതായിരുന്നു. ഈ കഴിഞ്ഞ നാലുകൊല്ലത്തെ ഭരണംമൂലം എല്ലാ രംഗത്തും ഗണ്യമായ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നു് കാണിക്കുന്ന ഒരു ചിത്രമാണു് ബഡ്ജററു ചർച്ചമൂലം ഈ രാജ്യത്തിൻെറ മുൻപിൽ സമർപ്പിച്ചിരിക്കുന്നതു്.

സർ, എൻെറ സ്നേഹിതൻ ശ്രീ. പി. ബാലചന്ദ്രമേനോൻ ഈ ഗവണ്മെൻറിനെപ്പററി ചിലതു പറഞ്ഞു. 1960—ൽ ഗവണ്മെൻറു കൂട്ടുചേർന്നുഭരിച്ചു എന്നും, അതിനുശേഷം മുസ്ലീംലീഗിനെയും, പി. എസ്. പി യേയും പുറംതള്ളിയിട്ടു ഇപ്പോൾ കാൺഗ്രസ്സുമാത്രം ഭരിക്കുന്നു എന്നും, കാൺഗ്രസിനുള്ളിൽ തന്നെ ഇപ്പോൾ ചില ചലനം ഉണ്ടായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. സർ, ചരിത്രപരമായ ചില വസ്തുതകളാണു് അതൊക്കെ. പക്ഷെ, എനിക്കു പറയാനുള്ളതു്, മാററങ്ങൾ എന്തെല്ലാം ഉണ്ടായിട്ടും, 1960-ൽ കേരളഭരണ രംഗത്തു് ഒഴുക്കിവിട്ട ഭരണവഞ്ചി നിർബാധം ഒഴുകിപ്പോകുകയാണു്. ആദ്യം ഉണ്ടായിരുന്ന പാർട്ടികൾ മാറി, കാൺഗ്രസ്സുമാത്രം ഭരിച്ചു, കാൺഗ്രസിനകത്തുതന്നെ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിട്ടും ഭരണവഞ്ചി യാതൊരു തടസ്സവും കൂടാതെ, മുങ്ങാതെ മുമ്പോട്ടുപോകുകയാണു്. ഓരോ സമയത്തും പ്രതിപക്ഷത്തുനിന്നു മുന്നറിയിപ്പുണ്ടായി, ആക്രോശങ്ങൾ മുഴങ്ങി വഞ്ചി മുങ്ങാൻപോകുന്നുവെന്നു്. അതൊക്കെ കേട്ടിട്ടും ഗവണ്മെൻറു കർത്തവ്യബോധത്തോടെ നിർബ്ബാധം വഞ്ചിയെ നയിക്കുന്ന ചിത്രം രോമാഞ്ചത്തോടുകൂടി കണ്ടുകൊണ്ടിരിക്കുകയാണു് ഈ നാട്ടിലെ ജനങ്ങൾ. ഈ ഭരണവഞ്ചി മുക്കാൻവേണ്ടി, കമ്മ്യൂണിസ്ററു പാർട്ടിയും, മററു പാർട്ടികളും എന്തെല്ലാം ശ്രമം നടത്തിനോക്കി? പ്രക്ഷോഭണം നയിച്ചുനോക്കി, ജാഥ നയിച്ചു ആരോപണങ്ങളാകുന്ന ഭാരം കയററി നോക്കി, പ്രത്യക്ഷസമരങ്ങൾ പലതും നടത്തിനോക്കി, കളക്ടരേററിനുമുൻപിൽ പിക്കററിംഗ് നടത്തി. ഇതൊക്കെയായിട്ടും യാതൊരു തടസ്സവുംകൂടാതെ, അടുത്ത തിരഞ്ഞെടുപ്പുവരെ ഈ ഭരണവഞ്ചി മുമ്പോട്ടുനീങ്ങിക്കൊണ്ടിരിക്കുകയാണു്. ഈ ഗവണ്മെൻറു കരുത്തുററ കരങ്ങൾകൊണ്ടു് ആ വഞ്ചിയെ മുന്നോട്ടുനയിക്കുകയാണു്. സർ, കാൺഗ്രസിനകത്തു് ഉണ്ടായിരിക്കുന്ന ചില ദൗർബല്യങ്ങളെപ്പററി ചില സൂചന ശ്രീ. ആർ. സുഗതൻെറ പ്രസംഗത്തിലുണ്ടായിരുന്നു. അതിനെപ്പററി ഒരു വാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. രാജ്യസഭയിലെ തിരഞ്ഞെടുപ്പിനെപ്പററി അദ്ദേഹം പറഞ്ഞു. ശ്രീ. കെ. സി. എബ്രഹാം പറഞ്ഞതുപോലെ അതു പാർട്ടികളിലെ അച്ചടക്കത്തെ സ്പർശിക്കുന്ന കാര്യമാണു്. ഏതു പാർട്ടിയാണു് അത്തരം അച്ചടക്ക നടപടി എടുക്കാൻ നിർബന്ധിതരാകാത്തതു്? കമ്മ്യൂണിസ്റ്റു് പാർട്ടിയും, മററു പാർട്ടികളും ഇത്തരം സംഭവങ്ങൾ ഉണ്ടാക

LIBRARY ARCHIVES Kerala Legislative Assembly

മ്പോൾ അച്ചടക്കത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. രാഷ്ട്രീയപാർട്ടികൾക്കെല്ലാം ഇങ്ങനെയുള്ള അവസ്ഥാവിശേഷം വന്നുചേരും. കാൺഗ്രസ്സിന് അങ്ങനെയൊരു വിഷമപ്രശ്നം ഉണ്ടായിട്ടുണ്ട്, ആ വസ്തുത ഞാൻ സമ്മതിക്കുന്നു പാർട്ടികളുള്ളിൽ ഉണ്ടായിട്ടുള്ള ഈ കുഴപ്പം പരിഹരിക്കാൻ ഞങ്ങൾ ശ്രമിക്കും. ഈ അവസരത്തിൽ രണ്ടുകാര്യങ്ങളാണ് എനിക്കു തുറന്നുപറയാനുള്ളതു്. കാൺഗ്രസ്സ് പാർട്ടികളുള്ളിൽ ഇപ്പോൾ നേരിട്ടിരിക്കുന്നതു് വെറും ആഭ്യന്തരമായ ഒരു അച്ചടക്കപ്രശ്നം മാത്രമാണ്. നേരേമറിച്ച് കമ്മ്യൂണിസ്റ്റുപാർട്ടിയിൽ നടക്കുന്നതെന്താണ്? ഡാങ്കേയുടെ പേരിൽ ആരോപണം, ഈ. എം. എസ്സ്. ഗ്രൂപ്പിന്റെ ആരോപണം അങ്ങനെ രൂക്ഷമായ മത്സരങ്ങളും, ആരോപണങ്ങളും നടക്കുകയാണ്. ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട, നാലോ, അഞ്ചോ വോട്ടുകൾ നഷ്ടപ്പെട്ടതുപോലെയല്ല കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ഇപ്പോൾ ഉടലെടുത്തിരിക്കുന്ന കുഴപ്പങ്ങൾ. കമ്മ്യൂണിസ്റ്റുപാർട്ടി ചെയർമാന്റെ പേരിൽ ഇപ്പോൾ ഉന്നയിച്ചിരിക്കുന്ന ആരോപണം എന്താണ്? രാഷ്ട്രീയ സമരകാലത്തു്, ബ്രിട്ടീഷ് ഗവണ്മെന്റിനുവേണ്ടി പണിയെടുത്തുകൊള്ളാമെന്നു് കത്തയച്ചതിന്റെ പേരിലാണ് ഇപ്പോൾ എസ്സ്. ഏ. ഡാങ്കേയെ കമ്മ്യൂണിസ്റ്റുകാർ എതിർക്കുന്നതു്. അങ്ങനെയൊരു കത്തു ഡാങ്കേ എഴുതിയിട്ടുണ്ടെന്നാണ് കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയേററിലെ പ്രമുഖന്മാരുടെ അഭിപ്രായം. ശ്രീ. സുന്ദരയ്യാ, ശ്രീ രാമമൂർത്തി എന്നീ പ്രഗത്ഭന്മാരായ കമ്മ്യൂണിസ്റ്റുകാർ നേതൃത്വത്തെത്തന്നെ എതിർക്കുമ്പോൾ, കാൺഗ്രസ്സ് പാർട്ടിയിലെ നാലോ അഞ്ചോ ആളുകൾ ഒരു അച്ചടക്കലംഘനം നടത്തിയതിനെച്ചൊല്ലി പ്രതിപക്ഷാംഗങ്ങൾ ആക്ഷേപിക്കേണ്ട കാര്യമില്ല. രാജ്യത്തെ ഒററു കൊടുക്കുന്ന ആളുകൾ കമ്മ്യൂണിസ്റ്റു പാർട്ടിയിലെ പ്രമുഖന്മാരുടെ കൂട്ടത്തിൽ ഉള്ളതായി കാണാൻ കഴിയുമ്പോൾ ഇത്തരം ചെറിയ കാര്യങ്ങൾ കാൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം പരിഹരിക്കാവുന്നതേയുള്ളു. സർ, പത്രത്തിൽ കാണാൻ ഇടയായി, ശ്രീ. ഈ. എം. എസ്സ്. കമ്മ്യൂണിസ്റ്റു വലതുപക്ഷ നേതാക്കന്മാരുടെ കൂട്ടത്തിൽ റാവൽപിണ്ടിയിൽ പോകാൻ പോകുന്നുവെന്നു്.

<u>ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട്</u>: പത്രത്തിൽ അങ്ങനെ കണ്ടു; പക്ഷേ ഞാൻ എങ്ങും പോയില്ല.

<u>ശ്രീ. സി. എം. സ്റ്റീഫൻ</u>: എന്തായാലും കാൺഗ്രസ്സിൽ അഭിപ്രായവ്യത്യാസം ഉണ്ടെന്നു സമ്മതിക്കുന്നു; പക്ഷേ, ജനാധിപത്യത്തെച്ചൊല്ലിയോ, സോഷ്യലിസം നടപ്പാക്കുന്നതിന്റെ പേരിലോ കാൺഗ്രസ്സിൽ അഭിപ്രായവ്യത്യാസം ഇല്ല. കാൺഗ്രസ്സിന്റെ അടിസ്ഥാന പ്രമാണങ്ങളെപ്പററി കാൺഗ്രസ്സിൽ അഭിപ്രായ വ്യത്യാസമില്ല. രാഷ്ട്രീയസമരം നടത്തുന്ന കാര്യത്തിലും, ദേശീയ താൽപര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിലും കാൺഗ്രസ്സിൽ വലിയ അഭിപ്രായവ്യത്യാസമില്ല.

<u>ശ്രീ. എം. പി. എം. അഹമ്മദ് കുരിക്കൾ</u>: മാഡം, അപ്രോപ്രിയേഷൻ ബില്ലിനെപ്പററിയാണോ പ്രസംഗിക്കുന്നതു്?

<u>ശ്രീ. സി. എം. സ്റ്റീഫൻ</u>: ഈ ഗവണ്മെന്റിന്റെ ഭദ്രതയില്ലായ്മയെപ്പററി, കെട്ടുറപ്പില്ലായ്മയെപ്പററി ആ ഭാഗത്തുനിന്നു ചിലർ സൂചിപ്പിച്ചതിനു മറുപടി പറയുകയായിരുന്നു. ആഭ്യന്തരമായുണ്ടായ ഒരു അച്ചടക്ക ലംഘനത്തെപ്പററി സൂചിപ്പിച്ചതിനു സമാധാനം പറയുകയാണ്. നാലോ അഞ്ചോ ആളുകൾ പാർട്ടിതാൽപര്യത്തിനു വിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതിനു കാൺഗ്രസ്സിനകത്തുതന്നെ പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്. കഴിഞ്ഞ നാലു കൊല്ലത്തിനുള്ളിലായി കാൺഗ്രസ്സ് നയിക്കുന്ന ഭരണവഞ്ചി യാതൊരു കുഴപ്പവുംകൂടാതെ മുമ്പോട്ടു പോകുകയാണ്. ഇതിനകം വൻപിച്ച നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ധനപരമായി നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്; പ്ലാനിംഗിൽ മാററങ്ങൾ ഉണ്ടായിട്ടുണ്ട്; വ്യാവസായികമായി നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്; കാർഷികരംഗത്തു നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്ങനെ രാജ്യത്തിന്റെ അടിസ്ഥാനപരമായ ഭദ്രത ഉറപ്പിച്ചുകൊണ്ട് ഉറപ്പുള്ള ഒരു ചട്ടക്കൂടോടുകൂടി,

[ശ്രീ. സി. എം. സ്റ്റീഫൻ]

ഉറച്ച ഒരു ഭരണം ഇവിടെ നടത്തുകയാണ്. പാർട്ടികളിൽ ചില കറുത്ത ആടുകൾ ഉണ്ടെന്നു സമ്മതിക്കുന്നു. അങ്ങനെയുള്ളവരെ കണ്ടുപിടിച്ച് അവരെ പുറംതള്ളുകയോ അവഗണിക്കുകയോ ചെയ്യും. ഈ ബഡ്ജറ്റു ചർച്ച ആരംഭിച്ചതിനുശേഷം ഉണ്ടായിട്ടുള്ള സംഭവഗതികൾ പരിശോധിച്ചാൽതന്നെ മനസ്സിലാകും ജനാധിപത്യ തത്വങ്ങൾക്കെതിരായി എത്ര പ്രമുഖന്മാരായാലും ശരി, ഗവണ്മെൻറിനെതിരായി ഒരു നിലപാടു സ്വീകരിച്ചാൽ അവരെ നിലയ്ക്കു നിറുത്താൻ കാൺഗ്രസ്സിനു കഴിയുമെന്ന്. ഇതിനകം കാൺഗ്രസ്സ് അതു തെളിയിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ വളരെ അഭിമാനത്തോടുകൂടി പറയുകയാണ്, ഭദ്രതയുള്ള, കെട്ടുറപ്പുള്ള ഈ ഗവണ്മെൻറു, കർത്തവ്യബോധത്തോടുകൂടി, ലക്ഷ്യത്തിലെത്താൻ പരിശ്രമിക്കും, അതിനുവേണ്ടി അടുത്ത ഒരു വർഷത്തേക്കുള്ള പ്രവർത്തനങ്ങൾക്കുള്ള തുക ആവശ്യപ്പെടുന്ന ഈ അപ്രോപ്രിയേഷൻ ബില്ലിനെ ഞാൻ സസന്തോഷം പിൻതാങ്ങുകയാണ്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: മാഡം, ഈ ബഡ്ജററു സമ്മേളനത്തിന്റെ അവസാനഘട്ടമാണിത്. അടുത്ത പത്തുമാസംകൂടി ഭരിക്കാൻ അനുവാദം ആവശ്യപ്പെട്ടുകൊണ്ട് ഗവണ്മെൻറു നമ്മുടെ മുൻപിൽ വന്നിരിക്കുകയാണ്. എനിക്ക് അപ്പുറത്തിരിക്കുന്നവരോട് ആദ്യമായി അഭ്യർത്ഥിക്കുവാനുള്ളത്, ഇത്തരം അനുവാദം ആവശ്യപ്പെട്ടുകൊണ്ട് ഈ സഭയുടെ മുൻപിൽ വരാൻ നിങ്ങൾ ലജ്ജിക്കണം എന്നാണ്. എന്തുകൊണ്ടെന്നാൽ കഴിഞ്ഞ നാലു കൊല്ലമായിട്ട് അവരുടേതായിട്ടുള്ള ഭരണത്തിന്റെ കാര്യം നോക്കിയാൽ, ഈ ബഡ്ജററു സമ്മേളനം തുടങ്ങിയതിനുശേഷം, ഈ സഭയിലും, നാട്ടിലും നടന്നിട്ടുള്ള സംഭവഗതികൾ ആലോചിക്കുന്ന അവസരത്തിൽ, ഇനിയും ഒരു പത്തുമാസംകൂടി മന്ത്രിക്കസേരകളിൽ ഇരുന്നേക്കാം എന്ന് കരുതാൻ നാണമില്ലല്ലോ എന്നു ചോദിക്കാൻ തോന്നിപ്പോകുന്നു. ഇവിടെ കഴിഞ്ഞ രാജ്യസഭാ തിരഞ്ഞെടുപ്പിനെപ്പററി കുറേ പരാമർശം നടന്നു. കറുത്ത ആടുകൾ അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു എന്നു അപ്പുറത്തിരിക്കുന്നവർതന്നെ പറഞ്ഞു. അതെല്ലാം അവരുടെ പാർട്ടിയിലെ ആഭ്യന്തര കാര്യങ്ങളാണ്, അതിന് അവർ പരിഹാരം ഉണ്ടാക്കിക്കൊള്ളും. ഭരണകക്ഷിയിലെ ഗാർഹികകാര്യങ്ങളാണ് അതെല്ലാം. പക്ഷേ, രാജ്യസഭയിലെ തിരഞ്ഞെടുപ്പു പ്രശ്നം, ഈ നാട്ടിലെ ജനങ്ങളുടെ മുൻപിൽ ഒരു പ്രശ്നം ഉന്നയിച്ചിട്ടുണ്ട്. ആ പ്രശ്നം എന്താണെന്നു വച്ചാൽ, അപ്പുറത്തിരിക്കുന്ന ഭരണകക്ഷിക്ക് ഈ നിയമസഭയിലെ ഭൂരിപക്ഷം മെമ്പറന്മാരുടെ പിൻബലം ഇല്ല എന്ന വസ്തുത തെളിയിക്കപ്പെട്ടിരിക്കുകയാണ്. കറുത്ത ആടുകളെപ്പററി എന്തെല്ലാം വാചാലമായി പ്രസംഗിച്ചാലും ശരി, പാർട്ടിയുടെ തീരുമാനം അനുസരിച്ച്, ഇവിടെ നടന്ന വോട്ടിംഗിൽ, കാൺഗ്രസ്സ് പാർട്ടിക്കു അനുകൂലമായി വോട്ടുചെയ്യാനു, 59 ആളുകളെ ഉണ്ടായിരുന്നുള്ളു. എത്ര വാചാലമായി ഇവിടെ പ്രസംഗിക്കാൻ ശ്രമിച്ചാലും ആ പരമാർത്ഥം മറച്ചുവയ്ക്കാൻ സാധ്യമല്ല. ആകെ 127 മെമ്പറന്മാരുള്ള നിയമസഭയിൽ, ഒരു രഹസ്യവോട്ടിംഗ് നടന്നപ്പോൾ ഗവണ്മെൻറിന് പിൻതുണ നൽകാൻ 59 പേരെ ഉണ്ടായിരുന്നുള്ളു. ആ യഥാർത്ഥ്യം മറച്ചുവയ്ക്കാൻ നമുക്കു സാധ്യമല്ല ഈ യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, കഴിഞ്ഞ നാലു നാലരക്കൊല്ലത്തെ ഈ ഗവണ്മെൻറിന്റെ ഭരണകാലത്തു നടന്നിട്ടുള്ള സംഭവങ്ങളുടെ പശ്ചാത്തലത്തിൽ പരിശോധിച്ചാലും ഈ ഭരണകക്ഷിക്ക് ഇനി ഒരു ദിവസമല്ല, ഒരു നിമിഷംപോലും ഭരിക്കാനുള്ള അധികാരം ഇല്ലെന്നുള്ളതു വളരെ വ്യക്തമാകുന്നതാണ്. ഈ കക്ഷി അധികാരത്തിൽ വന്നതിന് ഒരു ചരിത്രമുണ്ട്. സ്വന്തമായിട്ടുള്ള ശക്തി വച്ചുകൊണ്ടല്ല ഈ കക്ഷി അധികാരത്തിൽ വന്നിട്ടുള്ളതെന്ന് എല്ലാവർക്കും അറിയാം. സ്വന്തം ശക്തിമാത്രം വച്ചുകൊണ്ട് അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാർ, വാചാലമായി പ്രസംഗിച്ചു. കാൺഗ്രസ്സ് കക്ഷിയുടെ പാരമ്പര്യവും മഹത്വവും വർണ്ണിച്ചും തിരഞ്ഞെടുപ്പിനെ നേരിട്ടിരുന്നുവെങ്കിൽ. ഇന്നു മന്ത്രിക്കസേരകളിൽ ഇരിക്കുന്നവർ ആരെങ്കിലും നിയമസഭ കാണുമായിരുന്നോ എന്നു സംശയമാണ്; ഏതായിരുന്നാലും ഭൂരിപക്ഷം അംഗങ്ങളും ഇവിടെ വരുമായിരുന്നില്ല എന്നുള്ളതു വളരെ വ്യക്തമാണ്.



LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞുകൊണ്ടാണ് ഇവിടെ കയറി വന്നത്. 1947-ൽ ഞങ്ങൾക്ക് അധികാരം കിട്ടുമ്പോൾ നിർഭാഗ്യവശാൽ അതു വേണ്ടമാതിരി ഞങ്ങൾക്ക് ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല, ഞങ്ങളുടെ കൈയ്യിലുള്ള കുഴപ്പങ്ങൾ കൊണ്ട് ആ അധികാരം പോയി. ഇനി ആ തെറ്റെല്ലാം തിരുത്തിയിട്ട് ഞങ്ങളുടെ അധികാരങ്ങൾ ശക്തിപ്പെടുത്തുക മാത്രമല്ല, കമ്മ്യൂണിസ്റ്റുകാരല്ലാത്ത സകല ആളുകളെയും യോജിപ്പിച്ചുകൊണ്ട് ഒരു പുതിയ അദ്ധ്യായം തന്നെ തുടങ്ങാൻ പോകുന്നു എന്നു പറഞ്ഞുകൊണ്ട് തെരഞ്ഞെടുപ്പിനെ സമീപിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ തെരഞ്ഞെടുപ്പിൽ ജയിക്കുകയും ചെയ്തു. അങ്ങനെ ഈ ഭരണം ആരംഭിച്ചിട്ട് നിങ്ങളുടെ സ്വന്തം പാർട്ടിയിൽപ്പെട്ടവർക്കുതന്നെ ഇതിൽ കറുത്ത കരങ്ങൾ ധാരാളം ഉണ്ടെന്നും അതിൽ ലജ്ജിക്കേണ്ടിയിരിക്കുന്നുവെന്നും ഭരണകക്ഷിയിൽപെട്ട ആളുകൾതന്നെ ഇവിടെ പറയേണ്ടിവന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്. ഞാൻ ചോദിക്കുന്നു, ഈ ലജ്ജിക്കുന്നു എന്നു പറഞ്ഞതു ആത്മാർത്ഥതയോടുകൂടിയാണോ? അങ്ങനെയാണെങ്കിൽ നിങ്ങൾ ഒരു നിമിഷംപോലും ഇവിടെ ഇരിക്കുവാൻ പാടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാജ്യസഭാ തെരഞ്ഞെടുപ്പു കഴിഞ്ഞതിൽ പിന്നീട് ചെയ്ത ചില പ്രസംഗങ്ങളിൽ കാൺഗ്രസ്സിനകത്തു ചില ദുർമേദസ്സുകൾ കടന്നുകൂടിയിട്ടുണ്ടെന്നും അതു പോയാൽ കാൺഗ്രസ്സ് നന്നാകുമെന്നും പ്രസ്താവിച്ചതായി കേട്ടു. അതു ശരിയാണെങ്കിൽ നല്ലതാണ്. പക്ഷേ എനിക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും മററു മന്ത്രിമാരോടും ഭരണകക്ഷി അംഗങ്ങളോടുമെല്ലാംതന്നെ പറയാനുള്ളത് കേരളത്തിലെ രാഷ്ട്രീയ ശരീരത്തിലെ ഏററവും വലിയ ദുർമേദസ്സ് നിങ്ങളായിത്തീർന്നിരിക്കുകയാണ് എന്നാണ്. നാലു കൊല്ലമായിട്ട് ഇവിടെ നടത്തുന്ന കാൺഗ്രസ്സ് ഭരണം കേരളത്തിലെ രാഷ്ട്രീയ ശരീരത്തിലെ ഏററവും വലിയ ദുർമേദസ്സായി തീർന്നിരിക്കുകയാണ്. ആ ദുർമേദസ്സു പൊട്ടി ഒലിക്കാൻ തുടങ്ങിയതിന്റെ ചെറിയ ഉദാഹരണമാണ് ഈ ചെറിയ സംഭവം.

അതുകൊണ്ട് നിങ്ങൾക്കു ചെയ്യാനുള്ളതു നിങ്ങൾ പ്രസംഗിക്കുന്നതിലും മററും വല്ല ആത്മാർത്ഥതയും ഉണ്ടെങ്കിൽ ഒരു പാർട്ടി എന്നുള്ള നിലയിൽ ഈ രാജ്യത്തെ ജനങ്ങളെ സമീപിച്ചു അവരുടെ വോട്ടു കിട്ടിയിട്ടു ഭരിക്കാമെന്നു നിശ്ചയിച്ചു അതിലേക്കു പോകണമെന്നുള്ളതാണ്. ഇത്തരത്തിലുള്ള ആഭ്യന്തര കുഴപ്പങ്ങൾ മററു പാർട്ടിയിൽ ഇല്ലേ, കമ്മ്യൂണിസ്റ്റു പാർട്ടിയിൽ ഇല്ലേ എന്നെല്ലാം ഉള്ള ചോദ്യങ്ങൾ തുടർന്നു ചോദിക്കുകയുണ്ടായി. കുഴപ്പങ്ങൾ എല്ലാ പാർട്ടിയിലും ഉണ്ട്. മനുഷ്യനേർറതായ ഏതൊരു സംഘടനയിലും കുഴപ്പം കാണും. ഇതു സംബന്ധിച്ചു എനിക്കു വ്യക്തമായി പറയുവാനുള്ളത് ഈ കുഴപ്പങ്ങൾ വരുമ്പോൾ ആ കുഴപ്പത്തിനുള്ളതായ കാരണങ്ങൾ എന്താണെന്നു കണ്ടുപിടിച്ചു അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ ശ്രമിക്കുമെന്നാണ്. ഞങ്ങളുടെ ചെയർമാന്റെ പേരിൽ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ടെന്നു പറയുകയുണ്ടായി. അതു തീർച്ചയായിട്ടും പാർട്ടി കൈകാര്യം ചെയ്യും. പാർട്ടി കൈകാര്യം ചെയ്തിട്ടു ആ പ്രശ്നം ആകെ പരിശോധിച്ചു ചെയർമാന്റെ പേരിൽ ദുരാരോപണമാണെന്നു കണ്ടാൽ അങ്ങനെ ദുരാരോപണം നടത്തിയിട്ടുള്ളവരുടെ മേൽ യാതൊരു ദയവും കാണിക്കുകയില്ല. ആരോപണം ശരിയാണെങ്കിൽ ചെയർമാനായ ഡാങ്കേയുടെ പേരിലും യാതൊരു ദയവും ഉണ്ടായിരിക്കുകയില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം നിങ്ങൾക്കെല്ലാവർക്കും അറിവുള്ളതാണ്. ഡാങ്കേയുടെ പേരിൽ ഉന്നയിച്ചതുപോലെയുള്ള ഒരു ആരോപണം ഡാങ്കേയുടെ കൈയിൽ നിന്നും യഥാർത്ഥമായിട്ടു വരികയാണെങ്കിൽ—ഞങ്ങളുടെ പാർട്ടിയിൽ സമരകാലത്തു മാപ്പുചോദിച്ചു കയറിയവരാരുമില്ല—അതിനെ സംബന്ധിച്ചു വളരെ വ്യക്തമായിട്ടു അന്വേഷണങ്ങളെല്ലാം നടത്തി പാർട്ടി തീരുമാനമെടുക്കും. അങ്ങനെ ഏതെങ്കിലും ഒരു തീരുമാനമെടുത്തു ശിക്ഷിച്ചുകഴിഞ്ഞാൽ ശിക്ഷിക്കപ്പെട്ടവർക്കു കാറും പണക്കിഴിയും കൊടുക്കുവാൻ ഞങ്ങളുടെ പാർട്ടി തയാറുമല്ല. അതുകൊണ്ട് ഈ കമ്മ്യൂണിസ്റ്റു പാർട്ടിക്കകത്തുള്ളതായ അഭിപ്രായ വ്യത്യാസങ്ങൾ, ആ അഭിപ്രായ വ്യത്യാസങ്ങൾ രൂക്ഷമായി വളരുന്നുണ്ട്, അതിന്റെ ഫലമായി പല കുഴപ്പങ്ങളും വരുന്നുണ്ട്, ഇതെല്ലാം പറഞ്ഞു ഇന്നു നിങ്ങൾക്കു ഇവിടെ ഭരിക്കുവാൻ അധികാരമില്ല എന്നുള്ള യാഥാർത്ഥ്യത്തിൽ





LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

നിന്നും ഒഴിഞ്ഞുമാറുന്നതു ശരിയല്ല. ഇതു എങ്ങിനെ വന്നു; എവിടെനിന്നും വന്നു? കറുത്ത കരങ്ങൾ പൊങ്ങുന്ന ഈ ഗവണ്മെൻറിനു ഭരിക്കാൻ യാതൊരു അധികാരവുമില്ല എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയുവാനുള്ളതു്.

**Deputy Speaker :** Please confine yourself to the subject of the Appropriation Bill.

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഒരു അപ്രോപ്രിയേഷൻ ബില്ലാണ് ഇതു്. ഇവിടെ ഈ ഗവണ്മെൻറിനു ഭരിക്കുവാൻ അധികാരമില്ല, അതുകൊണ്ടു ഇവിടെനിന്നും ഇറങ്ങിപ്പോകണമെന്നാണ് എനിക്കുള്ള വാദം. അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നുള്ളതിനെ സംബന്ധിച്ചാണ് ഞാൻ പറയുന്നതു്. അതു പാടില്ല എന്നാണ് ചെയറിൻെറ തീരുമാനമെങ്കിൽ ഞാൻ ഇരുന്നുകൊള്ളാം.

**Deputy Speaker :** Please continue your speech.

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഞാൻ ഈ അപ്രോപ്രിയേഷൻ ബില്ലിനെ എതിർക്കുകയാണ്. അതിനുള്ള കാരണങ്ങൾ പറയുവാൻ എനിക്കു അധികാരമുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. അതില്ല എന്നു പറയുകയാണെങ്കിൽ പിന്നെ എനിക്കു ഒന്നും പറയാനില്ല.

ഡെപ്യൂട്ടി സ്പീക്കർ: തീർച്ചയായിട്ടും എതിർക്കുവാൻ അധികാരമുണ്ടു്. അതു ബില്ലിൻെറ പരിധിയിൽ നിന്നുകൊണ്ടായിരിക്കണമെന്നേയുള്ളു.

ശ്രീ. കെ. ഭാർഗ്ഗവൻ: ഈ പ്രൊപ്രൈറ്റി എല്ലാവരിലും കാണിക്കണം.

ഡെപ്യൂട്ടി സ്പീക്കർ: പ്രൊപ്രൈറ്റി എല്ലാവരിലും ഒരുപോലെ കാണിക്കുന്നുണ്ടു്.

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇതിൻെറ ഉദ്ദേശം എൻെറ പ്രസംഗം മുഴപ്പിക്കാതെയിരിക്കുവാനാണെന്നാണ് ഞാൻ കരുതുന്നതു്. അപ്രോപ്രിയേഷൻ ബിൽ തള്ളിക്കളയണമെന്നു പറയുവാൻ അധികാരമുണ്ടെങ്കിൽ അതു പറയുവാനുള്ള ന്യായങ്ങൾ ചൂണ്ടിക്കാണിക്കുവാനും അധികാരമുണ്ടു്. ഭരിക്കുവാൻ അധികാരമുണ്ടെന്നു പറഞ്ഞുകൊണ്ട് ഞങ്ങളെയും കുറെയെല്ലാം അപ്പുറത്തു ഇരുന്നവർ പറഞ്ഞു. ഞങ്ങളുടെ പാർട്ടിയെപ്പറ്റിയും എന്നെപ്പറ്റിയും കുറെ അവാസ്തവ പരാമർശങ്ങൾ ഉണ്ടായിട്ടുണ്ട്. അതെല്ലാം എങ്ങനെ പറഞ്ഞു? അതുകൊണ്ടു എനിക്കു പറയുവാനുള്ളതു പറയുവാൻ അധികാരമുണ്ടു്. അതു പോകട്ടെ. ഇതു എങ്ങിനെ വന്നു, എവിടെനിന്നും വന്നു, എന്നു ചോദിച്ചാൽ ഈ ഗവണ്മെൻറു ആദ്യമായിട്ടു അധികാരത്തിൽവന്നതു തന്നെ ഈ നാട്ടിലെ നിക്ഷിപ്ത താൽപ്പര്യക്കാരുടെ സമ്മർദ്ദത്തോടുകൂടി അവരുടെ താൽപ്പര്യം സംരക്ഷിക്കാമെന്ന വ്യവസ്ഥയിലുള്ള ഒരു കൂട്ടുകെട്ടിൻെറ പ്രാതിനിധ്യം വഹിച്ചുകൊണ്ടാണ്. ഏററവും വലിയ വൻകിട തോട്ടയുടമകളുടേയും ഏററവും വലിയ ജന്മികളുടേയും, മുതലാളികളുടേയും, സ്കൂളിനേയും, കാളേജിനേയും കച്ചവടമാക്കുന്ന മാനേജരന്മാരുടേയും, ഈ നാട്ടിലെ ജനങ്ങളെ ജാതിയുടേയും മതത്തിൻേറയും പേരിൽ മുതലെടുക്കുന്ന സമുദായ സംഘടകളുടേയും പേരിൽ, അവരുടെയെല്ലാം താൽപ്പര്യങ്ങൾ സംരക്ഷിക്കാമെന്നുള്ള ഉറപ്പു കൊടുത്തുകൊണ്ടു അധികാരത്തിൽ വന്നു. അങ്ങനെ അധികാരത്തിൽ വന്ന ഉടനെതന്നെ ഈ ഗവണ്മെൻറു ഞങ്ങളുടെമേൽ വമ്പിച്ച ഒരാക്രമണം ആരംഭിച്ചു അതിൻെറ വിശദാംശങ്ങളിലേക്ക് കടക്കുന്നതിനു സമയമില്ലാത്തതുകൊണ്ട് പ്രവേശിക്കുന്നില്ല. അതിൻെറ ഒരു അംശം ബാലചന്ദ്രമേനോൻ പറയുകയുണ്ടായി. തൊഴിലാളിവർഗ്ഗത്തിൻെറ നേരെ എന്തൊരു നയമാണ് ഈ ഗവണ്മെൻറു അംഗീകരിച്ചിട്ടുള്ളതു്, എത്ര വമ്പിച്ച ക്രൂരമായ ആക്രമണമാണ് നടത്തിയതെന്നു അദ്ദേഹം ഇവിടെ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. ഈ നാട്ടിലെ തോട്ടം ഉടമകൾ, വൻകിട മുതലാളിമാർ ഇവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിൽ പ്രതിജ്ഞചെയ്തുകൊണ്ടു അധികാരത്തിൽ വന്ന ഗവണ്മെൻറു ഓരോ ഘട്ടത്തിലും ഏതെല്ലാം നിലയിൽ ഈ നാട്ടിലെ തൊഴിലാളിവർഗ്ഗത്തിൻെറ,

LIBRARY ARCHIVES Kerala Legislative Assembly

കർഷകരുടെ, കാർഷികത്തൊഴിലാളികളുടെ, ഈ നാട്ടിലെ ഇടത്തരക്കാരുടെ എല്ലാം നേരെ ആക്രമണം അഴിച്ചുവിടാമോ അതെല്ലാം അഴിച്ചുവിട്ടിട്ടുണ്ടു്. കാർഷികബന്ധബില്ലിന്റെ കാര്യം പറയേണ്ടതില്ല. കാർഷികബന്ധബില്ലിൽ ഭേദഗതി ചെയ്തതു് ഈ നാട്ടിലെ ജന്മിക്കും തോട്ടം ഉടമകൾക്കും എല്ലാം ആനുകൂല്യം നൽകുക എന്നുള്ള ഒററ ഉദ്ദേശത്തോടുകൂടിയാണു്. വിമോചന സമരകാലത്തും പിന്നീടു വന്ന തെരഞ്ഞെടുപ്പിലും നിക്ഷിപ്ത താൽപ്പര്യക്കാരെ വന്നിട്ടുള്ള. ഇത്തരത്തിലുള്ള ഏററവും വലിയ നിക്ഷിപ്ത താൽപ്പര്യക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി നിങ്ങൾ എടുത്തിട്ടുള്ള നയം, എടുത്തിട്ടുള്ള സമീപനം അതു യഥാർത്ഥത്തിൽ നിങ്ങളുടെ പാർട്ടിക്കകത്തുതന്നെ, നിങ്ങളുടെ പാർട്ടിയുടെ പിന്നിൽ അണിനിരന്നിട്ടുള്ള ജനങ്ങളുടെ ഇടയിൽ തന്നെ അതൃപ്തി ഉണ്ടാക്കിയിട്ടുണ്ടു്. അതിന്റെ ഫലമായിട്ടു നിങ്ങളുടെ ഗവണ്മെന്റും, നേതൃത്വവും അനുസരിച്ചു പ്രവർത്തിക്കുന്ന നയത്തിനെതിരായിട്ടു അവർ പ്രതിപക്ഷ അംഗങ്ങളോടു യോജിച്ചുകൊണ്ടു്, ആ ഭാഗത്തു ചേർന്നുകൊണ്ടു് പ്രക്ഷോഭണങ്ങളും സമരങ്ങളും നടത്തുന്നതു കാണാൻ കഴിയും. ഇത്തരത്തിൽ നിങ്ങളുടെ ഗവണ്മെന്റിനെതിരായി പ്രക്ഷോഭണങ്ങൾ വിവിധ ജനങ്ങളുടെ ഇടയിൽ നിന്നും ഉയരുന്നുണ്ടു്. അതോടൊപ്പം നിങ്ങൾക്കു പിന്തുണ നൽകുന്നതായി പറഞ്ഞ നിക്ഷിപ്തതാൽപ്പര്യക്കാരും പിന്നീടു് കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരരുതെന്നു നിർബന്ധം പിടിച്ചിരുന്നവരും ആ കാര്യത്തിൽ യോജിപ്പു കാണിച്ചിരുന്ന സാമുദായിക സംഘടനകളും നേതാക്കന്മാരും എല്ലാം തന്നെ നിങ്ങളുടെ ഗവണ്മെന്റു അധികാരത്തിൽ വന്ന ദിവസം മുതൽ നിങ്ങൾക്കു ചെയ്തുതന്നിട്ടുള്ള സഹായങ്ങൾക്കു പ്രതിഫലം ചോദിക്കുകയുണ്ടായി. പ്രതിഫലത്തിന്റെ കാര്യത്തിൽ വിവിധ വിഭാഗക്കാർ തമ്മിൽ മത്സരമായി. ഇതിനിടയിൽ നിങ്ങൾ തമ്മിൽ വ്യക്തിപരമായ മത്സരവും തുടങ്ങി. ഇതു നിങ്ങൾ അധികാരത്തിൽ എത്തിയ ദിവസം മുതൽ തുടങ്ങി. ആദ്യമായിട്ടു നിങ്ങൾ അധികാരത്തിൽ വരുന്നതിന്റെ മുൻ ഒരുക്ക സമയത്തു തന്നെ ഈ മത്സരം ഉണ്ടായി. ആരു പാർട്ടി ലീഡറാകണം, ആരു മുഖ്യമന്ത്രിയാകണം എന്നുള്ളതിൽ തന്നെ തർക്കം തുടങ്ങി. അതിന്റെയൊക്കെ യുക്തിയുക്തമായിട്ടുള്ള പരിണാമ ഫലമാണു് ഈ കാണുന്നതു്.

സർ, ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ടു്. അതായതു് 'കൊള്ള മുതൽ പങ്കുവയ്ക്കാൻ കള്ളന്മാർ തമ്മിൽ അടിപിടി കൂടുന്നു' അത്തരത്തിലുള്ള ഒരു ചരിത്രമാണു ഈ കഴിഞ്ഞ നാലു കൊല്ലമായി ഇവിടെ കാണുന്നതു്. ആ ചരിത്രത്തിന്റെ ഒരു ഭാഗമായിട്ടാണു് മുമ്പു നിങ്ങളുടെ കൂടെ അധികാരത്തിലിരുന്ന പാർട്ടിയെ പുറത്താക്കിയതു്. അവർ പുറത്തുപോയതിനുശേഷം നിങ്ങൾ തമ്മിൽ വഴക്കുണ്ടായി. ആ വഴക്കിൽ താന്താങ്ങളുടെ വിഭാഗത്തിനു് ജയം കിട്ടുന്നതിനും ഓരോ വിഭാഗവും ഓരോ ഗ്രൂപ്പും അതിനുള്ള അടവുകൾ എടുത്തതിനെപ്പററി ഞാൻ ഇവിടെ പറയേണ്ടതില്ലല്ലോ. കഴിഞ്ഞ ഏതാനും മാസങ്ങൾക്കു മുമ്പു ഈ സംസ്ഥാനത്തു് കുപ്രസിദ്ധി ആർജ്ജിച്ചിട്ടുള്ള പീച്ചി സംഭവത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുത്തിട്ടുള്ള നിലപാടു് എന്താണെന്നു് പരിശോധിച്ചു നോക്കുക. അതിൽ ആദ്യം അദ്ദേഹം ഒരു നിലപാടു എടുത്തു. അതു കഴിഞ്ഞു് അതു് ഫലിക്കുകയില്ലെന്നുള്ള ഘട്ടമായപ്പോൾ വേറൊരു നിലപാടു് എടുക്കുകയുണ്ടായി. ഇക്കാര്യങ്ങളെല്ലാം തന്നെ പരിശോധിക്കുന്ന അവസരത്തിൽ കാണാൻ സാധിക്കും, ഈ മന്ത്രിസഭയ്ക്കകത്തു തന്നെ ഓരോരുത്തരും തന്റെ നില സുരക്ഷിതമാക്കുന്നതിനും, ഇനി തുടർന്നുപോകുന്നതിനും ഇന്ന അടവു എടുക്കണമെന്നു് വിചാരിച്ചു് ഒരു അടവു് എടുക്കുകയും, അതു് പററുകയില്ലെന്നു കാണുമ്പോൾ അതു് മാററിയിട്ടു് വേറൊരു അടവു എടുക്കുകയും ചെയ്യുന്നതു് നിങ്ങളുടെ പാർട്ടിയ്ക്കകത്തു്, നിങ്ങളുടെ മന്ത്രിസഭയ്ക്കകത്തു തന്നെ ഗ്രൂപ്പുകൾ തമ്മിൽ തമ്മിൽ ഉള്ള എല്ലാ മത്സരങ്ങളിലും മുന്തി നിൽക്കുന്ന ഒരു കാര്യം, സ്വാർത്ഥം നേടുന്നതിനുവേണ്ടി എന്തും ചെയ്യാൻ തയാറാണെന്നാണു്. അതിൽ ഏററവും പ്രധാനമായിട്ടുള്ളതു് ഈ ബഡ്ജററു സമ്മേളനം തുടങ്ങിയതിനുശേഷമാണു് സ്കൂളുകളും കാളേജുകളും പങ്കിടുന്നതിനുള്ള വഴക്കുകൾ നിങ്ങളുടെ പാർട്ടിയിലുള്ളവർതന്നെയുണ്ടാക്കിയതു്.. ഇങ്ങനെ സ്കൂളുകളും കാളേജുകളും പങ്കിട്ടു് ഇനിയും കുറച്ചുകാലംകൂടി ഭരിക്കാമെന്നാണു് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വ്യാമോഹം. ഈ ബഡ്ജററു സമ്മേളന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

കാലത്തുതന്നെ സ്കൂളുകൾ പങ്കുവയ്ക്കുന്ന കാര്യം നീട്ടിവച്ച് അതിൽ ഭാഗഭാക്കുകളാകുന്നവരെ കുറെ പ്രലോഭനംകൊണ്ടും കുറെ ഭീഷണികൊണ്ടും മാററിനിത്തി, ഈ നിലയിൽ ഈ ഭരണത്തിന്റെ ഭാഗമായിട്ടുള്ള ഡിപ്പാർട്ടുമെന്റു ഓരോന്നും തന്നെ അവരവരുടെ സ്വന്തം കാര്യങ്ങൾ നേടുന്നതിനുള്ള ഉപാധികളായിട്ടാണ് സ്വീകരിച്ചിട്ടുള്ളതു്. ഇതിന്റെയെല്ലാം ഫലമായിട്ട് ഈ രാജ്യത്തെ ജനങ്ങളെ നേരിട്ടിരിക്കുന്ന മുഖ്യമായ പ്രശ്നങ്ങൾക്കൊന്നിനും പരിഹാരം കാണാൻ ഈ ഗവണ്മെന്റിനു് സാധിച്ചിട്ടില്ല. ഒന്നിനെപ്പററിയും ശരിയായി ചിന്തിക്കുന്നതിനോ, ഈ നാട്ടിലെ ഉത്തമ താൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതിനോ ഉള്ള നിലപാട് എടുക്കാൻ ഈ ഗവണ്മെന്റിനു് കഴിഞ്ഞിട്ടില്ല. ഞാൻ അതിനു ഒന്നു രണ്ടു ഉദാഹരണങ്ങൾ പറയാം.

ഒന്നാമത്തു്, ഈ നാട്ടിലെ വിദ്യാഭ്യാസ പ്രശ്നം തന്നെയാണു്. ഈ നാട്ടിലെ വിദ്യാഭ്യാസപ്രശ്നത്തെപ്പററി വളരെ ഗൗരവാവഹമായ അഭിപ്രായവ്യത്യാസങ്ങളും പ്രക്ഷോഭണങ്ങളും എല്ലാം ഉണ്ടായിട്ടുണ്ടു്. ഒരു ദിവസം പെട്ടെന്നു് ഈ നാട്ടിലെ വിദ്യാഭ്യാസ സമ്പ്രദായത്തെ ആകെ മാററുകയുണ്ടായി. അതായതു് ഇനി മുതൽ പ്രീ യൂണിവേഴ്സിററി കോഴ്സ് ഒരു കൊല്ലം എന്നുള്ളതു് രണ്ടു കൊല്ലം ആക്കണമെന്നാണു്. അതിനെപ്പററി വളരെ ശക്തിയായിട്ടുള്ള അഭിപ്രായവ്യത്യാസങ്ങൾ ഇന്നു് വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെ ഇടയിൽ തന്നെയുണ്ടു്. എന്നാൽ അതിനെ സംബന്ധിച്ച് ഈ ഗവണ്മെന്റിൽ നിന്നും കാര്യമായി വല്ല നടപടികളും എടുത്തിട്ടുണ്ടോ? ഒന്നും എടുത്തിട്ടില്ല. അക്കാര്യങ്ങളെല്ലാം തന്നെ വ്യക്തമായിട്ടും ഈ നിയമസഭയുടെ മുമ്പിൽ വയ്ക്കാൻ ഗവണ്മെന്റു തയാറാണോ? തയാറുമില്ല. എന്താണു് ഇനി നിങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നതു്? ഇതിന്റെ വിദ്യാഭ്യാസപരമായ ഗുണദോഷങ്ങളെപ്പററിയെല്ലാം എന്തെല്ലാം കാര്യങ്ങൾ പറഞ്ഞാലും ശരി ആ വിദ്യാഭ്യാസ പരിഷ്കാരത്തിന്റെ മൊത്തംഫലമായി ഉണ്ടായതു് പത്തു മുപ്പതു ജൂനിയർ കാളേജുകൾ പുതിയതായി സൃഷ്ടിക്കുകയെന്നുള്ളതാണു്. ഈ കാളേജുകൾ എല്ലാം തന്നെ തുറക്കാൻ തീരുമാനിച്ച് അതിന്റെ പ്രഖ്യാപനവും കഴിഞ്ഞതിനുശേഷമാണു് ഇവിടത്തെ വിദ്യാഭ്യാസവകുപ്പുമന്ത്രിയായ മുഖ്യമന്ത്രി ഇക്കാര്യത്തെപ്പററി യൂണിവേഴ്സിററിയുമായി കൺസൽട്ട് ചെയ്തതു്. ഈ രാജ്യത്തെ വിദ്യാഭ്യാസപ്രശ്നത്തെപ്പററി യൂണിവേഴ്സിററിയും, വിദ്യാഭ്യാസ വിദഗ്ദ്ധന്മാരും, ഈ നാട്ടിലെ പൊതുജനങ്ങളുമായി ആലോചിക്കേണ്ടതാണു്. എന്നാൽ അതൊന്നും ചെയ്യാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്രയിത്ര ജൂനിയർ കാളേജുകൾ തുറക്കണമെന്നും, അതു ഇന്നയിന്ന സമുദായക്കാർക്ക് ഇത്രയിത്ര വീതമെന്നും തീരുമാനിച്ച് അനുവാദംകൊടുത്തു കഴിഞ്ഞതിനുശേഷമാണു് അതിനെക്കുറിച്ച് എല്ലാവരും അറിയുന്നതു്. ഈ നാട്ടിന്റെ താൽപ്പര്യം, ഈ നാട്ടിലെ കുട്ടികളുടെ താൽപ്പര്യം, ഈ നാട്ടിലെ രക്ഷാകർത്താക്കളുടെ താൽപ്പര്യം, ഈ നാട്ടിലെ അദ്ധ്യാപകരുടെ താൽപ്പര്യം ഇതൊന്നുംതന്നെ പരിഗണിക്കാതെയാണു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാളേജുകൾ കൊടുക്കുന്നതിനുള്ള തീരുമാനം എടുത്തതു്.

രണ്ടാമത്തേതു് പ്ലാനിംഗിന്റെ കാര്യമാണു്. ഈ നാട്ടിലെ പ്ലാനിംഗിന്റെ കാര്യത്തിൽ യഥാർത്ഥത്തിൽ യാതൊരു വിധത്തിലുള്ള ചർച്ചയും നടത്താൻ ഈ സഭയ്ക്കു സമയം കിട്ടിയിട്ടില്ല. ഇക്കാര്യം തുടരെ തുടരെ ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതാണു്. ഈ സംസ്ഥാനത്തിന്റെ ഭാവിയെ ആകെ സാരമായി ബാധിക്കുന്ന ഒന്നാണു് ലോകനാഥൻ റിപ്പോർട്ട്. ആ റിപ്പോർട്ട് അംഗീകരിച്ച രീതിയിലാണു് ഇവിടെ വ്യവസായവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും സംസാരിക്കാറുള്ളതു്. അതു് വളരെ പ്രധാനപ്പെട്ട ഒരു രേഖയാണു്, ഇതുവരെ കേരളത്തിനു് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലാത്തത്ര വമ്പിച്ച പുരോഗതി ഉണ്ടാക്കുന്ന ഒരു റിപ്പോർട്ടാണെന്നാണു് അവരുടെ അവകാശവാദം. എന്നാൽ അതിന്റെ യാഥാർത്ഥ്യം എന്താണു്? മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഈ നിയമസഭ അംഗീകരിച്ച നിർദ്ദേശങ്ങളിൽ ഒരു ഇഞ്ചുപോലും മുന്നോട്ടു പോയിട്ടില്ല. മൂന്നാം പഞ്ചവത്സരപദ്ധതിയെക്കുറിച്ച് ചർച്ചചെയ്യുന്നതിനു് ഈ സഭയ്ക്കു് സമയം കിട്ടിയിട്ടില്ല. എങ്കിലും മൂന്നാം പദ്ധതിയിലേക്കുള്ള ചില കണക്കുകൾ ഞാൻ ഇവിടെ പറയാം. ഈ സഭ അംഗീകരിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളതു് മൂന്നാം പദ്ധതിയിൽ ഈ സ്റ്റേററിന് മുന്നൂറുകോടി രൂപ വേണമെന്നാണ്. എന്നാൽ ലോകനാഥൻ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരിക്കുന്നതു് ആയിരം കോടി രൂപയാണ്. ഈ കണക്കിന്റെ ഉള്ളിലേയ്ക്കു് പോയാൽ മുന്നൂറുകോടി രൂപ ആവശ്യപ്പെട്ടതിന്റെ ആ അടിസ്ഥാനം തന്നെ ലോകനാഥൻ റിപ്പോർട്ടു് അംഗീകരിച്ചിട്ടില്ലെന്നു കാണാം. മുന്നൂറുകോടി രൂപ ആവശ്യപ്പെട്ടിട്ടുള്ളതു് ഒരൊററ പഞ്ചവത്സരപദ്ധതിയ്ക്കു വേണ്ടിയാണ്. അതായതു് മൂന്നാം പഞ്ചവത്സര പദ്ധതിക്ക വേണ്ടിയാണ് ലോകനാഥൻ റിപ്പോർട്ടു ആണെന്നുണ്ടെങ്കിൽ മൂന്നും നാലും പഞ്ചവൽസരപദ്ധതികൾക്ക വേണ്ടിയാണ് ആയിരം കോടി രൂപ ആവശ്യപ്പെട്ടിരിക്കുന്നതു്. ആൾ ഇൻഡ്യാ പ്ലാനിംഗ് കമ്മീഷനാണെന്നുണ്ടെങ്കിൽ മൂന്നും നാലും പദ്ധതികൾ തമ്മിലുള്ള ബന്ധത്തെപ്പററി ഒരു തത്വം ആവിഷ്ക്കരിച്ചു. അതു് എന്താണെന്നുവച്ചാൽ മൂന്നാം പഞ്ചവൽസരപദ്ധതിയ്ക്കുള്ള ഔട്ടലേയിൽ നിന്നും ഒന്നര ഇരട്ടിയായിരിക്കണം നാലാം പദ്ധതിയിൽ എന്നു്. മൂന്നാം പഞ്ചവൽസരപദ്ധതിയ്ക്കു് മുന്നൂറുകോടി രൂപയാണെങ്കിൽ നാലാം പഞ്ചവൽസരപദ്ധതിയിൽ അതിന്റെ ഒന്നര ഇരട്ടിയായ 450 കോടി രൂപയായിരിക്കണമെന്നാണ്. അങ്ങനെ മൂന്നും നാലും പഞ്ചവൽസരപദ്ധതികൾക്കുകൂടി ആകപ്പാടെ 750 കോടി രൂപയായിരിക്കണമെന്നാണ്. ഈ 750 കോടി രൂപ എന്നു പറയുന്നതു കേവലം പബ്ലിക്ക് സെക്ടറിലുള്ള പദ്ധതിയാണ്. ലോകനാഥൻ റിപ്പോർട്ടിൽ ആയിരംകോടി രൂപ ആവശ്യപ്പെട്ടിരിക്കുന്നതു് പബ്ലിക്ക് സെക്ടറിലും പ്രൈവററു സെക്ടറിലും കൂടിയുള്ളതാണ്. മൂന്നാം പഞ്ചവൽസരപദ്ധതിയിൽ പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതു് മൂന്നും നാലും പദ്ധതികളിൽ പബ്ലിക്ക് സെക്ടറിൽ മാത്രം 750 കോടി രൂപ ആവശ്യമാണെന്നാണ്. എന്നാൽ പബ്ലിക്ക് സെക്ടറിലും പ്രൈവററു സെക്ടറിലും കൂടി ആയിരംകോടി രൂപ മൂന്നും നാലും പഞ്ചവൽസരപദ്ധതികളിൽ ആവശ്യപ്പെട്ടിരിക്കുകയാണ് ലോകനാഥൻ റിപ്പോർട്ടിൽ. മൂന്നാം പഞ്ചവൽസരപദ്ധതിയിൽ എത്രവേണമോ അതിന്റെ ഒന്നര ഇരട്ടിയാണ് നാലാം പഞ്ചവൽസരപദ്ധതിക്ക് എന്നു്. ഇൻഡ്യാ ഗവൺമെന്റും പ്ലാനിംഗ് കമ്മീഷനും തയാറാക്കിയിട്ടുള്ള ആ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ആയിരംകോടി രൂപയ്ക്കുള്ള പ്ലാൻ തയാറാക്കിയതു് എന്നു് ലോകനാഥൻ റിപ്പോർട്ടിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. അതുകൊണ്ടു് ലോകനാഥൻ റിപ്പോർട്ടിന്റെ ടോട്ടൽ സൈസിനെ സംബന്ധിച്ചിടത്തോളം മുന്നൂറു കോടിയിൽ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല. പിന്നെ രണ്ടു വ്യത്യാസങ്ങളുണ്ട്. അതെന്താണ്? നിങ്ങൾ ഇവിടെ തയാറാക്കിയിട്ടുള്ള മൂന്നാം പഞ്ചവൽസരപദ്ധതിയിൽ മുന്നൂറുകോടി രൂപ എങ്ങനെ വിവിധ വകുപ്പുകൾക്കവേണ്ടി വീതിക്കണമെന്നുള്ളതാണ്. ആ മുന്നൂറുകോടിയിൽ എത്ര വ്യവസായങ്ങൾക്കവേണ്ടി നീക്കിവയ്ക്കണം? വ്യവസായവൽക്കരണത്തിനാണെന്നുണ്ടെങ്കിൽ ആൾ ഇൻഡ്യാ പ്ലാനിൽ അംഗീകരിച്ചിട്ടുള്ളതു് ആകെയുള്ളതിന്റെ 28 ശതമാനം നീക്കിവയ്ക്കണമെന്നാണ്. ആ തത്വം ഇവിടെ ഉൾപ്പെടുത്തിക്കൊണ്ടാണോ നിങ്ങൾ മൂന്നാം പഞ്ചവൽസരപദ്ധതിയിൽ രേഖകൾ തയാറാക്കിയിട്ടുള്ളതു്? ലോകനാഥൻ റിപ്പോർട്ടിലാണെന്നുണ്ടെങ്കിൽ വ്യവസായവൽക്കരണത്തിനുള്ള ശതമാനം വളരെ കുറച്ചിരിക്കുകയാണ്. ആ റിപ്പോർട്ടിൽ ഏററവും പ്രധാനമായിട്ടുള്ളതു് ഈ നാട്ടിലെ വ്യാപാരവിളകളുടെ കൃഷി അഭിവൃദ്ധിപ്പെടുത്തണമെന്നാണ്. അങ്ങനെ അഖിലേൻഡ്യാ പ്ലാനിന്റെ അടിസ്ഥാന തത്വങ്ങളെ ഒന്നായി ബലികഴിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ടാണ് ലോകനാഥൻ റിപ്പോർട്ട്. രണ്ടാമതു് ആൾ ഇൻഡ്യാ റിപ്പോർട്ടിൽ വ്യവസായവൽക്കരണത്തിൽ ഏററവും പ്രധാനമായിട്ടുള്ളതെല്ലാം പൊതുമേഖലയിൽ ആയിരിക്കണമെന്നു് പ്രത്യേകം നിഷ്ക്കർഷിച്ചിട്ടുണ്ട്. ലോകനാഥൻ റിപ്പോർട്ടിൽ ആണെങ്കിൽ സ്വകാര്യ വ്യവസായങ്ങൾക്കു് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു സമീപനമായിരിക്കണം വേണ്ടതെന്നാണ് പറഞ്ഞിരിക്കുന്നതു്. ഇത്തരത്തിൽ ഈ നാട്ടിലെ വ്യവസായവൽക്കരണം, ആ വ്യവസായവൽക്കരണത്തിൽ പബ്ലിക്ക സെക്ടറിനുള്ള പ്രാധാന്യം, ഇതെല്ലാം അവഗണിച്ചുകൊണ്ടു് ഈ നാട്ടിലെ ഉത്തമ താൽപര്യങ്ങളെ ബലികഴിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ടാണ് ലോകനാഥൻ റിപ്പോർട്ട്. അതുകൊണ്ടു് ഞങ്ങൾ വളരെ വ്യക്തമായി യഥാർത്ഥമായി പറയുകയാണ്, പ്ലാനിംഗിനെ സംബന്ധിച്ചിടത്തോളം, വ്യവസായവൽക്കരണത്തെ സംബന്ധിച്ചിടത്തോളം, പൊതുമേഖലയ്ക്കു് കൊടുക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

സ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ഈ വക കാര്യങ്ങളെല്ലാം തന്നെ ഈ നാട്ടിലെ, ഇൻഡ്യാ രാജ്യത്തെ പുരോഗമനവാദികൾ മുഴുവൻ അംഗീകരിച്ചിട്ടുള്ള തത്വങ്ങളെല്ലാം ബലികഴിച്ചുകൊണ്ടു് സ്വതന്ത്രാപാർട്ടി അംഗീകരിച്ചിട്ടുള്ളതുപോലെയുള്ള ഒരു റിപ്പോർട്ടാണു് ലോകനാഥൻ റിപ്പോർട്ടു് എന്നു്. ഇക്കാര്യങ്ങളെല്ലാം വ്യവസായവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പരിശോധിച്ചിട്ടുണ്ടോ? ഏതായാലും എനിക്കു് പറയുവാനുള്ളതു് ഈ റിപ്പോർട്ടു് ശരിക്കു് മനസ്സിലാക്കാതെയാണു് വ്യവസായവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇവിടെ അഭിപ്രായം പറയുന്നതു് എന്നാണു്. ഇതിനെ സൂചിപ്പിച്ചുകൊണ്ടു് ഒന്നുരണ്ടു പ്രാവശ്യം ഞാൻ ഇവിടെ ക്വസ്റ്റ്യൻ ചോദിച്ചപ്പോഴെല്ലാം തന്നെ ഇതിനെപ്പററി ശരിയായി മനസ്സിലാക്കാത്ത രീതിയിലുള്ള മറുപടിയാണു് ലഭിച്ചിട്ടുള്ളതു്. ആ റിപ്പോർട്ടിന്റെ ഉള്ളിലേയ്ക്കു കടന്നു് ശരിയായി അതിനെപ്പററി പഠിച്ചു്, അതു് ഈ രാജ്യത്തിലെ ജനങ്ങളുടെ താൽപ്പര്യങ്ങളെ എത്രത്തോളം സംരക്ഷിക്കുന്നുണ്ടെന്നും എത്രത്തോളം അപകടത്തിലാക്കുന്നുണ്ടെന്നും മനസ്സിലാക്കാതെ അതിൽ പറഞ്ഞിരിക്കുന്നതു് എല്ലാം ശരിയായിരിക്കുമെന്നുള്ള ധാരണയിൽ വീരവാദം പറയരുതെന്നാണു് എനിക്കു പറയുവാനുള്ളതു്. ഒരുപക്ഷെ ആ റിപ്പോർട്ടിലെ സംഗതികൾ ശരിയായി നിങ്ങൾ മനസ്സിലാക്കിയിട്ടില്ലായിരിക്കും. കാരണം അതൊന്നും ശ്രദ്ധിക്കാനുള്ള സമയം നിങ്ങൾക്കില്ലല്ലോ. ഇവിടത്തെ മന്ത്രിമാരുടെ പ്രധാന ജോലി തമ്മിൽ തമ്മിൽ ഉള്ള വഴക്കുകൾ തീർക്കലാണല്ലോ. ഇനിയെങ്കിലും ഈ പ്ലാനിനെ സംബന്ധിച്ചു് ഞങ്ങളൊന്നും ശ്രദ്ധിച്ചിട്ടില്ലെന്നു് ഇവിടെ പറയരുതു്. എനിക്കു് പ്രധാനമായിട്ടു് ഇവിടെ ഊന്നി പറയാനുള്ള സംഗതി ലോകനാഥൻ റിപ്പോർട്ടു അതിലെ രണ്ടു ഉദാഹരണങ്ങൾ മാത്രമേ ഞാൻ പറഞ്ഞുള്ളു. അതായതു് ഈ നാട്ടിലെ വിദ്യാഭ്യാസപ്രശ്നം, വ്യവസായവൽക്കരണം, തൊഴിൽ പ്രശ്നം, നിയമപരിഷ്ക്കാരം ഈ കാരങ്ങളിലെല്ലാം തന്നെ ഈ നാട്ടിലെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ മുഴുവൻ താൽപ്പര്യങ്ങളേയും ബലികഴിച്ചുകൊണ്ടു്, ഈ നാട്ടിലെ ഉത്തമ താൽപ്പര്യങ്ങളെ മുഴുവൻ ബലികഴിച്ചുകൊണ്ടു് ഉള്ള ഒന്നാണു് എന്നാണു്. ഈ ഗവണ്മെന്റിനു് ഭരണഘടനാപരമായ, രാഷ്ട്രീയപരമായുള്ള മര്യാദനോക്കി പ്രവർത്തിക്കാനുള്ള നിലപാടെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ അതെങ്കിലും സമ്മതിക്കാമായിരുന്നു. പക്ഷേ ഈ അടുത്ത ദിവസം നടന്ന രാജ്യസഭാ തിരഞ്ഞെടുപ്പോടുകൂടി ആ ന്യായവുംകൂടി ഇല്ലാതായിപ്പോയി.

നിങ്ങൾക്കു് നിങ്ങളുടെ പാർട്ടിയുടെ തന്നെ പിൻബലമില്ല. കറുത്ത ആടുകൾ നിങ്ങളുടെയിടയിലുണ്ടെന്നുള്ള കാര്യം ലജ്ജയോടുകൂടി നിങ്ങൾ തന്നെ സമ്മതിച്ചിരിക്കുകയാണു്. ഞാൻ മുൻപു പറഞ്ഞതുപോലെ ദുർമ്മേദസ്സു് എന്നുള്ള ചോദ്യം നിലനിൽക്കുകയാണു്. ആ ചോദ്യത്തിനു സമാധാനം കാണുന്നതുവരെ നിങ്ങൾ പത്തുമാസത്തിനുവേണ്ടി കാത്തിരിക്കാതെ സ്ഥാനമൊഴിയുന്നതാണു് നല്ലതു്. അതു് എങ്ങനെയായാലും പത്തുമാസംകൂടി തുടർന്നു ഭരിക്കാമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ രണ്ടു കൂട്ടരും ഞാൻ പറഞ്ഞതുപോലെ you are digging your own grave നശിക്കാൻ പോകുകയാണെന്നു മാത്രമേ എനിക്കു് പറയുവാനുള്ളു. ഇനി പത്തു മാസംകൂടി ഭരിക്കുന്നതിനു തുടരാതെ അതിനുമുൻപു് മര്യാദയോടെ ഒഴിഞ്ഞുപോയാൻ, ഈ ബഡ്ജററു് സമ്മേളനം തൊട്ടു് ഞാൻ ചെയ്തിട്ടുള്ള പ്രസംഗങ്ങളിൽ ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ടു്, ഇനിയെങ്കിലും താമസിക്കാതെ മര്യാദയോടെ ഒഴിഞ്ഞുപോയാൽ കുറേ കഴിഞ്ഞെങ്കിലും വരാമെന്നു്. കമ്മ്യൂണിസ്ററുകാർ മാത്രമല്ല, ഞങ്ങളെല്ലാം കൂടി പറഞ്ഞിട്ടുണ്ടു്. ഒരുവിധം മര്യാദയുണ്ടെങ്കിൽ, ഒരുവിധം നാണമുണ്ടെങ്കിൽ ഒഴിഞ്ഞുപോകുക എന്നു്. അതാണു് നിങ്ങൾക്കു് നല്ലതു് എന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ അപ്രോപ്രിയേഷൻ ബില്ലിനെ ശക്തിയായി എതിർക്കുന്നു.

[Mr. Speaker in the chair]

ശ്രീ. ഈ. പി. ഗോപാലൻ: ഈ അപ്രോപ്രിയേഷൻ ബില്ലിനെ ഞാൻ എതിർക്കുന്നു. വരുന്ന സാമ്പത്തിക വർഷത്തിൽ ഈ സംഖ്യ എടുത്തു ഉപയോഗിക്കാനുള്ള അനുവാദം ഈ ഗവണ്മെന്റിനു കൊടുത്തുകൂടാ എന്നു എനിക്കു്



LIBRARY ARCHIVES Kerala Legislative Assembly

ശക്തിയായ അഭിപ്രായമുണ്ട്. മുൻപ് ഒരു സന്ദർഭത്തിൽ ഞാൻ സൂചിപ്പിച്ചിട്ടുള്ളതു് അനുസരിച്ചു പറയുകയാണെങ്കിൽ ഇതു ഏററവും വലിയ ധനദുർവിനിയോഗത്തിന് അനുവാദം ആവശ്യപ്പെടലാണ്. വരുന്ന സാമ്പത്തിക വർഷത്തിൽ ഇവിടെ പാസാക്കിയ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ തുകകൾ വിവിധ പരിപാടികൾക്കായി ചെലവാക്കാനുള്ള അനുവാദം യാതൊരു കാരണവശാലും ഇവർക്ക് കൊടുത്തുകൂടാ, അതിനുള്ള ധാർമ്മികമായ എല്ലാ അവകാശങ്ങളും ഇന്നത്തെ ഭരണകക്ഷികൾ നഷ്ടപ്പെട്ടിരിക്കുന്നു. ഈ അവസരത്തിൽ അതു സ്വയം സമ്മതിക്കുന്നതാണ് ഭൂഷണം. സമ്മതിക്കാൻ തയ്യാറില്ലെങ്കിൽ പൊളിയാൻ ഒരുക്കം എന്നു് ആണു് അർത്ഥം. അതു് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാതിരിക്കുവാൻ യാതൊരു നിവ്വാഹവുമില്ല. വരുന്ന സാമ്പത്തിക വർഷത്തിൽ ഭരിച്ചു പൊളിയുവാനുള്ള അവകാശം കൊടുക്കുന്നതു് മര്യാദയല്ല എന്നുള്ളതുകൊണ്ടാണ് കാലേക്കൂട്ടി ഈ സംഗതി ചൂണ്ടിക്കാണിക്കുന്നതു്. വല്ല പാടും ഇതൊന്നു വോട്ടുചെയ്തു പാസ്സാക്കാൻ കഴിഞ്ഞതു കൊണ്ടുമാത്രം ധാർമ്മികമായ അവകാശം സിദ്ധിക്കുന്നില്ല.

**Shri R. Raghava Menon :** Sir, On a point of order. I think it is not parliamentary to say that no money can be voted for a demand. Of course he can move for token cut and speak on it, if he is not satisfied with the administration. But he has no right to say that the whole amount is not necessary. That is unparliamentary.

**Mr. Speaker :** This does not mean that the whole amount should be rejected because he has not moved a motion. He was not moving a motion. So Mr. Gopalan can continue.

**ശ്രീ. ഈ. പി. ഗോപാലൻ ;** അതൊക്കെ പഴയ കാലത്തെ ഓർമ്മകളാണ്. ഈ ധനവിനിയോഗബില്ലിനെ ഞാൻ വീണ്ടും എതിർക്കുകയാണ്

സർ, കാര്യങ്ങൾ വിശദമായി പ്രസ്താവിക്കുന്നതിനു സമയകുറവുണ്ടെന്നു കാണുന്നതുകൊണ്ടു ഞാൻ ചുരുക്കി പറയാം. വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ഈ ഗവൺമെൻറ് കൈകാര്യം ചെയ്യുന്നരീതിയെപ്പററി ബഹുമാനപ്പെട്ട ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഇവിടെ പറയുകയുണ്ടായി. അനുദിനഭരണത്തിൻെറ കാര്യത്തിൽ ഈ ഗവൺമെൻറ് അമ്പേ പരാജയപ്പെട്ടിരിക്കുകയാണ്. സർ, ഇന്നു എന്തെങ്കിലും ഒരു കാര്യം സർക്കാരിൽനിന്നു നടക്കണമെന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ആളുകൾ പുറകേ ചെല്ലണം. അതില്ലെങ്കിൽ ഒരൊററ കാര്യം നടക്കുകയില്ല എന്നുള്ളതു് ആർക്കാണ് അറിഞ്ഞുകൂടാത്തതു്? ഈ മാതിരി പ്രവർത്തനങ്ങൾ തന്നെ അഴിമതിയുടെ പരിധിയിൽ പെടുന്നവയാണ്. സാധാരണഗതിയിൽ അംഗീകരിക്കപ്പെട്ട നടപടിയല്ലാതെ ഒരു പ്രത്യേക കാര്യത്തിൽ ആവശ്യമായ ചില സംഗതികൾ ബന്ധപ്പെട്ട ആളുകൾ ചെയ്യില്ലാതെ നടപ്പില്ലെന്നുള്ളതു് ഇന്നു അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. സംസ്ഥാനത്തിൻെറ തലസ്ഥാനത്തുള്ള സെക്രട്ടേറിയററിൽ കടലാസുകൾ നീങ്ങിപ്പോയി കാര്യം സാധിക്കണമെങ്കിൽ ആളുകൾ കൂടെ പോകണമെന്നുള്ളതു് അറിയാത്തവർ ആരെങ്കിലുമുണ്ടോ? എന്നു മാത്രമല്ല ഈ ഏർപ്പാടു അഴിമതിക്കു് അവസരം നൽകുന്നു എന്നുള്ളതു് അംഗീകരിക്കപ്പെട്ട ഒരു പരമാർത്ഥവുമാണ്. ഇവിടെ നിങ്ങൾ നാലു വർഷമായി ഭരണം നടത്തിക്കൊണ്ടിരിക്കുന്നു. ഈ കഴിഞ്ഞ നാലു വർഷക്കാലമത്രയും ഞങ്ങൾ ഒരു ശരിയായ എതിർപക്ഷത്തിൻെറ രീതിയിൽ മാത്രമാണു പ്രവർത്തിച്ചുപോന്നിട്ടുള്ളതു്. എതിർപക്ഷമായി ഇരിക്കാൻ വയ്യാതെ പാടുപെട്ടു് നിങ്ങൾ ചെയ്തിട്ടുള്ളതുപോലെ ക്ഷമയററു് ഞങ്ങൾ വിമോചന സമരത്തിനൊന്നും പോയിട്ടില്ല. നിങ്ങളാണെങ്കിൽ അഞ്ചുകൊല്ലക്കാലം ക്ഷമിച്ചിരിക്കാൻ തയ്യാറില്ലാതെ ഈ രാജ്യത്തിലെ എല്ലാ പിൻതിരിപ്പൻ ശക്തികളേയും, നിങ്ങൾക്കു് പോലും പിടിച്ചു ഒതുക്കാൻ ആഗ്രഹമുണ്ടെങ്കിലും ഒതുങ്ങാത്ത വർഗ്ഗീകരണ ശക്തികളേയും കൂട്ടുപിടിച്ചുകൊണ്ടു ഒരു വിമോചന സമരം നടത്തി. എല്ലാ ജനാധിപത്യ മര്യാദകളും ലംഘിച്ചു. ദേശീയസമരപാരമ്പര്യത്തിനു നിരക്കാത്തരീതിയിൽ അവസാനം എന്താണുണ്ടായതു്? ഇവിടെ സമുദായങ്ങളെ വേർതിരിച്ചു നിറുത്തിക്കൊണ്ടുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

ഘട്ടത്തിൽ ആളുകളെ കൊണ്ടുചെന്നു നിറുത്തി. ഇൻഡ്യാ രാജ്യത്തിൽതന്നെ ഇന്നു പല ഭാഗങ്ങളിലും സാമുദായിക കുഴപ്പം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പ്രധാനമന്ത്രിതന്നെ സാമുദായസൌഹാർദ്ദത്തിനു് അപ്പീൽ ചെയ്യേണ്ട ഒരു ഘട്ടത്തിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. അങ്ങനെ അപ്പീൽ ചെയ്താൽ പോലും നിൽക്കുന്ന ഒരു നിലയിലല്ലാതായില്ലെ സാമുദായസൌഹാർദ്ദം? എന്താണ് ഈ സംസ്ഥാനത്തിൽ നിങ്ങൾ ചെയ്തിട്ടുള്ളതു്? ഈ രാജ്യത്തിലെ ശിഥിലീകരണശക്തികൾക്ക് കൂട്ടുനില്ക്കുകയല്ലേ നിങ്ങൾ ഇപ്പോഴും ചെയ്യുന്നതു്? ഇൻഡ്യയുടെ ഇന്നത്തെ സ്ഥിതി എന്താണ്? നമ്മുടെ സംസ്ഥാനത്തിലെ സ്ഥിതിഗതികൾ പരിശോധിച്ചാൽ ഉള്ള ഭിന്നതകൾക്കു പുറമേ ജാതിയുടെയും മതത്തിൻെറയും അടിസ്ഥാനത്തിൽ വിഭാഗീക ചിന്താഗതികൾ വളർന്നുവരികയല്ലെചെയ്യുന്നതു? ഇതിനെല്ലാം ആരാണ് ഉത്തരവാദികൾ? ഒരു കാലത്തും ഇതിൽ ഞങ്ങൾ പങ്കാളികളല്ല. ഇനിയും ഞങ്ങൾ അതിനു പോകുകയുമില്ല പക്ഷേ ഇന്നുള്ള ഈ വിഭാഗീക ചിന്താഗതിക്കും ഈ ഭരണത്തിനും ഉത്തരവാദികളായ നിങ്ങൾ ഈ രാജ്യത്തെ നശിപ്പിക്കുന്നതിനുള്ള ക്ഷുദ്രശക്തികളെ കയർ അഴിച്ചുവിട്ടിരിക്കുകയാണ്. അതിൻെറ കൊടുംതാണ്ഡവമാണ് ഇവിടെ നടക്കുന്നതു്. ഇനിയും ഈ നില തുടരാനാണ് ഭാവമെങ്കിൽ ഇവിടെ എന്തു സംഭവിക്കുമെന്നുള്ള കാര്യത്തെപ്പററി ഭയപ്പെടേണ്ടതുണ്ട്. ഈ ഘട്ടത്തിൽ പ്രത്യേകിച്ച് ഒന്നു ചെയ്യാൻ നിങ്ങൾക്ക് കഴിയും. ഏതായാലും അധഃപ്പതനത്തിൻെറ നെല്ലിപ്പലക കണ്ടല്ലോ. അതുകൊണ്ട്, ഒട്ടും വൈകാതെ നിങ്ങൾ ഭരണം വച്ച് ഒഴിഞ്ഞു പോവുക. നിയമസഭയുടെ മുൻപാകെ ഈ വിഷയം ഒന്നിലധികം തവണ ഞങ്ങൾ വച്ചിട്ടുള്ളതാണ്. അംഗീകൃതമായ രീതിയിൽ ഗവണ്മെൻറിനു് ഭരണം തുടർന്നു നടത്താൻ അധികാരമില്ലാത്ത സന്ദർഭത്തിൽ ധനവിനിയോഗം ചെയ്യാൻ അനുമതി കൊടുക്കുന്നതിനു സാദ്ധ്യമല്ല, അതുകൊണ്ട് ഭരണം വച്ച് ഒഴിഞ്ഞു പോകുകയാണ് നല്ലതു്. ഏതു വിഷയം എടുത്തുനോക്കിയാലും, പഞ്ചവത്സരപദ്ധതികൾ നടപ്പാക്കുന്ന കാര്യം എടുത്തുനോക്കിയാലും വികസന പ്രവർത്തനത്തിൻെറ കാര്യം എടുത്തു നോക്കിയാലും വ്യവസായവൽക്കരണത്തിൻെറ കാര്യം എടുത്തു നോക്കിയാലും ശരി നിങ്ങൾ പരാജയപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ ഘട്ടത്തിൽ ഏററവും ഉചിതമായിട്ടുള്ള സംഗതി നിങ്ങൾ രാജിവച്ചു ഒഴിഞ്ഞുപോകുക എന്നുള്ളതാണ്. തിരഞ്ഞെടുപ്പിനു് ഇനിയും കാലമുണ്ട് എന്നുള്ള കാര്യമൊന്നും ചിന്തിക്കേണ്ടതില്ല. ഈ സംസ്ഥാനത്തിൻെറ ഭാവിയെപ്പററി ചിന്തിക്കുക. നിങ്ങളിൽ തന്നെ, മന്ത്രിസഭയിൽ ഇരിക്കാൻ കൊള്ളാത്ത ഒരാളെ, മന്ത്രിസഭയിൽ നിന്നു പുറത്താക്കിയ ഒരാളെ നിങ്ങളിൽ ചിലർ നാടായ നാടുമുഴുവനും കൊണ്ടുനടക്കുന്നു. താലപ്പൊലിവച്ച് സ്വീകരിക്കുന്നു. അദ്ദേഹത്തിനു് മറുപടി പറയുവാൻ സർക്കാർ ചെലവിൽ വലിയ ഏർപ്പാടുകൾ ചെയ്യുന്നു. എന്താണിതിനർത്ഥം? എന്താണ് ഈ രാജ്യത്തിൽ ഇന്നു നടക്കുന്നതു്? പ്രൈവററ് സ്കൂൾ അദ്ധ്യാപകരുടെ ന്യായമായ അവകാശങ്ങൾ അംഗീകരിക്കാൻ നിങ്ങൾ തയ്യാറില്ല മുഖ്യമന്ത്രി പറയുന്നതിനു് കോൺഗ്രസ്സ് പാർട്ടിയിലുള്ള മുഴുവൻ അംഗങ്ങളുടേയും പിന്തുണ ഉണ്ടോ? അവരിൽ മിക്കവരും അദ്ധ്യാപകരോട് വളരെ അനുകൂലമുള്ളവരാണെന്നു പറയുന്നതു് കേൾക്കുന്നു. ഏതൊരു വിഭാഗത്തിൻെറ പ്രശ്നം എടുത്തു പരിശോധിച്ചാലും ശരി സർക്കാരിൻെറ സമീപനമാകട്ടെ ഫലപ്രദമായ ഒരു പരിഹാരം കണ്ടെത്തുന്നതിനുള്ള സമീപനമേയല്ല. ഈ സന്ദർഭത്തിൽ സ്വന്തം പാർട്ടിയിലെ ഭിന്നിപ്പുതീർക്കുന്നതിനും മററും ഉള്ള ഉൽസാഹം മാത്രമേ നിങ്ങൾക്കുള്ളു. ആ രീതിയിലാണ് പ്രവർത്തനം നീങ്ങിക്കൊണ്ടിരിക്കുന്നതു്. ഇതു കേവലം കോൺഗ്രസ്സിൻെറ ആഭ്യന്തരപ്രശ്നങ്ങളാണ് എന്നു പറഞ്ഞു ഒഴിയുവാൻ പററുകയില്ല ഇതു് ഈ സംസ്ഥാനത്തിലെ ഭരണത്തിൻെറ കാര്യമാണ്. മുഴുവൻ ജനങ്ങളേയും ബാധിക്കുന്ന കാര്യമാണ്. കോൺഗ്രസ്സ് ഇവിടെ ഭരണകക്ഷിയല്ലാത്ത ഒരു ഘട്ടത്തിലാണ് ഇതെല്ലാം സംഭവിക്കുന്നതെങ്കിൽ അതൊരു കക്ഷിക്കാര്യമാണെന്നു കരുതാം. കോൺഗ്രസുകാർക്ക് പൊതുവിൽ ഒരു ധാരണയുള്ളതുപോലെ തോന്നുന്നു, ഖജനാവിലെ പണം സ്വന്തം തറവാട്ടിലെ പണംപോലെ കൈകാര്യം ചെയ്യാമെന്ന്, അതു നന്നല്ല. നിങ്ങൾ തമ്മിലുള്ള ഭിന്നിപ്പു ആദർശത്തെ ചൊല്ലിയുള്ളതല്ല, നയത്തെച്ചൊല്ലിയുള്ളതല്ല, സ്വന്തം സ്വാർത്ഥ



LIBRARY ARCHIVES Kerala Legislative Assembly

ലാഭത്തെ ചൊല്ലിയുള്ള വഴക്കാണ്. ഈ സംസ്ഥാനത്തിന്റെ നീറുന്ന പ്രശ്നങ്ങൾ നിങ്ങൾക്ക് ഒരു വിഷയമല്ല. കൊള്ളമുതൽ പങ്കിടുന്നതിൽ കള്ളന്മാർ കാണിക്കുന്ന മനസ്ഥിതിയാണ് ഇവിടെ കാട്ടുന്നത്. രാഷ്ട്രീയം നിങ്ങൾ അമ്പേ ദുഷിപ്പിച്ചിരിക്കുന്നു. ജനപ്രതിനിധികളുടെ അന്തസ്സ് നശിപ്പിച്ചിരിക്കുന്നു. രാജ്യസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ സ്വന്തം കക്ഷിയുടെ സ്ഥാനാർത്ഥിയെ തോൽപ്പിച്ചില്ലേ? എം. എൽ. എ. മാരുടെ വിശ്വാസ്യതയെപ്പോലും ചോദ്യം ചെയ്യുന്ന പണിയല്ലേ ചിലർ ചെയ്തത്? നിയമസഭാസാമാജികന്മാരിൽപ്പോലും ഇത്തരം ആളുകളുണ്ടെന്നുവരുന്നത് അപമാനകരമല്ലേ? പാർട്ടികൾക്കും രാഷ്ട്രീയത്തിനുമൊക്കെ അപമാനം വരുത്തിവച്ചത് കഷ്ടമല്ലേ? ഇതെല്ലാം ഓർത്തുകൊണ്ട് ഇനി ഒട്ടുംതാമസിയാതെ അധികാരസ്ഥാനത്തുനിന്ന് ഇറങ്ങിത്തിരിക്കുക. അതല്ല ഇനിയും ഈ അഴിമതികളും തകരാറുകളും തുടരാനാണ് ഭാവമെങ്കിൽ അത് ഈ നാട്ടിന് ആപത്താണ്. നിങ്ങൾക്ക് അപകടമാണ്, രാഷ്ട്രീയത്തിനു നാശമാണ്. ജനങ്ങളിൽ പൊതുവിൽ അവിശ്വാസവും അവജ്ഞയും നിരാശയും വളർത്താൻ സഹായിക്കലാണ്. അതുകൊണ്ട് ദയവായി അധികാരം വച്ചൊഴിയുക.

ശ്രീമതി എ. നഫീസത്തുബീവി : ഈ ധനവിനിയോഗബില്ലിനെ പിൻതാങ്ങിക്കൊണ്ട് ഏതാനും ചില വാക്കുകൾ പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഗവണ്മെന്റ് തുടർച്ചയായി അഞ്ചു കൊല്ലം ഈ സംസ്ഥാനത്തെ ഭരിക്കുകയും അഞ്ചാമത്തെ തവണയും ധനവിനിയോഗബിൽ അവതരിപ്പിച്ച് പാസാക്കുന്നതുകൊണ്ടും ഈ ഗവണ്മെന്റിനെ ഞാൻ അങ്ങേയറ്റം ഹാർദ്ദമായി അനുമോദിക്കുകയാണ്. ഈ ധനവിനിയോഗബിൽ പാസ്സാക്കി ധനം ന്യായമായും ക്രമമായും ചെലവഴിച്ച് ഈ ഗവണ്മെന്റിന്റെ കാലാവധിയായ അഞ്ചു കൊല്ലവും ഈ നാട്ടിലെ ജനങ്ങളെ ഭരിക്കണം എന്നുള്ളത് ഈ നാട്ടിലെ ജനങ്ങളുടെ അങ്ങേയറ്റം അഭിമാനജനകമായ ഒരാവശ്യമാണ്. ഈ ബില്ലിന്റെ ചർച്ചാവേളയിൽ പ്രതിപക്ഷം പങ്കെടുത്തുകൊണ്ട് സംസാരിച്ചത് ഞാൻ കേൾക്കുകയുണ്ടായി. അതിനെക്കുറിച്ചൊന്നും ദീർഘമായി മറുപടി പറയാൻ സമയച്ചുരുക്കംകൊണ്ട് ഞാൻ ഒരുമ്പെടുന്നില്ല. ഒറ്റ വാചകത്തിൽ പറയുകയാണെങ്കിൽ പ്രതിപക്ഷ നേതാവിനെപ്പോലുള്ള, എനിക്ക് അദ്ദേഹത്തോടുള്ള ബഹുമാനം മുഴവൻ നിലനിറുത്തിക്കൊണ്ട് ഒറ്റ വാചകത്തിൽ പറയുകയാണെങ്കിൽ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടുകൊണ്ടിരുന്നപ്പോൾ എനിക്ക് പറയുവാൻ തോന്നിയത്, നാട്ടുകാർക്ക് പറയുവാനുള്ളത് "തന്റെ കണ്ണിലെ കോലെടുത്തതിനുശേഷം അന്യന്റെ കണ്ണിലെ കരടെടുക്കാൻ ഒരുമ്പെടണം" എന്നു മാത്രമാണ്. അതിൽ കൂടുതലൊന്നും ഈ വിഷയത്തെപ്പറ്റി പരാമർശിക്കാൻ ഞാൻ ഒരുമ്പെടുന്നില്ല. മറ്റു പ്രധാനമായ ആക്ഷേപം ഇവിടെ ഉന്നയിച്ചത് ഈ സംസ്ഥാനത്തുനിന്നു ഈ ഗവണ്മെന്റിനെ, ജനങ്ങളുടേതായ ജനകീയ ഗവണ്മെന്റിനെ ഇറക്കുന്നതിനുവേണ്ടി ഇന്നു പ്രധാന പ്രതിപക്ഷം വെമ്പൽ കാണിച്ചിട്ടില്ലെന്നാണ്. അതിൽ എത്രമാത്രം ആത്മാർത്ഥതയുണ്ട്, സത്യം ഉണ്ട് എന്നുള്ളത് ഒന്നു പരിശോധിക്കുകയാണെങ്കിൽ ഈ നാട്ടിലെ ജനങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. കമ്മ്യൂണിസ്റ്റുകാർ കിട്ടുന്ന അവസരമെല്ലാം തന്നെ അവസരോചിതമായി ഉപയോഗിക്കാൻ പരിശ്രമിക്കുന്നതായും അതു ഈ അവസരത്തിലും ഉപയോഗിച്ചിട്ടുമുണ്ട്, ഉപയോഗിച്ചുകൊണ്ടിരിക്കുകയുമാണ് എന്നുള്ളത് അവരുടെ കഴിഞ്ഞ കാലങ്ങളിലുള്ള പ്രവർത്തനങ്ങളിൽനിന്നു ഈ നാട്ടിലെ ജനങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനവ്യാപകമായ സമരമെന്നു പറഞ്ഞുകൊണ്ട് ആദ്യം നമുക്ക് ഗ്ലാൻവിഹിതം കിട്ടിയതു കുറഞ്ഞുപോയി എന്നും അതു പിടിച്ചുപറ്റുന്നതിനു കാസർകോട്ടുനിന്നും തിരുവനന്തപുരത്തേയ്ക്ക് ജീപ്പുജാഥ സംഘടിപ്പിച്ചുകൊണ്ട് പ്രക്ഷോഭണം നടത്തി ; പിന്നീട് കാർഷികബന്ധബില്ലിനെതിരായിട്ടുള്ള പ്രക്ഷോഭണം തുടങ്ങി, ഇന്നു പോലീസ് വെരിഫിക്കേഷനെതിരായി പ്രക്ഷോഭണത്തിനു ആഹ്വാനം നൽകിയിരിക്കുകയാണ്. പക്ഷേ ഇതെല്ലാം ദയനീയമായി പരാജയപ്പെട്ടതു എന്തുകൊണ്ടാണെന്നു ചോദിച്ചാൽ ഇന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിന്നിൽ ജനങ്ങളില്ല. ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. കമ്മ്യൂണിസ്റ്റു പാർട്ടി ദേശസ്നേഹത്തിനുവേണ്ടിയല്ല നിലകൊള്ളുന്നതെന്ന് കമ്മ്യൂണിസ്റ്റു പാർട്ടി രാജ്യദ്രോഹപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി നഫീസത്തുബീവി]

ചരിത്രങ്ങൾ ഒന്നൊന്നായി ഇവിടത്തെ ജനങ്ങൾ മനസ്സിലാക്കുകയും അങ്ങനെ ഇവിടത്തെ ജനങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നു പിൻമാറി നിൽക്കുകയുമാണ് ചെയ്തിരിക്കുന്നത്. അല്ലാതെ പ്രതിപക്ഷത്തിന്റെ മഹാമനസ്കത കൊണ്ട് ഈ കസേര പിടിച്ചുപറ്റുന്നതിനു ശ്രമിക്കുകയല്ലെന്ന വസ്തുത നാട്ടുകാർക്കറിയാം. ഏതായിരുന്നാലും ഈ കസേര ഒഴിഞ്ഞുതരാൻ നിവൃത്തിയില്ല.

സർ, എനിക്ക് പറയുവാനുള്ളത് ഈ രാജ്യത്തിലെ ജനങ്ങൾക്ക് ഏറ്റവും പ്രിയംകരമായ രീതിയിലും ജനാധിപത്യത്തിൽ അടിയുറച്ചു നിന്നുകൊണ്ടും തങ്ങൾ ഈ മന്ത്രിസഭയുള്ള കാലാവധി മുഴുവൻ തുടർന്നു പോകണമെന്നുള്ള ജനങ്ങളുടെ ആവശ്യം ഞാൻ ഈ സന്ദർഭത്തിൽ ഈ സഭയെ അറിയിക്കുകയാണ്. ഭരണകക്ഷിയിലെ ഒരു അംഗമെന്നുള്ള നിലയിൽ മാത്രമല്ല, ഭരണപരമായ രംഗത്തു കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ കണക്കിൽ എടുത്തുകൊണ്ടാണ് ഞാൻ ഇതു പറയുന്നത്. എല്ലാ കക്ഷികളും ഒരുപോലെ അംഗീകരിച്ചിട്ടുണ്ട് ഈ ഗവണ്മെന്റിന്റെ ഭരണത്തിന് യാതൊരു വിധത്തിലുള്ള വൈകല്യങ്ങളും ഇല്ലെന്ന്. ചിലപ്പോൾ ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടാകുമെങ്കിലും പൊതുവേ ഒരു നയം എന്നുള്ള നിലയിൽ ഈ ഗവണ്മെന്റ് നിഷ്പക്ഷമായി ക്രമസമാധാനപരിപാലനത്തിൽ അങ്ങേയറ്റം വിജയിച്ചിരിക്കുകയാണ്. കാർഷികരംഗത്തും വ്യവസായിക രംഗത്തും സ്ഥായിയായ സ്ഥിരമായ അടിസ്ഥാനപരമായ രീതിയിൽതന്നെ ഈ ഗവണ്മെന്റ് മുന്നേറിയിട്ടുണ്ട്. ഈ നാട്ടിലെ വിദ്യാഭ്യാസരംഗം ആകെ കുത്തഴിഞ്ഞുകിടന്ന ഒരു പുസ്തകംപോലെയായിരുന്നു. അതിനെ ശരിയായ രീതിയിൽ കുത്തിക്കെട്ടിയെന്നു മാത്രമല്ല, ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിൽ കൂടുതൽ സൗകര്യം നൽകുകയും, പ്രത്യേകിച്ച് മുസ്ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചുകൊണ്ട് കാര്യമായ നടപടികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയുമാണ്. ഇതിൽ ഞാൻ ഈ ഗവണ്മെന്റിനെ അങ്ങേയറ്റം പ്രശംസിക്കുകയാണ്.

മറ്റൊരു കാര്യം എനിക്ക് പറയുവാനുള്ളത് ഈ രാജ്യത്തിലെ പി. ഡബ്ളിയു. ഡി. പ്രവർത്തനത്തെപ്പറ്റിയാണ്. നമ്മുടെ പി. ഡബ്ളിയു. ഡി. പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് പ്രഗൽഭനായ ഒരു മന്ത്രിയെയാണ് നമുക്ക് കിട്ടിയിട്ടുള്ളത്. ഈ രംഗത്ത് മൂദേവി കയറിയതുപോലെയാണെന്ന് ഒരു ബഹുമാനപ്പെട്ട മെമ്പർ ഒരിക്കൽ പ്രസംഗിക്കുന്നതുകേട്ടു. അങ്ങനെ പ്രസംഗിച്ച മെമ്പർ മൂദേവി എന്നു പറയുന്നതിന് എന്റെ സംസ്കാരം എന്നെ അനുവദിക്കുന്നില്ല. അതുകൊണ്ട് പറയുന്നില്ല. പബ്ലിക്ക് ഹെൽത്തിലും, ഫിഷറീസിലുമെല്ലാം വളരെ വിജയകരമായി പ്രവർത്തിക്കാൻ ഈ ഗവണ്മെന്റിന് സാധിച്ചിട്ടുണ്ട്. മാത്രമല്ല ഈ രാജ്യത്ത് വളരെയധികം ദുരിതം അനുഭവിക്കുന്ന അവശരായ അഗതികളായ വിധവകളേയും, വൃദ്ധരേയും ക്ഷയരോഗികളേയും സഹായിക്കുന്നതിനുള്ള പദ്ധതികൾ ഈ ഗവണ്മെന്റ് ആസൂത്രണം ചെയ്തിട്ടുണ്ട്. പക്ഷെ ഇതിനെപ്പറ്റിയെല്ലാം പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് രാഷ്ട്രീയപരമായി മുതലെടുക്കാൻ പ്രതിപക്ഷങ്ങൾ ശ്രമിക്കുകയാണ്. സമയം ഇല്ലാത്തതുകൊണ്ട് കൂടുതൽ കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നില്ല.

ശ്രീ. എം. എ. റഹീം: സർ, എനിക്ക് ആലപ്പുഴയുടെ കാര്യം കുറച്ചു പറയണമെന്നുണ്ടായിരുന്നു. പക്ഷെ അഞ്ചു മിനിട്ടു സമയം
12 Noon] മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് കൊല്ലം ജില്ലയുടെ കാര്യംതന്നെ പറയാൻ തികയുകയില്ല.

ശ്രീമതി എം. നഫീസത്തുബീവി: എനിക്ക് ആലപ്പുഴയുടെ കാര്യം പറയുവാനുള്ള സമയം കിട്ടിയില്ല. ബഹുമാനപ്പെട്ട മെമ്പർ ആലപ്പുഴയുടെ കാര്യം പറഞ്ഞാൽ വലിയ സന്തോഷമുണ്ട്.

ശ്രീ. എം. എ. റഹീം: എനിക്കു കിട്ടിയ അഞ്ചു മിനിററുകൊണ്ട് കൊല്ലം ജില്ലയുടെ കാര്യം തന്നെ പറയാൻ തികയുകയില്ലല്ലോ. പിന്നെയെങ്ങിനെയാണ് ആലപ്പുഴയുടെ കാര്യം പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നു് പ്രതിപക്ഷഭാഗത്തുനിന്നും പല ബഹു: മെമ്പറന്മാരും സംസാരിക്കുന്നതുകേട്ടു. വിശേഷിച്ചും പ്രതിപക്ഷനേതാവു് വളരെ ദീർഘമായി പ്രസംഗിക്കുന്നതു കേട്ടു. അതായതു് അദ്ദേഹം പറയുന്നതു ഈ ഗവണ്മെൻറു ഒന്നു് രാജിവെച്ചു കിട്ടിയാൽ കൊള്ളാമെന്നു്. ഈ ഗവണ്മെൻറു രാജിവച്ചിട്ടു് അദ്ദേഹത്തിനു് എന്തു സാധിക്കാനാണെന്നു് എനിക്കു് മനസിലാകുന്നില്ല. അദ്ദേഹം ഈ ഗവണ്മെൻറു രാജിവെയ്ക്കുന്നതിനു കണ്ടുപിടിച്ച ഏററവും പ്രധാനമായ ഒരു കാരണം രാജ്യസഭയിലേയ്ക്കു് മത്സരിക്കാൻ നിന്ന ഒരു സ്ഥാനാർത്ഥി പരാജയപ്പെട്ടതാണു്. രാജ്യസഭയിലേക്കു് മത്സരിക്കാൻ നിന്ന ഒരു കാൺഗ്രസ്സ് സ്ഥാനാർത്ഥി പരാജയപ്പെട്ടതുകൊണ്ടു് ഈ ഗവണ്മെൻറു രാജിവയ്ക്കണമെന്നുള്ള വാദം എങ്ങനെ പൊരുത്തപ്പെട്ടുമെന്നു് എനിക്കു മനസ്സിലാകുന്നില്ല.

<u>ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു് :</u> ആകെ 127 മെമ്പർമാർ ഉള്ളതിൽ സ്പീക്കർ ഉൾപ്പെടെ 59 പേർ മാത്രമാണു് കോൺഗ്രസ്സിനു് വോട്ടു ചെയ്തിട്ടുള്ളുവെന്നുള്ള കാര്യം മറക്കരുതു്.

<u>ശ്രീ. എ. എ. റഹീം :</u> ഇപ്പോൾ ഇവിടെ നടന്നതു് രാജ്യസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പാണു്. അതു് ഇവിടത്തെ ഭരണത്തെ എങ്ങനെ ബാധിക്കുമെന്നാണു് ഞാൻ ചോദിക്കുന്നതു്. ഇവിടത്തെ ഭരണത്തിനുവേണ്ടിയുള്ള തിരഞ്ഞെടുപ്പു വരുമ്പോഴല്ലേ ഇതെല്ലാം പറയേണ്ടതു്. ഇപ്പോൾ എന്തിനാണു് ഈ വാദവുമായി വന്നിരിക്കുന്നതു്. ഇതെല്ലാം ആദ്യമായി ഇവിടെ പറയുന്നതല്ലല്ലോ. ഈ ഗവണ്മെൻറു അധികാരത്തിൽ വന്ന കാലം മുതൽക്കുതന്നെ എല്ലാ ദിവസവും എഴുന്നേററു നിന്നു പറയാറുണ്ടു്, ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതുകൊണ്ടുള്ള കുററവും കുറവുകളും. ഈ ഗവണ്മെൻറു ഇവിടെ ഭരണത്തിൽ വന്നതും, മന്ത്രിസഭ രൂപീകരിച്ചതും, ഇവിടെ ഭരണകക്ഷികൾക്കു് അഭിപ്രായവ്യത്യാസമുണ്ടെന്നും എല്ലാം ഉള്ളതിനെപ്പററി ദീർഘദീർഘം പ്രതിപക്ഷ പാർട്ടികൾ പ്രസംഗിക്കുന്നതു കേൾക്കാം. ഈ മന്ത്രിസഭയിൽ നിന്നും കുറെപേർ പോയതുകൊണ്ടു് ഈ ഗവണ്മെൻറു ഇല്ലാതാകും, ഭൂപരിഷ്കരണബിൽ പാസാക്കിയാൽ ഈ ഗവണ്മെൻറു ഇല്ലാതാകും എന്നെല്ലാം പറഞ്ഞു് ജനങ്ങളെ തെററിദ്ധരിപ്പിക്കത്തക്ക രീതിയിലുള്ള പ്രസംഗങ്ങൾവരെ ഇവിടെ നടത്തിയിട്ടുണ്ടു്. ഈ കാര്യങ്ങളെല്ലാം ചൂണ്ടിക്കാണിച്ചു് തുടരെ തുടരെ പ്രതിപക്ഷം പ്രസംഗിച്ചിട്ടും ഈ ഗവണ്മെൻറു തുടർച്ചയായി ഇവിടെ നിലകൊള്ളുക തന്നെ ചെയ്യുന്നു. ഏററവും നല്ലരീതിയിൽ അന്തസ്സായരീതിയിൽ ഭരണം നടത്തുന്നുണ്ടു്, അങ്ങനെ ഭരണം നടത്തുന്ന കാര്യത്തിൽ ഈ ഗവണ്മെൻറു അങ്ങേയററം വിജയിച്ചിട്ടുമുണ്ടു്. ഏതു രംഗം എടുത്തുനോക്കിയാലും ഈ ഗവണ്മെൻറു, ഇവിടെ മുമ്പു ഭരിച്ചിട്ടുള്ളമററു ഏതു് ഗവണ്മെൻറുകളേക്കാളും വളരെ അന്തസ്സായും നല്ല രീതിയിലും ആണു് ഭരണം നടത്തിക്കൊണ്ടുപോകുന്നതു് എന്നു് എല്ലാവർക്കും കാണാവുന്നതാണു്. പ്രതി പക്ഷ പാർട്ടികൾ വളരെ ദീർഘമായ പ്രസംഗങ്ങൾ ഇവിടെ നടത്തുന്നുവെങ്കിലും അതിൽ ഈ ഗവണ്മെൻറു എന്തെങ്കിലും കാര്യമായ തെററു ചെയ്തിട്ടുണ്ടെന്നു് ചൂണ്ടിക്കാണിച്ചിട്ടുണ്ടോയെന്നു് നോക്കിയാൽ ഇല്ലെന്നു കാണാവുന്നതാണു്. പിന്നെ ചെറിയ ചെറിയ കാരണങ്ങൾ കണ്ടുപിടിച്ചു് അതിനെ പൊക്കി പിടിച്ചുകൊണ്ടു് ഈ ഗവണ്മെൻറിനെ കുററം പറയുന്നതിനേ അവർക്കു സാധിക്കുന്നുള്ളു. ഇവിടെയുള്ള ഭരണകക്ഷി മെമ്പറന്മാർ പൊതുമുതൽ കൊള്ളയടിക്കുകയാണു്, അവരുടെ ഇടയിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടു് എന്നെല്ലാമാണു് പ്രതിപക്ഷങ്ങളുടെ ആരോപണം. പക്ഷേ ഇവിടെ അഞ്ചു് ആറു കൊല്ലത്തിനു മുമ്പു പരസ്യമായ രീതിയിൽ കൊള്ളയടിച്ച കാര്യമൊന്നും ഇവിടെ പറയാതിരിക്കുകയാണു് ഭേദം. ആന്ധ്രാ അരി കുംഭകോണത്തെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായ ജഡ്ജ്മെൻറുണ്ടായി. അതിൽ എഴുതി വെച്ചിട്ടുള്ള ഒരു തീരുമാനം ഉണ്ടായിട്ടു പോലും, ആ ജഡ്ജ്മെൻറു എഴുതിയ ആളിൻെറ പേരിൽ പ്രതിഷേധ ശബ്ദം ഉയർത്തിയ ആളുകളാണു് അപ്പുറത്തിരിക്കുന്നതു് എന്നുള്ള കാര്യം വിസ്മരിക്കരുതു്. അതു് മറച്ചുവെച്ചുകൊണ്ടു് കമ്മ്യൂണിസ്ററു പാർട്ടിയുടെ നാക്കായ ചില പത്രങ്ങൾ നിസ്സാരമായ ചില ആരോപണങ്ങൾ മുഖ്യമന്ത്രിയുടെ പേരിൽ എഴുതിയിട്ടുണ്ടെന്നുള്ളതാണു് ഇവിടത്തെ ആരോപണം. ആ ആരോപണങ്ങൾക്കു് വ്യക്തമായ തെളിവുകൾ ഉണ്ടോ ? അങ്ങനെ ആരുടെയെങ്കിലും പേരിൽ ആരോപണം ഉന്നയിച്ചതിനു് വ്യക്തമായ തെളിവുകൾ തരാൻ സാധിക്കുമോ ? ഞങ്ങളുടെ പാർട്ടികളിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. എ. റഹീം]

ആരെയെങ്കിലും പററി വ്യക്തമായ ആരോപണം ഉണ്ടായാൽ പാർട്ടി കൂടി അതിനെ സംബന്ധിച്ച് വളരെ വ്യക്തമായി അന്വേഷണം നടത്തി അതിൻെറ സത്യാവസ്ഥ പൊതുജനങ്ങളെ അറിയിക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. അങ്ങനെ പാർട്ടിയുടെ തീരുമാനമനുസരിച്ച് എല്ലാവരും പ്രവർത്തിച്ചിട്ടുമുണ്ട്. മുഖ്യമന്ത്രിയുടെ പേരിൽത്തന്നെ ആരോപണമുണ്ടായപ്പോൾ ഞങ്ങളുടെ പാർട്ടി കൂടുകയും അതിൽവച്ച് വ്യക്തമായ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അക്കാര്യത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുകയാണെങ്കിൽ ഞങ്ങളുടെ കൈയിലുള്ള എല്ലാ തെളിവുകളും ജുഡീഷ്യൽ അന്വേഷണത്തിൽ വയ്ക്കാമെന്ന് ഞങ്ങൾ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പക്ഷെ അതിന് ജുഡീഷ്യൽ അന്വേഷണത്തിന് നിയമിച്ചത് നിങ്ങളുടെ പാർട്ടിനേതാവിനെയാണ്. ഒരു മന്ത്രിസഭയിലെ അംഗങ്ങളുടെ പേരിൽ ഉള്ള ആരോപണത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് സ്വന്തം പാർട്ടി നേതാവിനെ എന്തുകൊണ്ടാണ് നിയമിച്ചത്?

ശ്രീ. എ. എ. റഹീം: യാതൊരു വിധത്തിലുള്ള ആരോപണവും ഇല്ലാതെ, വ്യക്തമായ തെളിവുകൾ ഇല്ലാതെ ഒരാളിൻെറ പേരിൽ ആരോപണമുണ്ടെന്നു പത്രങ്ങളിൽ എഴുതിയതിനെ അടിസ്ഥാനപ്പെടുത്തി ജുഡീഷ്യൽ അന്വേഷണം വേണമെന്നാണ് ആവശ്യപ്പെട്ടത്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ആരോപണം വളരെ വ്യക്തമായി തന്നെ പത്രങ്ങളിൽ വന്നിട്ടുള്ളതാണ്.

ശ്രീ. എ. എ. റഹീം: പത്രങ്ങളിൽ വന്ന ആരോപണത്തെപ്പററി കോടതിയിൽ ചർച്ച ചെയ്യുകയുണ്ടായി. എന്നാൽ അവസാനം അതിൽ ഒരു ചുക്കും ഇല്ലെന്നാണ് തെളിഞ്ഞത്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: കോടതിയിലെ വിചാരണയ്ക്കിടയിൽ നിങ്ങൾക്ക് അത് പ്രതികൂലമായി വരുമെന്ന് കണ്ടപ്പോൾ അതിൽ നിന്നും ഭീരുത്വം കൊണ്ട് പിന്മാറുകയല്ലേ ചെയ്തിട്ടുള്ളത്?

ശ്രീ. എ. എ. റഹീം: ഇതെല്ലാം പഴയ കാര്യങ്ങളല്ലേ? നിങ്ങളാരും ഇത് ചിരിച്ചുകളയേണ്ട ആവശ്യമില്ല. വളരെ കാര്യമായി തന്നെയാണ് ഞാൻ ഇതെല്ലാം പറഞ്ഞത്. കോടതിയിലെ വിചാരണയ്ക്കിടയിൽ ഈ രാജ്യത്തിലെ പത്രാധിപന്മാരുടെ യോഗം കൂടുകയും അവരുടെ റികചിസിഷൻ അനുസരിച്ചുമാണ് ആ കേസിൽനിന്നും പിന്മാറിയത്. ഇനി അതിനെ സംബന്ധിച്ചിടത്തോളം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു ഞങ്ങളുടെ ഇടയിൽ എന്തു തെററിദ്ധാരണയുണ്ടാക്കിയാലും ശരി ഇതിനെപ്പററി എല്ലാവരും വ്യക്തമായി മനസ്സിലാക്കിയിട്ടുള്ളതാണ്. എങ്കിലും ഈ പ്രശ്നം കോൺഗ്രസ്സ് പാർട്ടിയിലെ നേതാവെന്നുള്ള നിലയിൽ പ്രധാനമന്ത്രിയുടെ മുമ്പിൽ വെയ്ക്കുകയും അദ്ദേഹം ഈ പ്രശ്നങ്ങളെപ്പററി ശരിയായി പഠിക്കുകയും വേണ്ട വിധത്തിൽ അന്വേഷണം നടത്തുകയും ചെയ്തു. അദ്ദേഹത്തിൻെറ വെർഡിക്റ്റ് ഈ രാജ്യത്തു കിട്ടിയിട്ടുണ്ട്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ആ സമയത്തുതന്നെ ഞാൻ പറഞ്ഞിട്ടുണ്ട്, സ്വന്തം പാർട്ടിയിലെ നേതാവിനെക്കൊണ്ട് ആ പാട്ടിയിലെ ഒരു മന്ത്രിയുടെ പേരിലുള്ള ആരോപണത്തെപ്പററി അന്വേഷിപ്പിക്കുന്നത് തെററാണെന്ന്.

ശ്രീ. എ. എ. റഹീം: ബഹുമാനപ്പെട്ട മെമ്പർ ഉറങ്ങുന്നവരെ വിളിച്ചുണർത്തുന്ന ഒരു പ്രതീതിയാണ് ഇവിടെ കാണിക്കുന്നത്. ഏതായാലും നിങ്ങൾ ഈ അടുത്തിരിക്കുന്ന തിരഞ്ഞെടുപ്പിനെ നേരിടാനുള്ള ആഗ്രഹവും ആവേശവും കൊണ്ട് ഈ സഭാതലത്തിൽ വന്നുനിന്ന് എന്തും



LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു് ജനങ്ങളെ തെററിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണു്. ഇപ്പോൾ എല്ലാ കാരണവും പോയിട്ടു് പ്രധാനമായി പൊക്കിപ്പിടിക്കുന്നതു് ഈ അടുത്ത അവസരത്തിൽ നടന്ന രാജ്യസഭാതിരഞ്ഞെടുപ്പിൽ കോൺഗ്രസ്സുകാരിൽ അഞ്ചാറുപേർ വേറേ ആക്കോ വോട്ടുചെയ്തുവെന്നാണു്. ഇതെല്ലാമാണോ ഈ രാജ്യത്തിലെ പ്രധാന പ്രശ്നം.

ഈ രാജ്യത്തു് മററുചില പ്രധാന പ്രശ്നങ്ങളുണ്ടു്. സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുവരികയാണു്. അതു തടയാൻ കാര്യക്ഷമമായ നടപടികൾ ഗവണ്മെൻറു് എടുക്കേണ്ടതുണ്ടു്. നമ്മുടെ രാജ്യത്തു് ഉദ്യോഗസ്ഥന്മാരുടെ അലവൻസു അൽപം വർദ്ധിപ്പിച്ചു. അതുകൊണ്ടു് അവർക്കു് പ്രത്യേക പ്രയോജനം ഉണ്ടാകാൻ വഴിയില്ല. ഈ വർദ്ധനവുമായി അവർ മാർക്കററിൽ ചെല്ലുമ്പോൾ വീണ്ടും സാധനങ്ങളുടെ വില കൂടുകയാണു്. സാധനങ്ങളുടെ വില ഇങ്ങനെ കൂടിക്കൊണ്ടിരിക്കുമ്പോൾ അതിനെ നിയന്ത്രിക്കുന്നതിനു് കൺസ്യൂമേഴ്സു് കോവാപ്പറേററീവു് സൊസൈററികൾ പലയിടത്തും തുടങ്ങിയിട്ടുണ്ടു്. അവിടെ സാധനങ്ങൾ ന്യായവിലയ്ക്കു് ലഭിക്കണമെങ്കിൽ, അവക്കു് ന്യായമായ വിലയ്ക്കു സാധങ്ങൾ കിട്ടണം. തഞ്ചാവൂരിൽനിന്നും മററും ഭക്ഷ്യസാധനങ്ങൾ വരാൻ ഇന്നു പ്രയാസമുണ്ടു്. അവിടെനിന്നും കയററി അയയ്ക്കുന്ന ഓരോ കക്ഷിയുടേയും സ്റ്റോക്കിൻെറ 20 ശതമാനം ഗവണ്മെൻറിനു കൊടുക്കണം. അങ്ങനെ കൊടുത്തു ക്ലീയറൻസു് സർട്ടിഫിക്കററു് വാങ്ങിയാലേ ഇങ്ങോട്ടയയ്ക്കാൻ ഒക്കുകയുള്ളു. മദ്രാസിലുള്ള കൺസ്യൂമേഴ്സു കോവാപ്പറേററീവു് സൊസൈററികളും മാർക്കററിംഗ്സൊസൈററികളും ചരക്കു വാങ്ങിഇങ്ങോട്ടുകയററി അയയ്ക്കാനുള്ള സാഹചര്യം ഉണ്ടായില്ലെങ്കിൽ, ഇനിയും വില കൂടാനുള്ള സാദ്ധ്യതകളാണുള്ളതു്. അതുകൊണ്ടു് മദ്രാസു് ഗവണ്മെൻറുമായി ചർച്ചചെയ്തു ക്ലീയറൻസു് സർട്ടിഫിക്കററു കൂടാതെ ഇങ്ങോട്ടു് ചരക്കു കയററി അയയ്ക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതാണു്. അങ്ങനെ വില നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതു് വളരെ ആവശ്യമാണെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഈ ധനവിനിയോഗബില്ലിനെ ഞാൻ സർവ്വശക്തിയും ഉപയോഗിച്ചെതിർക്കുന്നു. ഈ ബിൽ പാസ്സാക്കിക്കൊടുത്താൽ, ഈ ഗവണ്മെൻറിനു് ധനവിനിയോഗം ന്യായമായ നിലയിൽ നടത്താൻ സാധിക്കുകയില്ലെന്നുള്ള കാര്യത്തിൽ എനിക്കു് യാതൊരു സംശയവുമില്ല. ദേശീയ ഐക്യത്തേയും, ദേശീയോൽഗ്രഥനത്തേയും വലിച്ചെറിഞ്ഞു്, ഭിന്നിപ്പിൻേറയും, അരാജകത്വത്തിൻേറയും കൊടിപാറിപ്പിച്ചുകൊണ്ടാണു് ഗവണ്മെൻറു മുമ്പോട്ടു പോകുന്നതു്. നമ്മുടെ പാവനമായ നിയമസഭാമന്ദിരത്തിനുവെളിയിൽ സെക്രട്ടറിയേററു ഗേററിൽ ദേശീയ ഐക്യത്തിൻെറ വെന്നിക്കൊടി ഈ അവസരത്തിൽ പാറിപ്പിക്കുകയാണെന്നുള്ള വിവരത്തിലേക്കു് എല്ലാ മെമ്പറന്മാരുടേയും ശ്രദ്ധയെ ഞാൻ ക്ഷണിക്കുകയാണു്. മുഖ്യമന്ത്രി പറയുകയാണു്. അദ്ധ്യാപകന്മാരുടെ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം അവരുടെ ജനനംതന്നെ രണ്ടാണെന്നു്. ഒരേ പുസ്തകം ഒരേ വിധത്തിൽ പഠിപ്പിക്കുന്ന ഒരേതരം പരീക്ഷായോഗ്യതയുള്ള അദ്ധ്യാപകന്മാരെ ഭിന്നിപ്പിച്ചു് അവരുടെ ജനനംതന്നെ രണ്ടാണെന്നു പറഞ്ഞു് ഒരു സമരത്തിലേക്കു് ക്ഷണിച്ചിരിക്കുകയാണു്. അതൊരു വെല്ലുവിളിയായിട്ടു് ഞാൻ പരിഗണിക്കുകയാണു്. 1958—ൽ വിദ്യാഭ്യാസ നിയമം ഉണ്ടായി. 1959 വരെയുള്ള അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം, അവർ സ്വകാര്യ മേഖലയിലുള്ളവരായിരുന്നാലും, പൊതുമേഖലയിലുള്ളവരെപ്പോലെ പരിഗണിക്കുന്ന ചില വകുപ്പുകൾ അതിൽ ഉണ്ടായിരുന്നു. അങ്ങനെയിരിക്കെ ഇന്നു പറയുന്നതു് രണ്ടുവിഭാഗക്കാരാണെന്നാണു്. ആരാണു് ഈ നില ഉണ്ടാക്കിയതു്. ഈ രാജ്യത്തെ സ്വകാര്യമാനേജരന്മാരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ യാതൊരുവിധത്തിലുള്ള മര്യാദയും പാലിക്കാതെ, ഈ രാജ്യത്തെ സ്വകാര്യമേഖലയിലെ അദ്ധ്യാപകന്മാരെ തെരുവുതെണ്ടികൾ ആക്കിയതിനുള്ള ഉത്തരം ഈ ഗവണ്മെൻറുതന്നെ പറയണം. ഒരു അദ്ധ്യാപകനായിരുന്നിട്ടുള്ള ശ്രീ. ആർ. ശങ്കർ മുഖ്യമന്ത്രിയായപ്പോൾ, തങ്ങൾക്കു് മോചനം ലഭിക്കുമെന്നു വിചാരിച്ച ആയിരക്കണക്കിനു് അദ്ധ്യാപകന്മാരുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ]

യിരുന്നു. ഇന്ന് ആ അദ്ധ്യാപകന്മാർ 3 സംഘടനകളിലായി യോജിച്ചു് കഴിയുകയാണു്. പി. എസ്സ്. ടി. എ, കെ. പി. ടി. എഫ്., കെ. എ. പി. ടി. എന്നിങ്ങനെ 3 സംഘടനകളാണുള്ളതു്. കാൺഗ്രസ്സ് സാമാജികന്മാരും, കമ്മ്യൂണിസ്റ്റു പാർട്ടി സാമാജികന്മാരും മുസ്ലീം ലീഗ്ഗ് സാമാജികന്മാരും, പി. എസ്സ്. പി. സാമാജികന്മാരുമെല്ലാം യോജിച്ചു് അദ്ധ്യാപകന്മാരെ ഐക്യത്തിൻെറ പ്രതീകമാക്കി ഒരു നിവേദനം മുഖ്യമന്ത്രിയ്ക്കു് സമർപ്പിച്ചു. എന്നിട്ടു് ഈ നിയമസഭാസാമാജികന്മാരേയും അദ്ധ്യാപക പ്രതിനിധികളേയും വിളിച്ചു് ചർച്ച ചെയ്യാനും അങ്ങനെയൊരു തീരുമാനമെടുക്കാനും ഗവണ്മെൻറു് യാതൊന്നും ചെയ്തില്ല. ഒരു വിഭാഗത്തെ ഭിന്നിപ്പിച്ചു് മററുള്ളവരെ തോൽപിക്കുന്നതിനുള്ള നടപടികളാണു് സ്വീകരിച്ചതു്. ഇപ്പോഴത്തെ ഫലമെന്താണു്. മൂന്നു അദ്ധ്യാപകസംഘടനകളും യോജിച്ചുകൊണ്ടു് കൊടി പാറിക്കുകയാണു്. തെററായിട്ടുള്ള പ്രവണതകൾ ഉപേക്ഷിച്ചു് അദ്ധ്യാപകസംഘടനകളിലെ നേതാക്കന്മാരെ വിളിച്ചു് നിയമസഭാ സാമാജികന്മാർ സമർപ്പിച്ച മെമ്മോറാണ്ടം ചർച്ചചെയ്തു ഒരു തീരുമാനം എടുക്കാനുള്ള അവസരം ഗവണ്മെൻറിനുണ്ടായിരുന്നു. അന്നു് ഗവണ്മെൻറു് വേണ്ടതരത്തിൽ പ്രവർത്തിച്ചില്ല. രഞ്ജിപ്പോടുകൂടി ജനാധിപത്യപരമായ സമീപനം സ്വീകരിക്കാതെ ഇത്തരത്തിലുള്ള ഒരു സമരത്തിലേക്കു് അവരെ നീക്കുകയാണു ചെയ്തിട്ടുള്ളതു്. ജനങ്ങളെ ഭിന്നിപ്പിച്ചു് ജനങ്ങളുടെ ന്യായമായിട്ടുള്ള ആവശ്യങ്ങളുടെ നേരെ കൊഞ്ഞനം കാണിക്കുന്ന രീതിയിൽ വൃത്തികേടു പറയുകയാണു്. രണ്ടു ജനനമെന്നു പറഞ്ഞതിനെയാണു് ഞാൻ വൃത്തികേടെന്നു ഉദ്ദേശിക്കുന്നതു്. എന്തായാലും ജനങ്ങളുടെ ആവശ്യങ്ങളുടെ നേരെ കൊഞ്ഞനം കാണിച്ചാൽ ഈ രാജ്യത്തുള്ള എല്ലാവരും ഒന്നിച്ചു് അതിനെ നേരിടുകതന്നെ ചെയ്യും. അതിൻെറ എല്ലാ ഭവിഷ്യത്തുകളുടേയും പരിപൂർണ ഉത്തരവാദിത്വം ഈ മന്ത്രിസഭയ്ക്കായിരിക്കുമെന്നുള്ള താക്കീതു നൽകാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണു്.

ശ്രീ. ആർ. ശങ്കർ: സ്പീക്കർ സർ, ഇവിടെ പ്രതിപക്ഷത്തുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ പലരും സംസാരിച്ചതിൻെറ സാരം ഈ ഗവണ്മെൻറിനു് ധനം വിനിയോഗിക്കാൻ ആവശ്യപ്പെട്ടു മുന്നോട്ടുവരാൻ ഇപ്പോൾ അർഹതയില്ലെന്നാണു്. കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ ധനാഭ്യർത്ഥനകൾ ഓരോന്നോരോന്നായി അവതരിപ്പിച്ചപ്പോൾ അതിനേപ്പററി ചർച്ചകൾ ഉണ്ടാവുകയും അതെല്ലാം ഈ സഭ വലിയ ഭൂരിപക്ഷത്തോടുകൂടി പാസാക്കുകയും ചെയ്തു കഴിഞ്ഞു. ഞാൻ അതിൽനിന്നും ധരിച്ചതു് അങ്ങനെയെല്ലാം പാസ്സാക്കിക്കഴിഞ്ഞാൽ ഈ ധനവിനിയോഗബിൽ ഇവിടെ അവതരിപ്പിക്കാൻ ഈ ഗവണ്മെൻറിനു് അവകാശമുണ്ടെന്നാണു്. അങ്ങനെയായാലും ധനവിനിയോഗബിൽ കൊണ്ടു വരാൻപാടില്ലെന്നു് ഒരു പുതിയ ജനാധിപത്യന്യായം ഇവിടെ കണ്ടുപിടിച്ചിരിക്കുകയാണു്. എനിക്കതു മനസിലായില്ല. ഈ ബില്ലിനെപ്പററി ഇവിടെ നടന്ന ചർച്ചകളിൽ ധനം വിനിയോഗിക്കുന്നതിൽ ഈ ഗവണ്മെൻറു് കാണിക്കുന്ന പാകപ്പിഴകളെപ്പററിയൊന്നും അധികം പറഞ്ഞുകേട്ടില്ല. പൊതുവിലുള്ള നയത്തെപ്പററിയും രാഷ്ട്രീയമായ ചില കാര്യങ്ങളെപ്പററിയും കുറെ ചർച്ചകൾ ഇവിടെ നടന്നു. പൊതുവിലുള്ള നയത്തെ പ്പററി ബഡ്ജററുസമ്മേളനത്തിൽ പറയുന്നതു്, സാധാരണ പൊതുവിമർശനസമയത്താണു്. ഇവിടെ പൊതുവിമർശനമെന്നില്ല, ഡിമാൻഡെന്നില്ല; ധനവിനിയോഗ ബില്ലെന്നില്ല; ഏതവസരം കിട്ടിയാലും പറയാനുള്ളതെല്ലാം അപ്പോൾ പറയുക എന്നൊരു ഏർപ്പാടു നടത്തുന്നതുകൊണ്ടു് ഇപ്പോൾ നടന്നതിൽ അത്ഭുതപ്പെടേണ്ടതുണ്ടെന്നു തോന്നുന്നില്ല. ഇവിടെ പറഞ്ഞ കാര്യങ്ങളിൽ ഗൗരവമുള്ള ചിലതിനെപ്പററി അൽപം ചിലതു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വിലവർദ്ധനവുണ്ടായിട്ടുണ്ടു്. അതുമൂലം സാമാന്യജനങ്ങൾക്കു് വളരെ ക്ലേശമുണ്ടെന്നു ഇവിടെ പ്രസംഗിച്ച ശ്രീ. സുഗതൻ തുടങ്ങി വളരെ ബഹുമാനപ്പെട്ട അംഗങ്ങൾ പറയുകയുണ്ടായി. ഈ വിഷയം കുറെ വ്യാപ്തമായ രീതിയിൽ ഇവിടെ ചർച്ചയ്ക്കു വന്നതാണു്. അതിനു് ഗവണ്മെൻറിനു് പറയുവാനുള്ളതു് പൊതുവിമർശനത്തിനു മറുപടി പറയുന്ന കൂട്ടത്തിൽ പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. അതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ആവർത്തിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും ഒന്നുരണ്ടു കാര്യങ്ങൾ എടുത്തുപറയേണ്ടതുണ്ടു്. സാധനങ്ങളുടെ വില കൂടിയിട്ടുണ്ടു് എന്നു പറയുന്നതു പരമാർത്ഥമാണു്. ഇങ്ങനെ വില കൂടുതൽ വരുന്നതു് മാർക്കററിൽ പണം ധാരാളമായി വരുന്ന സന്ദർഭത്തിലാണു്. പണം ധാരാളമായി ജനങ്ങളുടെ ഇടയിൽ ഉണ്ടാവുകയും അതേസമയത്തു് ജനങ്ങൾക്കു് ആവശ്യമുള്ള സാധനങ്ങൾ ആവശ്യംപോലെ ലഭ്യമാകാതെവരികയും ചെയ്യുമ്പോൾ ഇങ്ങനെ വിലവർദ്ധനവു് അനഭിലഷണീയമായി ഉണ്ടാകും. അങ്ങനെ വരുന്ന സന്ദർഭങ്ങളിൽ അതിനെ നേരിടുന്നതിനു് തൽക്കാല പരിഹാരമെന്ന നിലയിൽ മാത്രമാണു് കൂലി വർദ്ധിപ്പിക്കുകയും മററും ചെയ്യുന്നതു്. യഥാർത്ഥത്തിൽ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വിലക്കയററം ഫലപ്രദമായി തടയണമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ വളരെ കരുതലോടുകൂടി ഗവണ്മെൻറും ജനങ്ങളും സഹകരിച്ചു് മാർക്കററിൽ ആവശ്യമുള്ള സാധനങ്ങൾ വരുത്തുന്നതിനു വേണ്ടി പരിശ്രമിക്കുകയാണുവേണ്ടതു്. കേരളത്തിലെ ജനങ്ങൾക്കു് വളരെ ബുദ്ധിമുട്ടു് തോന്നാവുന്നതു് ഭക്ഷണസാധനങ്ങൾ വേണ്ടവണ്ണം മാർക്കററിൽ വരാതിരിക്കുമ്പോഴാണു്. കേരളത്തിൽ ആവശ്യമുള്ളിടത്തോളം നെല്ലോ അരിയോ ഉൽപ്പാദിപ്പിക്കപ്പെടുന്നില്ലെന്നു് എല്ലാവർക്കും അറിയാം. നാം വെളിയിൽനിന്നും ഇറക്കുമതി ചെയ്യുന്ന നെല്ലിനേയും അരിയേയും ആശ്രയിച്ചാണു കഴിയുന്നതു്. അങ്ങനെ ഇറക്കുമതി ചെയ്യുന്നതിൻെറ അളവു് സാധാരണയിൽ കവിഞ്ഞു് വർദ്ധിപ്പിക്കാൻകഴിയുമെങ്കിൽ വിലവർദ്ധനവിനെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയുമെന്നുള്ളതിനു് സംശയമില്ല. ഈ ഗവണ്മെൻറു് അതിനു് അങ്ങേയററം ശ്രമങ്ങൾ ചെയ്യുന്നുണ്ടു്. സാധാരണ ഗതിയിൽ ഇവിടെ കച്ചവടക്കാർ വരുത്തുന്ന അരിയുടെ അളവു് ഈ കാലങ്ങളിൽ കുറഞ്ഞുപോയിട്ടില്ലെന്നു് എല്ലാവർക്കും അറിയാം. അതുപോലെതന്നെ ന്യായവില ഷാപ്പുകളിൽക്കൂടി വിതരണം ചെയ്യുന്ന അരിയുടെ അളവും കുറഞ്ഞിട്ടില്ല. അതുകൊണ്ടു് ആ കാരണം കൊണ്ടാണു് വില കൂടിയതെന്നു് പറയുന്നതു് ശരിയായിരിക്കുകയില്ല. ഇൻഡ്യാ ഒട്ടാകെ ഭക്ഷണസാധനങ്ങൾക്കു് എല്ലാം കുറെ വില വർദ്ധിച്ചിട്ടുണ്ടു്. യഥാർത്ഥത്തിൽ മററു പല സംസ്ഥാനങ്ങളിലും വന്നിട്ടുള്ള വർദ്ധനവു് കേരളത്തിൽ ഉണ്ടായിട്ടില്ല. കേരളത്തിൽ അതൊരുവിധം ഫലപ്രദമായി നിയന്ത്രിക്കാൻ ഗവണ്മെൻറിനു സാധിച്ചിട്ടുണ്ടു്. വില എപ്പോഴും കൂടിക്കൊണ്ടിരിക്കുന്നു എന്നു പറയുന്നതും ശരിയല്ല. കഴിഞ്ഞ രണ്ടുമൂന്നുമാസങ്ങളിൽ വില കൂടിയിട്ടില്ലെന്നുമാത്രമല്ല, ചില സ്ഥലങ്ങളിൽ അൽപം കുറയാനും ഇടയായിട്ടുണ്ടു്. ഇപ്പോൾ എടുത്തു കഴിഞ്ഞ ഇവിടത്തെ വിളവു് നല്ല വിളവാണു്. പുഞ്ചവിളവും ഈയാണ്ടത്തേതു തരക്കേടില്ല. ആ നിലയിൽ കേരളത്തിൽ ഭക്ഷണസാധനങ്ങൾക്കു വില ഇനി അധികം വർദ്ധിക്കാൻ ന്യായമില്ലെന്നുമാത്രമല്ല, കുറച്ചെങ്കിലും കുറയാനാണു് സാദ്ധ്യതയുള്ളതു്.

<u>ശ്രീ. എം. നാരായണക്കുറുപ്പു്</u>: ഇൻഡ്യാഗവണ്മെൻറു് ഇപ്പോൾ മന്നിനു് രണ്ടുരൂപ പർച്ചേസു് പ്രൈസു് കൂട്ടിയിട്ടുള്ളതായി കണ്ടു. അതു കേരളത്തെ എങ്ങിനെ ബാധിക്കും?

<u>ശ്രീ. ആർ. ശങ്കർ</u>: അങ്ങനെ കൂടുകയാണെങ്കിൽ അത്രയും ബാധിക്കാനിടയുണ്ടു്. പക്ഷേ നമുക്കു് ന്യായവിലഷാപ്പിൽക്കൂടി വിതരണം ചെയ്യാൻതരുന്ന അരി സബ്സിഡൈസ് ചെയ്തുതരുന്നതാണു്. അതുകൊണ്ടു വിലയിൽ വ്യത്യാസം വരികയില്ല. ഏതായാലും ഈ പ്രശ്നത്തിനു് ഈ ഗവണ്മെൻറിനു മാത്രമായി വളരെ കാര്യമായി പരിഹാരമൊന്നും ഉണ്ടാക്കാൻ സാധിക്കുകയില്ല. ഇൻഡ്യ ഒട്ടാകെ ബാധിക്കുന്ന ഒരു വിഷമമാണു് ഇതു്. ഈ ഗവണ്മെൻറു വളരെ സൂക്ഷിച്ചു് കരുതലോടുകൂടി നോക്കിയിരുന്നു് ഇതു കൈകാര്യം ചെയ്യുന്നുണ്ടെന്നു മാത്രമെ എനിക്കു പറയുവാൻ സാധിക്കുകയുള്ളു.

ഇവിടെ വേറെ പലതും പറയാനില്ലാഞ്ഞിട്ടാണോ എന്തോ ഈ ഗവണ്മെൻറു് ആരംഭിച്ചകാലം മുതലുള്ള കഥ വളരെ വിപുലമായി പ്രതിപാദിച്ചു. ആരെല്ലാം ചേർന്നാണു ഭരണം തുടങ്ങിയതു്, ആരെല്ലാം വിട്ടുപോയി, ഇപ്പോൾ ഒരു കക്ഷിയായതിൻെറ ശേഷം ശിഥിലീകരണ പ്രവണതയുണ്ടു് എന്നെല്ലാം പറഞ്ഞു. അതൊക്കെ വളരെ സംഗതമാണോ എന്നെനിക്കു്



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

സംശയമുണ്ട്. ഒരു കാര്യം ശ്രീ. ഇ. എം. എസ്. എടുത്തു പറഞ്ഞു, ഒരു രഹസ്യബാലററു നടന്നപ്പോൾ ഈ സഭയിലെ 59 മെമ്പറന്മാരുടെ പിന്തുണ മാത്രമെ ഈ ഗവണ്മെൻറിനുള്ളു എന്നു കണ്ടുവെന്ന്. അതത്ര ശരിയല്ല. ഈ ഗവണ്മെൻറിൻെറ പിന്തുണയെപ്പററിയുള്ള ബാലട്ടൊന്നും നടന്നിട്ടില്ല. ഇവിടെ വോട്ടിംഗ് നടന്നതു് രാജ്യസഭയിലേക്ക് മെമ്പറന്മാരെ തെരഞ്ഞെടുക്കുന്നതാണ്. അതിൻെറ ഉള്ളിൽക്കൂടി നടന്ന വ്യാപരത്തെ പരിശോധിച്ചാൽ കുറച്ചു വിദൂരമായെങ്കിലും അതു ഗവണ്മെൻറിനെ ബാധിക്കുന്നതല്ലേയെന്നു ചോദിക്കാവുന്നതാണ്.

127 അംഗങ്ങൾ ഉള്ള നിയമസഭയിൽ 59 പേരുടെമാത്രം പിൻതുണയുള്ള ഈ ഗവണ്മെൻറിനു നിയമസഭയുടെ വിശ്വാസം നശിച്ചിരിക്കുന്നു എന്നു. പറയുന്നതു മനസിലായില്ല. അങ്ങനെ ഒരു ഇഷ്യൂ ഇവിടെ വരുമെങ്കിൽ ഈ ഗവണ്മെൻറിനു അൻപത്തിഒൻപതുപേരുടെ പിൻതുണയേ ഉള്ളു, ബാക്കിയുള്ളവരുടെ പിൻതുണ പ്രതിപക്ഷത്തിനാണെങ്കിൽ തീർച്ചയായും ഈ ഗവണ്മെൻറു രാജിവച്ചുപോകും അതിനൊരു നല്ല അവസരമാണ് ഇപ്പോൾ വന്നിരിക്കുന്നതു്. ഇപ്പോൾ ഒരു ധനവിനിയോഗബിൽ വന്നിരിക്കുന്നു. അതു വോട്ടിനിടുന്ന അവസരത്തിൽ അതു സാധിച്ചേക്കാമെങ്കിൽ ഇന്നു തന്നെ ഈ ഗവണ്മെൻറു രജിവച്ചുപോയേക്കാം. ആ ഒരു ഇഷ്യൂ ഇവിടെ ഇരിക്കുമ്പോൾ പിന്നെ എന്തിനാണ് ഇതെല്ലാം ഇങ്ങനെ വളച്ചുകെട്ടി പറയുന്നതു്. അതിനുള്ള അവസരം ഇതാ സംജാതമായിരിക്കുന്നു എന്നുമാത്രമേ അതേപ്പററി പറയുന്നുള്ളു.

ശ്രീ. ആർ. സുഗതൻ: രാജ്യസഭാതെരഞ്ഞെടുപ്പിനുമുമ്പു നടന്ന വ്യാപാരത്തെപ്പററി ബഹുമാനപ്പെട്ടമന്ത്രി സൂചിപ്പിച്ചു. ഇവിടെ വ്യാപാരം എന്നു പറഞ്ഞാൽ എന്താണെന്നു മനസിലായില്ല.

ശ്രീ. ആർ. ശങ്കർ: വ്യാപാരം എന്നുള്ള വാക്കിൻെറ വ്യാപ്തമായ അർത്ഥം ശ്രീമാൻ സുഗതനു മനസിലായിരിക്കുമെന്നാണെൻെറ വിശ്വാസം. എനിക്കു തോന്നുന്നതു്, വ്യാപാരം എന്നുപറഞ്ഞാൽ പ്രവർത്തനം എന്നു മാത്രമാണ്. അങ്ങിനെയാണ് അതിൻെറ അർത്ഥം ഞാൻ മനസിലാക്കിയതു്.

സർ, ഇവിടെ സ്പെസിഫിക്കായിട്ടു പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഒന്നു രണ്ടെണ്ണത്തിനു മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നു. സർ, വിദ്യാഭ്യാസരംഗത്തു ഈയിടെ വന്ന ചില മാററങ്ങളെപ്പററി വളരെ ഏറെ വിമർശനങ്ങളുണ്ടായി. ഈ ഗവണ്മെൻറു അതിൽ കൈകടത്തീട്ടുണ്ട് എന്ന അർത്ഥം വരത്തക്കവണ്ണം പറയുകയുണ്ടായി. അതായതു്, കാളേജുകൾ എല്ലാം പങ്കുവച്ചു, ഇതെല്ലാം കഴിഞ്ഞിട്ടാണ് യൂണിവേഴ്സിററി ഈ ചിത്രത്തിൽ വന്നതു എന്നും സൂചിപ്പിക്കയുണ്ടായി, സാധാരണഗതിയിൽ അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ ഇങ്ങനെ പറയുന്നല്ലോ എന്നു കരുതി ഞാൻ അത്ഭുതപ്പെടുകയാണ്. അതിനു മുമ്പുതന്നെ ഈ കാര്യങ്ങൾ ഞാനിവിടെ പറഞ്ഞിട്ടുണ്ട്. വേണമെങ്കിൽ ഒരിക്കൽക്കൂടി പറയാം. തെരഞ്ഞെടുപ്പിൻെറ കാലമായതുകൊണ്ടു വീണ്ടും ഈ പറയുന്നതൊന്നും കേൾക്കാതെ വന്നേക്കാം. എങ്കിലും ഇക്കാര്യം ഇപ്പോഴത്തെ ജൂനിയർ കാളേജുകൾ ഉണ്ടാക്കണമെന്നകാര്യത്തിൽ ഗവണ്മെൻറു യാതൊരു പ്രേരണയും ചെലുത്തീട്ടില്ലാ എന്നു ബഹുമാനപ്പെട്ട അംഗങ്ങളെ ഞാൻ അറിയിക്കുകയാണ്. ഈ ഗവണ്മെൻറോ മുഖ്യമന്ത്രിയോ അതേപ്പററി എന്തെങ്കിലും ആലോചിക്കുന്നതിനുമുമ്പ് ഈ യൂണിവേഴ്സിററിയിൽനിന്നും ഒരു വിദഗ്ദ്ധകമ്മിററിയെ നിയമിക്കയുണ്ടായി. ആ കമ്മിററിയെ നിയമിച്ചതു ബഹുമാനപ്പെട്ട ജനങ്ങളുടേയും ഇൻഡ്യയിലെ വിദ്യാഭ്യാസവിചക്ഷണന്മാരുടെയും അഭിപ്രായങ്ങൾ മനസിലാക്കി പ്രീയൂണിവേഴ്സിററി കോഴ്സിനു വല്ല മാററവും വരുത്തേണ്ടതാവശ്യമാണോ, അതു എങ്ങനെ ആയിരിക്കണം എന്നുള്ളതിനെപ്പററി റിപ്പോർട്ടുചെയ്യാൻ വേണ്ടിയായിരുന്നു. സർ, ഈ സഭയിൽ പല പ്രാവശ്യവും ഉന്നയിച്ചിട്ടുള്ള ഒരു പ്രശ്നമാണ്, ഇപ്പോഴത്തെ യൂണിവേഴ്സിററി എഡ്യൂക്കേഷൻെറ ഫലമായി അഖിലേൻഡ്യാ നിലവാരത്തിലുള്ള മത്സരപരീക്ഷകൾക്കു നമ്മുടെ വിദ്യാർത്ഥികൾ മോശ

മായിപോകുന്നു എന്നും നമ്മുടെ യൂണിവേഴ്സിററി എഡ്യൂക്കേഷന്റെ സ്റ്റാൻഡേഡ് മോശമായിരിക്കുന്നതുകൊണ്ട് എന്തെങ്കിലും ചെയ്യണമെന്നും ഉള്ളതു്. കഴിഞ്ഞകൊല്ലം ഇൻഡ്യൻ ഇൻസ്റ്റിററ്യൂട്ട് ആഫ് ടെക്നോളജിയിലേക്ക തെരഞ്ഞെടുക്കുന്നതിനായി തെക്കേ ഇൻഡ്യയിൽനിന്നും പോയിരുന്ന 250 പേരിൽ ആകെ 70 പേർ മാത്രമാണ് വിജയികളായതു്. അതിൽ കേരളത്തിൽനിന്നും ആരുമില്ലായിരുന്നു. അതുകൊണ്ടു വിദ്യാഭ്യാസപ്രവർത്തകന്മാരെല്ലാംതന്നെ അതിനുവേണ്ടി എന്താണ് ചെയ്യേണ്ടതു് എന്നു ആലോചിക്കുകയാണ്. അക്കൂട്ടത്തിൽ സ്വാഭാവികമായി കേരളസർവ്വകലാശാലാധികൃതരും അതിൽ എങ്ങനെ പ്രവർത്തിക്കണം എന്നുള്ളതിനെപ്പററി ആലോചിച്ചു. അവർ ഒരു വിദഗ്ദ്ധകമ്മിററിയെ നിയമിച്ചു. ആ കമ്മിററിയെ നിയമിച്ചിട്ടുള്ള പ്രകാരം കമ്മിററിയുടെ റിപ്പോർട്ട കൊടുക്കുന്നകാലത്തു യാദൃശ്ചികമായിട്ടാണ് ഞാൻ ഇതു അറിയുന്നതു്. ഇതൊന്നും ഗവണ്മെൻറിനോടാലോചിക്കേണ്ട കാര്യമില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഇതു ഞാൻ പരസ്യമായി കണ്ടിട്ടില്ലാ എന്നു്. ഇതു ആരെങ്കിലും അറിഞ്ഞിട്ടുണ്ടോ? പൊതുജനങ്ങളുടെയും വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെയും എല്ലാം അഭിപ്രായങ്ങൾ ഈ കമ്മിററി ആരാഞ്ഞിട്ടുണ്ടോ. ഇതേസംബന്ധിച്ച ക്വസ്റ്റ്യനയർ പബ്ളിഷ് ചെയ്തിട്ടുണ്ടോ എന്നുള്ളതിനെസംബന്ധിച്ച് വിശദവിവരങ്ങൾ ഈ സഭയെ മനസിലാക്കുമോ?

ശ്രീ. ആർ. ശങ്കർ: ഇതിൽ കൂടുതൽ വിശദവിവരങ്ങൾ ഇപ്പോൾ തരാൻ കഴിയുകയില്ല. എനിക്ക മനസിലാക്കാൻ കഴിഞ്ഞതു ഇൻഡ്യയിലെ വിദ്യാഭ്യാസരംഗത്തും മററു നിലയിലും അവർ ധാരാളം ക്വസ്റ്റ്യനയർ അയച്ചിരുന്നു എന്നാണ്. ഇൻഡ്യൻ സർവ്വകലാശാലകളിലെ വൈസ്ചാൻസലന്മാർ, മെമ്പേഴ്സ് ആഫ് സിൻഡിക്കേററു, മെമ്പേഴ്സ് ആഫ് ഫാക്കൽററീസ് പ്രൊഫസേഴ്സ് മുതലായ വിദ്യാഭ്യാസ വിദഗ്ദ്ധന്മാരും വിചക്ഷണന്മാരുമായിട്ടുള്ളവർക്കെല്ലാം അവർ ക്വസ്റ്റ്യനയർ അയച്ചിരുന്നു. രണ്ടായിരത്തിലധികം ക്വസ്റ്റ്യനയറിന്റെ കാപ്പി അവർ വിതരണം ചെയ്തിരുന്നു. പലരിൽനിന്നും മറുപടിയും ലഭിച്ചു. ആ മറുപടികൾ എല്ലാം അനലൈസ് ചെയ്തതിനുശേഷം തുടങ്ങാനുദ്ദേശിക്കുന്നതായ, ഇൻഡ്യ ഒട്ടുക്ക് ഇന്നു നിലവിലുള്ള ഏർപ്പാടുകൾ അന്വേഷിച്ചതിനുശേഷം, പൊതുവിൽ ഉപകാരപ്രദം എന്നു തോന്നുന്ന ദ്വിവത്സര പ്രീയൂണിവേഴ്സിററികോഴ്സ് ആണ് നല്ലതു എന്നു തീരുമാനിക്കയുണ്ടായി. ആപ്ഷണൽസിനും സയൻസിനും മററും കൂടുതൽ സമയം നൽകുക എന്നിങ്ങനെയുള്ള ഒരു റിപ്പോർട്ട അവർ യൂണിവേഴ്സിററിയിൽ സമർപ്പിച്ചു. ആ റിപ്പോർട്ട ഇതുവരെ ഞാൻ കണ്ടിട്ടില്ല, ഈ സക്കാരിന്റെ കയ്യിൽ എത്തിട്ടില്ല. യൂണിവേഴ്സിററിക്ക അതു എത്തിക്കേണ്ട കാര്യവുമില്ല. എനിക്ക അതേപ്പററി കൂടുതലായി എന്തെങ്കിലും പറയാൻ സൗകര്യം ലഭിച്ചതു ഡൽഹിയിൽ വച്ചു നടന്ന വൈസ്ചാൻസിലറന്മാരുടേയും, എഡ്യൂക്കേഷൻ മന്ത്രിമാരുടേയും കാൺഫറൻസിൽവച്ചാണ്. ആ കാൺഫറൻസിൽ കേന്ദ്രവിദ്യാഭ്യാസവകുപ്പുമന്ത്രി അദ്ധ്യക്ഷത വഹിച്ചു. എല്ലാ സ്റ്റേററിലേയും വിദ്യാഭ്യാസമന്ത്രിമാരും, വൈസ്ചാൻസിലറന്മാരും ആ കാൺഫറൻസിൽ ഉണ്ടായിരുന്നു. അക്കൂട്ടത്തിൽ സ്പെഷ്യലായിട്ട കുറെ വിദഗ്ദ്ധന്മാരെയും ക്ഷണിച്ചിരുന്നു. എല്ലാവർക്കും കുറെ അഭിപ്രായം പറയാനുള്ള സൗകര്യം കൊടുത്തിരുന്നു. രണ്ടു ദിവസത്തെ ചർച്ചയ്ക്കുശേഷം അവർ ചില തീരുമാനങ്ങളെടുത്തു. അവർ അവിടെ എടുത്ത തീരുമാനങ്ങളെന്താണെന്നുള്ളതു ഞാൻ സൂചിപ്പിക്കാം. ഒന്നു്, ഇടക്കാലത്തു വച്ചു സ്കൂൾകോഴ്സു പത്തുവർഷം മതിയെന്നും, ഒരുകൊല്ലം പ്രീയൂണിവേഴ്സിററി മതിയെന്നും, മൂന്നുവർഷം ഡിഗ്രികോഴ്സ് എന്നും തീരുമാനിച്ചതു്. ആലോചനാശൂന്യമാണെന്നും അതു മാററണമെന്നും തീരുമാനിച്ചു. അതിനു മുമ്പുണ്ടായിരുന്നതുപോലെ ആദ്യം ഡിഗ്രി കിട്ടുന്നതിനുമുമ്പു 15 കൊല്ലം പഠിക്കണം എന്നൊരു അഭിപ്രായഗതിയുണ്ടായി. അതു യുനാനിമസായിരുന്നു. എന്നാൽ ഈ ഒരു വർഷം കൂടുതലായി ഇപ്പോൾ വയ്ക്കേണ്ടിവന്നു. 10 വർഷത്തെ സ്കൂൾ കോഴ്സും, ഒരുവർഷ പ്രീയൂണിവേഴ്സിററിയും മൂന്നു വർഷത്തെ ഡിഗ്രികോഴ്സും അങ്ങനെ 14 വർഷം വച്ചതിൽ ഈ ഒരുകൊല്ലം

2/2097/V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

കുറച്ചതിൽ അഭിപ്രായവ്യത്യാസം വന്നു. ചിലർ പറഞ്ഞു, 10 വർഷത്തെ സ്കൂൾപഠനം കഴിഞ്ഞു ഒരുവർഷത്തെ ഹയർ സെക്കണ്ടറി കോഴ്സും ഒരു വർഷത്തെ പ്രീയൂണിവേഴ്സിററിയും മൂന്നുകൊല്ലത്തെ ഡിഗ്രികോഴ്സുമായി പരിഷ്കരണം എന്ന്. ചിലർ അഭിപ്രായപ്പെട്ടു, ഹയർ സെക്കണ്ടറി ഒരു വർഷം എന്നുള്ളതു രണ്ടുകൊല്ലമാക്കണമെന്ന്. അങ്ങനെ പത്തുകൊല്ലം സ്കൂൾ പഠനം, രണ്ടുകൊല്ലം ഹയർസെക്കണ്ടറി പിന്നെ മൂന്നുകൊല്ലം ഡിഗ്രികോഴ്സ്. വേറെ ചിലർ പറഞ്ഞു, സ്കൂളിൽതന്നെ ചേർത്തു പഠിച്ചതുകൊണ്ടു പ്രയോജനമില്ല, പത്തുകൊല്ലം സ്കൂൾപഠനവും രണ്ടുകൊല്ലം പ്രീയൂണിവേഴ്സിററി കോഴ്സും ആക്കണം അതുകഴിഞ്ഞു ഡിഗ്രികോഴ്സു വേണം എന്നുള്ളതിനു അനുകൂലികളായി വളരെപേർ ഉണ്ടായിരുന്നു. ഏതായിരുന്നാലും കുറെ ഫ്ളാക്സിബിളായി അതാതു സംസ്ഥാനത്തിന്റെ അഭിപ്രായമനുസരിച്ചും, അതാതു സംസ്ഥാന സർവ്വകലാശാലകളുടെ തീരുമാനമനുസരിച്ചും ചെയ്യുന്നതിനുള്ള അഭിപ്രായമുണ്ടായി. അതോടൊപ്പം തന്നെ പ്രീയൂണിവേഴ്സിററി രണ്ടുവർഷമാക്കിയാൽതന്നെയും അതിനനുസരണമായി യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മിഷനിൽനിന്നും ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കൊടുക്കേണ്ടതാണെന്നും അന്നു തീരുമാനിച്ചു.

അതിനുശേഷം ഇവിടത്തെ യൂണിവേഴ്സിററി സിൻഡിക്കേററു ഈ റിപ്പോർട്ടുകളും അവർ നിയമിച്ച കമ്മിററിയുടെ റിപ്പോർട്ടും എല്ലാം പരിശോധിച്ചതിനുശേഷമാണ് ഇവിടെ ഒരു ദ്വിവത്സര പ്രീയൂണിവേഴ്സിററി കോഴ്സു ഏർപ്പെടുത്തണം എന്നു തീരുമാനിച്ചിട്ടുള്ളതു്. ദ്വിവത്സരപ്രീയൂണിവേഴ്സിററി കോഴ്സു ഏർപ്പെടുത്തുന്നതോടുകൂടി മററു കുറെ കാളേജുകൾകൂടി ആവശ്യമായിരിക്കും എന്നു അവർ കരുതി. അതിനു ആവശ്യമുള്ള കുറെ പ്രീയൂണിവേഴ്സിററി ക്ലാസുമുണ്ടു്, കുറെ ഡിഗ്രികോഴ്സുമുണ്ടു്. ഇങ്ങനെയുള്ള 47 കാളേജുകളിൽ 35 എണ്ണം പ്രൈവററും, 10 ഗവണ്മെൻറു കാളേജുകളും ഈ സംസ്ഥാനത്തുണ്ടു്. അപ്പോൾ ഡിഗ്രിക്കു പഠിക്കാൻവേണ്ടിടത്തോളം കാളേജുകൾ ഇന്നുണ്ടു്. ഡെൽഹിയിലെ തീരുമാനങ്ങളിൽ ഒന്ന്, ഈ പ്രീയൂണിവേഴ്സിററി കോഴ്സ് ഒരു പ്രിപ്പാരേററികോഴ്സായിരുന്നാൽ പോരാ, ഇതു ഒരളവിൽ ഒരു ടെർമിനൽകോഴ്സുകൂടിയായിരിക്കണം അതായതു്, ഈ പ്രീ യൂ ണി വേ ഴ് സി റ റി കോഴ്സു പൂർത്തിയായികഴിഞ്ഞാൽ ക്ലാർക്കായിട്ടുപോകുന്നതിനോ അക്കൗണ്ടൻറായിട്ടോ ടൈപ്പിസ്റ്റായിട്ടോ പോകുന്നതിനോതക്കവണ്ണം യോഗ്യത സമ്പാദിക്കാൻ കഴിവുള്ള ഒരു ടെർമിനൽകോഴ്സായിരിക്കണമെന്നാണ്. പ്രീയൂണിവേഴ്സിററി പാസായികഴിഞ്ഞാൽ ഒരു ഭാഗം ഇങ്ങനെയുള്ള ജോലികളിൽ പ്രവേശിക്കും ബാക്കിയുള്ളവർ മാത്രമേ ഡിഗ്രികോഴ്സുകളിലേക്കു പോകുകയുള്ളു. അങ്ങനെ വരുമ്പോൾ പ്രീയൂണിവേഴ്സിററിക്കു കൂടുതൽ സൗകര്യംവേണം. ഡിഗ്രി കോഴ്സിനു അത്രയും വേണ്ടിവരികയില്ല. അതുകൊണ്ടു കുറെ ജൂനിയർ കാളേജുകളുണ്ടാക്കാനാണ് അവർ ഉദ്ദേശിച്ചതു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: സാധാരണഗതിയിൽ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ ആളുകൾക്കു സർവ്വകലാശാലാവിദ്യാഭ്യാസത്തിനുകൂടി സമയവും പണവും ചെലവഴിക്കേണ്ടിവരുന്നതുകൊണ്ടു സാധാരണ ജനങ്ങൾക്കു അതു സാമ്പത്തികമായ ബുദ്ധിമുട്ടുണ്ടാകുന്നതായിരിക്കും എന്നറിയാമോ. അതുപോലെതന്നെ ജോലി ലഭിക്കുന്നതിനുള്ള അവസരവും പാഴായിപോകും.

ശ്രീ. ആർ. ശങ്കർ: ഇപ്പോൾ ഓരോ ജോലിക്കും വച്ചിരിക്കുന്ന യോഗ്യതകൾക്കു ഒരു മാററവും വരുത്താനാലോചിച്ചിട്ടില്ല. സ്കൂൾഫൈനൽ പാസായാൽ ഇന്നയിന്ന ജോലികൾ കിട്ടുമെന്നുണ്ടു്. ടൈപ്പിസ്റ്റായിപോകാൻ ടൈപ്പ് റൈററിംഗ് പഠിക്കണം, അതുപോലെ അക്കൗണ്ടൻറിനു് ബുക്ക് കീപ്പിംഗും മററും പഠിക്കണം. ക്ലാർക്കിനു സെക്രട്ടേറിയൽ പ്രാക്ടീസും മററും പഠിക്കണം. പ്രീ യൂ ണി വേ ഴ്സി റ റി യി ൽ ഇതെല്ലാം പഠിക്കാൻ സൗകര്യം ഉണ്ടായിരിക്കണം. അങ്ങനെ കാര്യമായ ഒരു സിലബസിന്റെ അടിസ്ഥാനത്തിൽ നല്ല യോഗ്യതയുള്ള യൂണിവേഴ്സിററി അദ്ധ്യാപകന്മാരെവച്ചു ഇതെല്ലാം പഠിപ്പിക്കാൻ കഴിയും. അങ്ങനെ അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും കഴിയും. ഒരുഭാഗം അങ്ങനെ ആയിരിക്കണം എന്നു

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചു. ഇതെല്ലാം വച്ചുകൊണ്ടാണ് കുറെ ജൂനിയർ കാളേജുകൾ വേണമെന്നു തീരുമാനിച്ചതു്. അതേസംബന്ധിച്ച് അനൗപചാരികമായി യൂണിവേഴ്സിറ്റി വൈസ്ചാൻസിലർ എന്നോടു സംസാരിച്ചിട്ടുണ്ടു്. അദ്ദേഹം ചോദിച്ചു, ഗവണ്മെന്റു എന്തു വിചാരിക്കുന്നു, എത്ര കുട്ടികൾ അടുത്ത കൊല്ലം പ്രീയൂണിവേഴ്സിറ്റിക്കു ചേരാൻ പോകുന്നു എന്നു്. ഞാൻ കണക്കു കൂട്ടി. ഈക്കൊല്ലം 28,000 കുട്ടികളാണു പ്രീയൂണിവേഴ്സിറ്റിക്കു ചേർന്നതു്. അടുത്തകൊല്ലം സ്കൂൾഫൈനലിനു ഒരു വലിയ വാച്ചുതന്നെയുണ്ടാകും. അതു ഗവണ്മെൻറിനു ഒരു പ്രശ്നമാകും. കാര്യമായിട്ടാലോചിക്കേണ്ട ഒന്നാണു്. അത്രയും ആളുകൾക്കു് പ്രീയൂണിവേഴ്സിറ്റി ക്ലാസുകളിൽ പ്രവേശനസൗകര്യം ഉണ്ടാക്കിയില്ലെങ്കിൽ ഗവണ്മെൻറിൻെറ നേരെ വലിയ സമ്മർദ്ദം ബഹുമാനപ്പെട്ട ജനങ്ങളിൽനിന്നും, എം. എൽ. എ. മാരിൽ നിന്നും ഉണ്ടാകും. അതിനാൽ നേരത്തെ ആലോചിക്കുകയാണു് എന്നു പറഞ്ഞു. അതായതു്, കഴിഞ്ഞ കൊല്ലത്തേക്കാൾ 12,000 കുട്ടികൾക്കുകൂടി ചേരാനുള്ള സൗകര്യം ഉണ്ടാക്കിയില്ലെങ്കിൽ അടുത്ത കൊല്ലം വിഷമമായിരിക്കും എന്നു സാമാന്യമായി നിശ്ചയിച്ചു. സിൻഡിക്കേററിൻെറ അഭിപ്രായം 45,000 വരുമെന്നാണു്. ഞാൻ പറഞ്ഞു, അത്രയും വരുമെന്നു ഞാൻ വിചാരിക്കുന്നില്ലാ എന്നു്.

അപ്പോൾ 12000 കുട്ടികൾക്കു് പുതുതായി സ്ഥാപനങ്ങൾ ഉണ്ടാകണം. പ്രീ യൂണിവേഴ്സിററി ക്ലാസ്സിൽ മിനിമം 450 കുട്ടികളാണു് ചേരുന്നതു്. 500 കുട്ടികൾ വീതം ഉണ്ടെങ്കിൽ 12000 കുട്ടികൾക്കു് പുതുതായി 25-ഓ, 30-ഓ സ്ഥാപനങ്ങൾ വേണ്ടിവരുമെന്ന ആലോചനയിൽ അവർ എത്തി. ഈ കാര്യം ഇതുവരെ അവർ ഔദ്യോഗികമായി ഗവണ്മെൻറിനെ അറിയിച്ചിട്ടില്ല. ഒരു പക്ഷെ, ഇത്ര കാളേജുകൾ തുടങ്ങാൻ സാധ്യതയുണ്ടു്. അതിനു് ഇത്രമാത്രം സാമ്പത്തിക ബാധ്യതയുണ്ടാകും എന്നുള്ള വിവരം ഗവണ്മെൻറിൻെറ അംഗീകാരത്തിനായി അയച്ചു, അതു് ഇതുവരെ ഉണ്ടായിട്ടില്ല എന്നുള്ളതാണു് സത്യം. ഗവണ്മെൻറിനു് ഗ്രാൻറു നൽകേണ്ട എടം വരുമ്പോൾ, ഗവണ്മെൻറിനെ അറിയിക്കും. അതല്ലാതെ, ഇതുവരെ ഈ കാര്യത്തിൽ ഗവണ്മെൻറു യാതൊരു കൈകടത്തലും നടത്തിയിട്ടില്ല, വിദ്യാഭ്യാസമന്ത്രിയും കൈകടത്തിയിട്ടില്ല എന്നുള്ളതാണു വസ്തുത.

പിന്നെ ശ്രീ. ഈ. പി. ഗോപാലൻ ചില കാര്യങ്ങൾ പറഞ്ഞു. അദ്ദേഹത്തിൻെറ ഈ പ്രാവശ്യത്തെ പ്രസംഗം അത്ര ശരിയായില്ലെന്ന അഭിപ്രായമാണെനിക്കുള്ളതു്. സാധാരണ അദ്ദേഹത്തിനു കാണാറുള്ള ആവേശമൊന്നും ഉണ്ടായില്ലെന്നു മാത്രമല്ല ; ആവേശം വേണ്ടിടത്തോളം വരുത്തി ഭംഗിയാക്കാൻ ഒരു അഭിനയം നടത്തിയിട്ടും വേണ്ടിടത്തോളം ആവേശം ഉണ്ടായില്ല എന്നുള്ളതാണു് സത്യം.

ശ്രീ. ഈ. പി. ഗോപാലൻ : ഇപ്പോഴുള്ള സംപ്രദായം തുടർന്നുകൊള്ളാം, ഇനി ആരോടും കടം വാങ്ങിക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ആർ. ശങ്കർ : കടം വാങ്ങാൻ കിട്ടുന്ന കാര്യമല്ലല്ലോ ഇതൊന്നും. കൈവശമുള്ളതു അവരവർക്കിരിക്കും. അതിരിക്കട്ടെ. അദ്ദേഹം എന്നെ നോക്കിക്കൊണ്ടു ഒരു കാര്യം വളരെ ഊന്നിപ്പറഞ്ഞു. ഖജനാവു് എന്നു പറയുന്നതു് നിങ്ങളുടെ ആരുടേയും തറവാട്ടുവകയൊന്നും അല്ല എന്നു്. ഇതുവരെ ഞങ്ങൾ അങ്ങനെ ഖജനാവു് ആരുടെയെങ്കിലും തറവാട്ടു വകയാണെന്നു കരുതി പ്രവർത്തിച്ചിട്ടില്ല. വേറെ ചില ആളുകൾ അങ്ങനെ പരിഗണിച്ചതിൻെറ ദുഷ്ഫലങ്ങൾ ഈ രാജ്യം അനുഭവിക്കേണ്ടി വന്നിട്ടുണ്ടെന്നു് പലർക്കും അറിയാം, ധനവിനിയോഗബിൽ പാസ്സാക്കി, പണം ചെലവാക്കാൻ അനുവദിക്കണമെന്നു പറയുന്നതിൽ എന്തെങ്കിലും അപാകതയുണ്ടോ ? ഭരണമുറ അനുസരിച്ചു് കാര്യങ്ങൾ നടന്നുപോകണമെന്നു വിചാരിച്ചു് ഇതു ചെയ്യുന്നുവെന്നേയുള്ളു. അല്ലാതെ ഞങ്ങൾക്കാർക്കും, ആരുടെയെങ്കിലും പണം മനഃപൂർവ്വം കരസ്ഥമാക്കണമെന്നില്ല, അങ്ങനെ ഞങ്ങൾക്കു കിട്ടിയിരിക്കുന്ന അവസരം വ്യഭിചരിക്കണമെന്നും വിചാരമില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

സർ, ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ ഒരു കാര്യം ആത്മസംതൃപ്തിയോടുകൂടി പറഞ്ഞു. അദ്ധ്യാപകർ, വിജയത്തിന്റെ വെന്നിക്കൊടി പാറിച്ചുകൊണ്ട് സത്യഗ്രഹം നടത്തുന്നുവെന്ന്. ഇത്രയും ആത്മസംതൃപ്തി എന്റെ സുഹൃത്തിനു നൽകാൻ ഒരു സാഹചര്യം ഉണ്ടായതിൽ എനിക്കു യഥാർത്ഥത്തിൽ സന്തോഷമുണ്ട്. ഇതിനെപ്പററി വളരെയൊന്നും പറയണമെന്നു ഞാൻ വിചാരിച്ചിരുന്നതല്ല. പക്ഷേ, എവിടെയോവച്ചു ഞാൻ പറഞ്ഞു, അദ്ധ്യാപകർ രണ്ടു പ്രകാരത്തിലാണ് ജോലിയിൽ നിയമിക്കപ്പെടുന്നതെന്ന്; ഒരു തമാശയായിട്ടു പറഞ്ഞതാണ്. തെററിദ്ധാരണ നീക്കാൻ വീണ്ടും ഇവിടെ വിശദീകരിക്കുന്നുവെന്നുമാത്രം. ഗവണ്മെൻറു സ്കൂൾ അദ്ധ്യാപകരും, പ്രൈവററു സ്കൂൾ അദ്ധ്യാപകരും രണ്ടു ജാതിയാണെന്നു തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിൽ ഞാൻ പറഞ്ഞു ഒരു ജാതി എന്നു പറഞ്ഞാൽ, ഒരു വർഗ്ഗത്തിൽനിന്ന്, അതേ വർഗ്ഗം ഉത്പാദിപ്പിക്കപ്പെടണം. ഇവിടെ ഗവണ്മെൻറു സ്കൂൾ അദ്ധ്യാപകരെ പി. എസ്സ്. സി. തിരഞ്ഞെടുക്കുന്നു; പ്രൈവററു സ്കൂൾ അദ്ധ്യാപകരെ മാനേജുമെൻറു നിയമിക്കുന്നു. അവരുടെ ജനനത്തിനുതന്നെ വ്യത്യാസമുണ്ട്. അതുകൊണ്ടാണു രണ്ടു ജാതിയെന്നു പറഞ്ഞതു്. അതുതന്നെ ഒരു തമാശയായിട്ടു പറഞ്ഞതാണ്. ഇവർ തമ്മിൽ കാര്യമായ ചില വ്യത്യാസങ്ങൾ ഉണ്ടെന്നുള്ള കാര്യം ഓർക്കണം. പ്രതിപക്ഷം അധികാരത്തിൽ ഇരുന്ന കാലത്തു് കൊണ്ടുവന്ന 12-ാം വകുപ്പ് എഴുതിച്ചേർത്തിരുന്നു, അതു പ്രയോഗത്തിൽ വരുത്തിയിരുന്നെങ്കിൽ, ഇന്നത്തെ അപകടം ഒഴിവാക്കാമായിരുന്നുവെന്നു പറഞ്ഞു. പല സമ്മർദ്ദംകൊണ്ടും അതു ഞങ്ങൾ മാററിയതായി പറഞ്ഞു. ആ വകുപ്പു ഞങ്ങൾ മാററിയെന്നുള്ളതു ഒരു വസ്തുതയാണ്, സമ്മതിക്കുന്നു. ആരുടെ സമ്മർദ്ദംമൂലമാണ് മാററേണ്ടിവന്നതെന്നു ഇപ്പോൾ പറയുന്നില്ലെങ്കിലും, അങ്ങനെ മാററിയതു തെററായിപ്പോയെന്നു ഇപ്പോഴും വിചാരമില്ല. ഈ രാജ്യത്തിന്റെ പ്രത്യേക സാഹചര്യത്തിൽ പ്രയോഗത്തിൽ വരുത്താൻ കഴിയുന്ന രീതിയിൽ വകുപ്പുകൾ അതിൽ എഴുതിച്ചേർത്തു. നിങ്ങളും ഞങ്ങളും തമ്മിൽ ചില വ്യത്യാസമുണ്ട്. നിങ്ങൾ 1958-ൽ, നിയമം പാസ്സാക്കി; 1959 ജൂലൈ മാസം 31-ാം തീയതിയാണ് നിങ്ങൾ പോയതു്. അതിനിടയിൽ, 1957-58 എന്നു പറയുന്ന വിദ്യാലയവർഷത്തിന്റെ അവസാനം വന്നു, 1959-60 വിദ്യാലയ വർഷത്തിന്റെ ആദ്യം വന്നു. ഈ അവസരങ്ങളിലൊന്നും അതു ഇംപ്ലിമെൻറു ചെയ്യാൻ നിങ്ങൾ തയ്യാറായില്ല. അതു് ഒരു തന്ത്രമായി കൊണ്ടുവന്നു എന്നല്ലാതെ, യഥാർത്ഥത്തിൽ പ്രയോഗത്തിൽ വരുത്തണമെന്നു ആത്മാർത്ഥമായ ആഗ്രഹം നിങ്ങൾക്കുണ്ടായിരുന്നില്ല. അതിനു വേറെയും തെളിവുണ്ടായിരുന്നു.

സർ, പ്രൈവററു സ്കൂളിലെ അദ്ധ്യാപകർക്കു മുഴുവൻ എല്ലാ രംഗത്തും, സർക്കാർ സ്കൂളിലെ അദ്ധ്യാപകർക്കു നൽകുന്ന പരിഗണനകൾ നൽകണം എന്നു തീരുമാനിച്ചാൽ ഗവണ്മെൻറിന് വളരെയേറെ പണം ചെലവാക്കേണ്ടതായി വരും. ഒരു ഗവണ്മെൻറിനെക്കൊണ്ടും അതു സാധിക്കുമെന്നു തോന്നുന്നില്ല. അദ്ധ്യാപകരുടെ ശമ്പളം വലുതാണെന്ന് ആർക്കും അഭിപ്രായമില്ല. അവരുടെ ഡിമാൻറിൽതന്നെ, 100 രൂപ മുതൽ 200 രൂപവരെ ശമ്പളം വർദ്ധിപ്പിക്കണം എന്നുണ്ട്. എനിക്കു ആ കാര്യത്തോടു അനുഭാവമാണുള്ളതു്. 100 രൂപ മുതൽ 200 രൂപവരെ ശമ്പളം കൊടുത്താൽ നല്ലതാണ്. പക്ഷേ, അവർക്കുമാത്രം കൊടുത്താൽ പോരാ, അതേ യോഗ്യതയുള്ളവരായി സർക്കാർ സർവ്വീസിൽ അനവധി ആളുകൾ ഉണ്ട്, അവർക്കെല്ലാം കൊടുക്കേണ്ടിവരും. അദ്ധ്യാപകർ ഗവണ്മെൻറിന്റെ മുമ്പിൽ വച്ചിട്ടുള്ള മെമ്മോറാണ്ടം വളരെ ശ്രദ്ധയോടുകൂടി പരിശോധിച്ചുനോക്കി. അതിൽ സാമ്പത്തിക ബാധ്യതയുള്ള കാര്യങ്ങൾ എത്രമാത്രത്തോളമുണ്ടെന്നു നോക്കിയതിൽ, 20 കോടി രൂപ കൂടുതലായി വേണ്ടി വരുമെന്നു കണ്ടു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സാമ്പത്തിക ബാദ്ധ്യതയില്ലാത്ത പല ആവശ്യങ്ങളും അവർ ഉന്നയിച്ചിരുന്നു. അതിൽ എന്തെങ്കിലും പരിഗണിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: അങ്ങനെയുള്ള എല്ലാ കാര്യങ്ങളെപ്പററിയും ചർച്ച ചെയ്തു. ആദ്യം ചർച്ച ചെയ്തപ്പോൾ അംഗീകരിക്കപ്പെട്ട ഒരു സംഘടനയുടെ പ്രതിനിധികൾമാത്രമേ ഉണ്ടായിരുന്നുള്ളു. പിന്നീട് ചർച്ച ചെയ്തപ്പോൾ ബാക്കിയുള്ളവരും വന്നിരുന്നു. അവരുമായി സംസാരിച്ചു. അപ്പോൾ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്, പ്രൈവററു സ്കൂൾ അദ്ധ്യാപകരെയും, ഗവണ്മെൻറു സ്കൂൾ അദ്ധ്യാപകരേയും ഒരേ ലവലിൽ കരുതി എല്ലാ ആനുകൂല്യങ്ങളും അനുവദിക്കാൻ ഗവണ്മെൻറിനു വർദ്ധിച്ച സാമ്പത്തികഭാരം താങ്ങേണ്ടിവരും. എന്നു്. അതുകൊണ്ടു് ചെയ്യാവുന്ന ആനുകൂല്യങ്ങൾ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളു എന്നു വ്യക്തമാക്കിയിട്ടുണ്ടു്,

ശ്രീ. കെ. ചന്ദ്രശേഖരൻ: അതു വല്ലതും ഇതിനകം അനുവദിച്ചിട്ടുണ്ടോ; ഉത്തരവായിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ: ഫാർമലായിട്ടുള്ള ആർഡേഴ്സ് ആയിട്ടില്ല. ഒരു കാര്യം ഞാൻ പറയാം. ഏഴു രൂപവീതം ഹൗസു റെൻറു അലവൻസ് അവർക്കു കൊടുക്കണമെന്നു പറഞ്ഞു. അങ്ങനെ കൊടുക്കുകയാണെങ്കിൽ എഴുപതുലക്ഷം രൂപ വേണ്ടിവരും; അതു സാധ്യമല്ല, ഗവണ്മെൻറിനു് അതിനു കഴിവില്ല എന്നു പറഞ്ഞിട്ടുണ്ടു്. എങ്കിലും ചില വ്യത്യാസം പരിഹരിക്കുന്നതിനു് സാമ്പത്തിക ബാദ്ധ്യത വളരെ ഉണ്ടാകാത്ത പ്രശ്നം, ഉദാഹരണമായി പെൻഷൻപററി പിരിയുന്ന പ്രൈവററു സ്കൂൾ അദ്ധ്യാപകർക്കു മററുള്ളവർക്കു നൽകുന്നതുപോലെ കുറഞ്ഞതു ഇരുപതു രൂപ പെൻഷൻ നൽകാൻ എത്രമാത്രം സാമ്പത്തിക ബാദ്ധ്യത വരുമെന്നു പരിശോധിച്ചതിനുശേഷം കുറെ സാമ്പത്തികഭാരം വരുമെന്നിരുന്നാലും അവർക്കും കുറഞ്ഞതു ഇരുപതു രൂപാ പെൻഷൻ നൽകാമെന്നു തീരുമാനിച്ചിട്ടുണ്ടു്. വാസ്തവത്തിൽ പ്രൈവററു സ്കൂൾ അദ്ധ്യാപകർക്കു ഗവണ്മെൻറു് സ്കൂൾ അദ്ധ്യാപകരെ അപേക്ഷിച്ചു വലിയ വ്യത്യാസമുണ്ടെന്നു പറയാൻ നിവൃത്തിയില്ല. അവർക്കു ഹൗസ് റെൻറു അലവൻസ് കൊടുക്കുന്നില്ലെന്നു സമ്മതിക്കുന്നു. എന്നാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള ഡി. എ. ഇംക്രിമെൻറു് 3 രൂപയും 5 രൂപയും സർക്കാർ സ്കൂൾ അദ്ധ്യാപകർക്കു മാത്രമല്ല, പ്രൈവററു സ്കൂൾ അദ്ധ്യാപകർക്കും ബാധകമാക്കിയിട്ടുണ്ടു്. 85000 വരുന്ന പ്രൈവററു സ്കൂൾ ടീച്ചേഴ്സിനു് ഈ ഇനത്തിൽ 42 ലക്ഷം രൂപാ ചെലവു വരും. അദ്ധ്യാപകർ ഒരുകാര്യം പ്രത്യേകം ചിന്തിക്കണം. 1957-നു മുൻപു നിയമിക്കപ്പെട്ട ആളാണെങ്കിൽ, ഒരു പ്രൈവററു സ്കൂൾ അദ്ധ്യാപകൻ 55 വയസ്സിൽ പെൻഷൻ പററി പിരിയുന്നില്ല. 60 വയസ്സുവരെ സർവീസിലിരിക്കുന്നു. മാക്സിമം ശമ്പളം വാങ്ങാൻ സാധിക്കും. സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർ 55 വയസ്സിൽ പിരിഞ്ഞു പോകണം. സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്നവർ 55 വയസ്സിൽ പിരിയാമെന്നു സമ്മതിക്കുമോ? ഇന്നുതന്നെ പല ആനുകൂല്യങ്ങളും പ്രൈവററു സ്കൂൾ ടീച്ചേഴ്സിനു അനുവദിച്ചിട്ടുണ്ടു്. സർക്കാർ സ്കൂളുകളിലെ ടീച്ചേഴ്സിനു് 80-ൽ 30 എന്ന അടിസ്ഥാനത്തിലും, പ്രൈവററു സ്കൂൾ ടീച്ചേഴ്സിനു 120-ൽ, 30 എന്ന അടിസ്ഥാനത്തിലുമാണു് പെൻഷൻ കണക്കാക്കുന്നതു്. അവർക്കു ഗ്രാററിവിററി നൽകുന്നുണ്ടു്. പ്രാവിഡണ്ടു ഫണ്ടു വ്യവസ്ഥയുണ്ടു്. പ്രൈവററു സ്കൂൾ അദ്ധ്യാപകൻ ഒരു രൂപയ്ക്കു 3 നയാ പൈസ പ്രാവിഡണ്ടു ഫണ്ടിൽ നിക്ഷേപിക്കുമ്പോൾ 3 നയാപൈസ ഗവണ്മെൻറും നൽകുന്നുണ്ടു്. ഈ ആനുകൂല്യം സർക്കാർ സ്കൂൾ അദ്ധ്യാപകർക്കില്ല. ഇതു കൂടാതെ പ്രൈവററു സ്കൂൾ അദ്ധ്യാപകർക്കു മററ സ്വാതന്ത്ര്യങ്ങൾ പലതും ഉണ്ടു്. പെൻഷൻ പററുന്നതുവരെ ഒരേ സ്കൂളിൽതന്നെ ഇരിക്കാനുള്ള അവസരം പലർക്കും കിട്ടുന്നുണ്ടു്. അപൂർവ്വം ചില മാനേജുമെൻറിൽ മാത്രമേ അങ്ങോട്ടുമിങ്ങോട്ടും മാററം ഉണ്ടാകുന്നുള്ളു. പലർക്കും അവരവരുടെ സ്വദേശങ്ങളിൽ സ്ഥിരമായി ഇരിക്കാൻ അവസരം കിട്ടുന്നുണ്ടു്. ഗവണ്മെൻറു സ്കൂളുകളിൽ കഴിയുന്നതും സ്വദേശത്തുതന്നെ ജോലി കൊടുക്കണമെന്നു ഒരു നയം സ്വീകരിച്ചിട്ടുണ്ടെങ്കിലും പലപ്പോഴും അതു സാധിക്കാതെവരുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ, സംസ്ഥാനത്തിൻെറ ചില ഭാഗങ്ങളിൽനിന്നാണു് അദ്ധ്യാപകർ മിക്കവാറും വരുന്നതു്. അവർ സംസ്ഥാനം ഒട്ടാകെ ജോലി ചെയ്യേണ്ടിവരും. ദിവസം

[ശ്രീ. ആർ. ശങ്കർ]

തോറും എനിക്കുതന്നെ ധാരാളം അപേക്ഷകൾ വരുന്നുണ്ട്. മലബാറിൽ പല ഭാഗങ്ങളും അദ്ധ്യാപികമാർ വളരെ ക്ലേശിച്ച് കഴിയുകയാണെന്ന് പരാതി കിട്ടുന്നുണ്ട്. അവർ അധികവും തൃശ്ശൂരിനു തെക്കുഭാഗത്തുള്ളവരാണ്. കോട്ടയം, എറണാകുളം, ആലപ്പുഴ അത്ര ആളുകളില്ല—തിരുവനന്തപുരം എന്നീ മൂന്നു ഡിസ്ട്രിക്ടുകളിലുള്ളവരാണ് ഇപ്പോൾ മലബാറിൽ ജോലി നോക്കുന്നത്. ഇവിടെയെല്ലാം വേക്കൻസി ഉണ്ടായാൽ മാത്രമേ അവർക്ക് സൗകര്യമായി മാററം കൊടുക്കാൻ സാധിക്കുകയുള്ളു. വിചാരിക്കുന്നതുപോലെ ഗവണ്മെൻറു സ്കൂൾ അദ്ധ്യാപകരെ അവരവരുടെ സ്വദേശങ്ങളിൽത്തന്നെ നിയമിക്കാൻ പ്രയാസമുണ്ട്. പ്രൈവററു സ്കൂൾ അദ്ധ്യാപകർക്ക് മററു സ്വാതന്ത്ര്യങ്ങൾ ഉണ്ട്. ഇവിടെത്തന്നെ മെമ്പറന്മാരായി വന്ന് പ്രൈവററു സ്കൂൾ അദ്ധ്യാപകർ ഗവണ്മെൻറിനെ വിമർശിക്കുന്നില്ലേ? എത്രയോ പഞ്ചായത്തുകൾ അവരുടെ കൈവശമില്ലേ? ഇങ്ങനെ പല അവകാശങ്ങളും അവർക്കുണ്ടെന്നുള്ള കാര്യം മനസ്സിലാക്കിയിട്ടെങ്കിലും ഇന്നുള്ള കുറേ പ്രയാസങ്ങൾ അവർ സഹിക്കേണ്ടതല്ലേ? യഥാർത്ഥത്തിൽ പ്രൈവററു സ്കൂൾ അദ്ധ്യാപകരുടെയും, ഗവണ്മെൻറു സ്കൂൾ അദ്ധ്യാപകരുടെയും ശമ്പളം മോശമാണെന്നു സമ്മതിക്കുന്നു. ശമ്പളം നന്നായിരുന്നാൽ കൊള്ളാമെന്നു മോഹമുണ്ട്. സാമ്പത്തികശേഷി ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം ഇല്ലെന്നേയുള്ളു.

സർ, ചിലർ പറഞ്ഞുനടക്കുന്നുണ്ട്, ഇൻഡ്യാഗവണ്മെൻറിൽനിന്നു പണം തരാമെന്നു പറയുന്നു, അതു വാങ്ങിത്തരാനെങ്കിലും ഈ ഗവണ്മെൻറു ശ്രമിക്കുന്നില്ലല്ലോ എന്ന്. ഈ സഭയിൽ വളരെ വ്യക്തമായി പറയാൻ കഴിയും, അങ്ങനെ കിട്ടുമെങ്കിൽ അവസാനത്തെ നയാപൈസ വരെ അവർക്കു വാങ്ങിക്കൊടുക്കാം. ഇൻഡ്യാഗവണ്മെൻറിൽനിന്നു അതു വാങ്ങാൻ വേണ്ടിവരുന്ന ചെലവുകൂടി ഗവണ്മെൻറു വഹിച്ചേക്കാം. അങ്ങനെ ഇൻഡ്യാഗവണ്മെൻറു സഹായിക്കുമെന്നു ആരോ പറഞ്ഞുകേട്ടതാണ്. നല്ല കാര്യങ്ങൾ പലതും ചെയ്യാൻ ആഗ്രഹിക്കുന്ന ഒരാളാണ് കേന്ദ്ര വിദ്യാഭ്യാസവകുപ്പുമന്ത്രി. അദ്ദേഹം എവിടെയോ സംസാരിച്ചപ്പോൾ അദ്ധ്യാപകരുടെ നില മെച്ചപ്പെടുത്തണമെന്നു പറഞ്ഞിട്ടുണ്ട്. സംസ്ഥാനഗവണ്മെൻറുകളോട് അവരുടെ സ്ഥിതി എങ്ങനെയാണ്, അവക്ക് എത്ര ശമ്പളം കൊടുക്കുന്നു എന്നും മററും എഴുതി ചോദിച്ചിട്ടുണ്ട്. അലവൻസുൾപ്പെടെ 100 രൂപാപോലും ഇപ്പോൾ കൊടുക്കാൻ സാധിക്കുന്നില്ല. 100 രൂപയെങ്കിലും ശമ്പളം കൊടുക്കത്തക്ക വിധത്തിൽ എന്തെങ്കിലും സഹായം ചെയ്താലേ പററൂ എന്ന് ശക്തിയായി എഴുതി അയച്ചിട്ടുണ്ട്. അങ്ങനെയുള്ള ശ്രമങ്ങൾ ഒക്കെ ഗവണ്മെൻറു ചെയ്യുന്നുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ: നിയമനസമ്പ്രദായംമൂലം ഇപ്പോൾ രണ്ടു ജാതി അദ്ധ്യാപകർ ഉള്ളതായി പറഞ്ഞു. അവരുടെ ഈ ജാതി ഇല്ലാതാക്കാൻ നിയമനത്തിൽ എന്തെങ്കിലും മാററം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ആർ. ശങ്കർ: വ്യക്തിപരമായ എൻെറ ആഗ്രഹം പറയാം. എല്ലാ പള്ളിക്കൂടങ്ങളും സർക്കാർതന്നെ നടത്തുകയും, എല്ലാ അദ്ധ്യാപകർക്കും ഒരേതരത്തിലുള്ള ശമ്പളം നൽകുകയും ചെയ്യുന്ന ഒരു സ്ഥിതി വരണം. പക്ഷേ. അതു നടപ്പാകാൻ പോകുന്നില്ലെന്നു പരിപൂർണ്ണമായ വിശ്വാസം ഉണ്ട്. ഈ സർക്കാരിനെക്കൊണ്ടു അതു സാധിക്കുകയില്ല. മററാർക്കെങ്കിലും സാധിക്കുമോ എന്നു സംശയമാണ്. അസാദ്ധ്യമായ ഒരു കാര്യത്തെപ്പററി ആലോചിച്ചു സമയം കളയാതെ, ആ സമയം മററു വല്ല പ്രയോജനമുള്ള കാര്യം ആലോചിക്കാൻ ചെലവാക്കുന്നതു നന്നായിരിക്കുമെന്നാണ് എനിക്കു പറയാനുള്ളത്. സർക്കാർ എല്ലാ പള്ളിക്കൂടങ്ങളും ഏറെറടുക്കുകയാണെങ്കിൽ സ്കൂൾ കെട്ടിടങ്ങൾക്കുവേണ്ടി കോമ്പൻസേഷൻ കൊടുക്കാൻ 100 കോടി രൂപാ വേണ്ടിവരും. അതുകൂടാതെ, അദ്ധ്യാപകരെ സംബന്ധിച്ച എല്ലാ ബാദ്ധ്യതകളും ഏറെറടുക്കണം. എളുപ്പത്തിൽ ഏറെറടുക്കാവുന്ന കാര്യമൊന്നുമല്ല ഇത്. മൊത്തത്തിൽ നമ്മുടെ ആവശ്യം സ്കൂളുകളിൽ കുഞ്ഞുങ്ങൾക്കു പഠിക്കണം. സർക്കാർ സ്കൂളുകളിലായാലും, പ്രൈവററു സ്കൂളുകളിലായാലും, കുഞ്ഞുങ്ങൾക്കു സ്കൂളുകളിൽ പഠിക്കണം. മൗലികമായ ആ ആവശ്യം ഇന്നു നടക്കുന്നതുകൊണ്ട് തൽക്കാലം

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ നില തുടർന്നുപോകുന്നതാണ് നല്ലതെന്നു തോന്നി. അതുകൊണ്ടാണ് പ്രൈവറ്റ് സെക്ടറിൽ കൂടുതൽ സ്കൂളുകൾ അനുവദിക്കാൻ തീരുമാനിച്ചത്.

സർ, ടി.സി. നാരായണൻ നമ്പ്യാരോട് എനിക്കു പറയാനുള്ളത്, വിജയത്തിന്റെ വെന്നിക്കൊടി പാറിക്കാൻ വളരെദിവസം ആഗ്രഹിക്കുന്ന തന്റെ സുഹൃത്തുക്കളെ സ്ഥിതിഗതികൾ ഇങ്ങനെയൊക്കെയാണെന്നു പറഞ്ഞു ധരിപ്പിച്ച്, അനാവശ്യമായ ഇന്നത്തെ അവരുടെ സമരത്തിൽനിന്നു പിൻതിരിപ്പിക്കണമെന്നുമാണ്. ഗവണ്മെന്റിനെക്കൊണ്ടു ചെയ്യാവുന്ന എല്ലാ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കാൻ സന്നദ്ധമാണെന്നും അറിയിക്കുകയാണ്. വലിയ സാമ്പത്തിക ബാധ്യതയുള്ള കാര്യങ്ങളൊന്നും ഏറ്റെടുക്കാൻ നിർവ്വാഹമില്ല. ഈ കാര്യങ്ങൾ അവരെ അറിയിക്കണമെന്ന് മി. നമ്പ്യാരോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ആർ. സുഗതൻ പറഞ്ഞു, തളിപ്പറമ്പ് ആശുപത്രിയിൽ ഒരു ശവം മറവു ചെയ്യാതെ മൂന്നുനാലു ദിവസം ഇട്ടിരുന്നുവെന്ന്. സർ, അവിടെ സൗകര്യപ്രദമായ പ്രൈവറ്റ് ശ്മശാനം ഇല്ലാതിരുന്നതുകൊണ്ട് ഏതാനും ദിവസം ശവം മറവു ചെയ്യാൻ സാധിക്കാതെവന്നു. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആ ശവം അടക്കം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ആ പ്രശ്നമില്ല. ഇനി ഈ ബുദ്ധിമുട്ടു വരാതിരിക്കാൻ പഞ്ചായത്ത് ആവശ്യമായ ശ്മശാനം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

സർ, സമയമായി. കൂടുതലായൊന്നും പറയുന്നില്ല. ഈ അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കിത്തരണമെന്ന് ബഹുമാനപ്പെട്ട സഭാംഗങ്ങളോടഭ്യർത്ഥിക്കുന്നു.

The question that the Kerala Appropriation (No. 2) Bill, 1964 be taken into consideration was put and carried.

**Shri E. P. Gopalan:** I demand a poll.

A poll was taken when the House divided as follows:

*Ayes*—64

1 Shri P. K. Abdulkadir
2 ,, K. C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, M. A. Antony
6 ,, K. K. Balakrishnan
7 ,, P. C. Balakrishnan Nambiar
8 ,, R. Balakrishna Pillai
9 ,, T. O. Bava
10 ,, N. Bhaskaran Nair
11 Dr. K. M. Chacko
12 Shri P. Chacko
13 ,, P. T. Chacko
14 ,, G. Chandrasekhara Pillai
15 ,, P. C. Cherian
16 ,, K. A. Damodara Menon
17 Shri T. A Dharmaraja Iyer
18 ,, P. R. Francis
19 ,, K. M. George
20 ,, George Joseph Podipara
21 ,, P. Gopalan
22 ,, M. Gopalankutty Nair
23 ,, Malethu Gopinatha Pillai
24 ,, M. P. Govindan Nair
25 ,, Vayala Idicula
26 ,, A. L. Jacob
27 ,, C G. Janardhanan
28 ,, P. S Karthikeyan
29 ,, K. G. Karunakara Menon
30 ,, K. Kochukuttan
31 ,, T. Krishnan
32 ,, P. R. Krishnan

LIBRARY ARCHIVES Kerala Legislative Assembly

33 Shri N. S. Krishna Pillai
34 ,, P. Kumaran
35 ,, K. Kunhambu
36 ,, C. Kunhikrishnan Nair
37 ,, M. Kunhikannan Nambiar
38 ,, M. Kunjukrishnan Nadar
39 ,, N. Kunjuraman
40 Smt. Kusumam
41 Smt. Leela Damodara Menon
42 Shri P. Madhavan
43 ,, M. M. Mathai
44 ,, C. A. Mathew
45 ,, T. Murugesan
46 Smt. A. Nafeesath Beevi
47 Shri M. Narayana Kurup
48 Shri Kuroor Neelakantan Namboodiripad
49 ,, C. F. Pereira
50 ,, E. P. Poulose
51 ,, R. Raghava Menon
52 ,, A. A. Rahim
53 ,, M. Ravindranath
54 ,, R. Sankar
55 Smt. O. T. Sarada Krishnan
56 Shri K R. SaraswathiAmma
57 ,, Shamsuddin
58 ,, C. M. Stephen
59 ,, K. T. Thomas
60 ,, Thomas John
61 ,, T. A. Thomman
62 ,, P. P. Ummer Koya
63 ,, K. R. Vijayan
64 ,, K. K. Viswanathan

*Noes*—45

1 Shri C. Achutha Menon
2 ,, P. C. Adichan
3 Smt. K O. Aisha Bai
4 ,, M. Alikunju Sastri
5 ,, K. Anirudhan
6 ,, Antony D' Cruz
7 Shri Baby John
8 ,, P. Balachandra Menon
9 ,, C. K. Balakrishnan
10 ,, N. E. Balaram
11 ,, K. Bhargavan
12 ,, K. Chandrasekharan
13 ,, D. Damodaran Potti
14 ,, E. P. Eapen
15 ,, E. P. Gopalan
16 ,, N. Gopala Kurup
17 Smt. K. R. Gouri
18 Shri K. V. John
19 ,, Joseph Chazhikattu
20 ,, O. Koran
21 ,, K. Krishnan
22 ,, M. Krishnan
23 ,, R. Krishnan
24 ,, K. Krishna Pillai
25 ,, S. Kumaran
26 Shri P. M. Kunhiraman Nambiar
27 ,, P. V. Kunhunni Nair
28 ,, P K. Kunjachan
29 ,, K. V. Narayanan
30 ,, P. K. Narayanan Nambiar
31 ,, T. C. Narayanan Nambiar
32 ,, P. Narayanan Thampi
33 ,, N. Neelakantaru-Pandarathil
34 ,, P. C. Raghavan Nair
35 ,, T. K. Ramakrishnan
36 ,, A. K. Raman kutty
37 ,, P. Ramunni Kurup
38 ,, P. Ravindran
39 ,, E. M. Sankaran Namboodiripad
40 ,, Ponnara Sreedhar
41 ,, P. S. Srinivasan
42 ,, R Sugathan
43 ,, M. M. Sundaram
44 ,, M. V. Vasu
45 ,, P. Viswambaran

Neutrals—8

1 Sri P. Abdul Majeed
2 ,, M. P. M. Ahammed Kurikkal
3 ,, K. Avukadarkutty Naha
4 Shri M. Chadayan
5 ,, K. Hassan Gani
6 ,, C M. Kutty
7 ,, K. Moideenkutty Hajee
8 ,, V. P. C. Thangal

LIBRARY ARCHIVES Kerala Legislative Assembly

**Mr. Speaker** : For the motion—64

Against the motion—45

Neutrals—8

The motion is adopted and the Bill is taken into consideration.

*Clause* 2

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

*The Schedule*

The question that the Schedule stand part of the Bill was put and carried.

The Schedule was added to the Bill.

*Clause* 1, *Preamble and Title*

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

*Chief Minister* (**Shri R. Sankar**) : Sir, I move that the Kerala Appropriation (No. 2) Bill, 1964 be passed.

*Minister for Industries and Local Administration* (**Shri K. A. Damodara Menon**) : Sir, I second it.

The question that the Kerala Appropriation (No. 2) Bill, 1964 be passed was put and carried.

**Shri K. Chandrasekharan** : I demand a poll.

A poll was taken when the House divided as follows :

AYES 64

| | | | |
|---|---|---|---|
| 1 | Shri P. K. Abdulkadir | 17 | Shri T.A. Dharmaraja Iyer |
| 2 | ,, K. C. Abraham | 18 | ,, P. R. Francis |
| 3 | ,, M. C. Abraham | 19 | ,, K. M. George |
| 4 | ,, K. T. Achuthan | 20 | ,, George Joseph Podippara |
| 5 | ,, M. A. Antony | 21 | ,, P. Gopalan |
| 6 | ,, K. K. Balakrishnan | 22 | ,, M. Gopalankutty Nair |
| 7 | ,, P. C. Balakrishnan Nambiar | 23 | ,, Malethu Gopinatha Pillai |
| 8 | ,, R. Balakrishna Pillai | 24 | ,, M. P. Govindan Nair |
| 9 | ,, T. O. Bava | 25 | ,, Vayala Idicula |
| 10 | ,, N. Bhaskaran Nair | 26 | ,, A. L. Jacob |
| 11 | Dr. K. M. Chacko | 27 | ,, C. G. Janardhanan |
| 12 | Shri P. Chacko | 28 | ,, P. S. Karthikeyan |
| 13 | ,, P. T. Chacko | 29 | ,, K. G. Karunakara Menon |
| 14 | ,, G. Chandrasekhara Pillai | 30 | ,, K. Kochukuttan |
| 15 | ,, P. C. Cherian | 31 | ,, T. Krishnan |
| 16 | ,, K. A. Damodara Menon | | |

2/2097/V

LIBRARY ARCHIVES Kerala Legislative Assembly

32 Shri P. R. Krishnan
33 ,, N. S. Krishna Pillai
34 ,, P. Kumaran
35 ,, K. Kunhambu
36 ,, C. Kunhikrishnan Nair
37 ,, M. Kunhikannan Nambiar
38 ,, M. Kunjukrishnan Nadar
39 ,, N. Kunjuraman
40 Smt. Kusumam
41 ,, Leela Damodara Menon
42 Shri P. Madhavan
43 ,, M. M. Mathai
44 ,, C. A. Mathew
45 ,, T. Murugesan
46 Smt. A. Nafeesath Beevi
47 Shri M. Narayana Kurup
48 Shri Kuroor Neelakantaru Namboodiripad
49 ,, C. F. Pereira
50 ,, E. P. Poulose
51 ,, R. Raghava Menon
52 ,, A. A. Rahim
53 ,, M. Ravindranath
54 ,, R. Sankar
55 Smt. O. T. Sarada Krishnan
56 ,, K. R. Saraswathi Amma
57 Shri Shamsuddin
58 ,, C. M. Stephen
59 ,, K. T. Thomas
60 ,, Thomas John
61 ,, T. A. Thomman
62 ,, P. P. Ummer Koya
63 ,, K. R. Vijayan
64 ,, K. K. Viswanathan

NOES 45

1 Shri C. Achutha Menon
2 ,, P. C. Adichan
3 Smt. K. O. Aisha Bai
4 Shri M. Alikunju Sastri
5 ,, K. Anirudhan
6 ,, Antony D'Cruz
7 ,, Baby John
8 ,, P. Balachandra Menon
9 ,, C. K. Balakrishnan
10 ,, N. E. Balaram
11 ,, K. Bhargavan
12 ,, K. Chandrasekharan
13 ,, D. Damodaran Potti
14 ,, E. P. Eapen
15 ,, E. P. Gopalan
16 ,, N. Gopala Kurup
17 Smt. K. R. Gouri
18 Shri K. V. John
19 ,, Joseph Chazhikattu
20 ,, O. Koran
21 ,, K. Krishnan
22 ,, M. Krishnan
23 ,, R. Krishnan
24 ,, K. Krishna Pillai
25 ,, S. Kumaran
26 Shri P. M. Kunhiraman Nambiar
27 ,, P. V. Kunhunni Nair
28 ,, P. K. Kunjachan
29 ,, K. V. Narayanan
30 ,, P. K. Narayanan Nambiar
31 ,, T. C. Narayanan Nambiar
32 ,, P. Narayanan Thampi
33 ,, N. Neelakantaru Pandarathil
34 ,, P. C. Raghavan Nair
35 ,, T. K. Ramakrishnan
36 ,, A. K. Ramankutty
37 ,, P. Ramunni Kurup
38 ,, P. Ravindran
39 ,, E. M. Sankaran Namboodiripad
40 ,, Ponnara Sreedhar
41 ,, P. S. Srinivasan
42 ,, R. Sugathan
43 ,, M. M. Sundaram
44 ,, M. V. Vasu
45 ,, P. Viswambharan

NEUTRALS 8

1 Shri P. Abudl Majeed
2 ,, M. P. M. Ahammed Kurikkal
3 ,, K. Avukadarkutty Naha
4 Shri M. Chadayan
5 ,, K. Hassan Gani
6 ,, C. M. Kutty
7 ,, K. Moideenkutty Haje●
8 ,, V. P. C. Thangal

LIBRARY ARCHIVES Kerala Legislative Assembly

**Mr. Speaker :** For the motion—64

Against the motion—45

Neutrals—8

The motion is adopted and the Bill is passed.

The House will now adjourn and meet again at 8 a. m. tomorrow, the 31st March, 1964.

The Assembly adjourned at 1·10 p. m. to meet again at 8 a. m. on Tuesday, the 31st March, 1964.

LIBRARY ARCHIVES Kerala Legislative Assembly